● 2024 ● നവംബർ - ഡിസംബർ ● പുസ്തകം: 07 ● ലക്കം: 06 ● RNI Regn No: KERMAL/2017/73545 ● വാർഷിക വരിസംഖ്യ: ₹ 60

താമരശ്ശേരി രൂപതാ മുഖപത്രം

മലബാർ വിഷൻ



ക്രിസ്മസ്: മനുഷ്യ മഹത്വത്തിന്റെ പ്രഘോഷണം
പേജ് 07



മലയിറങ്ങുന്ന മലയോര ജനത
പേജ് 06

ഭരണഘടനയ്ക്കും മീതെ വഖഫ് നീരാളി
പേജ് 05



# ക്രിസ്ത്യാനിക്ക് സ്വത്വബോധം നഷ്ടപ്പെട്ടുവോ?

**ജനസംഖ്യാശോഷണം മാത്രമാണോ ക്രൈസ്തവ സമൂഹം നേരിടുന്ന വെല്ലുവിളി? രാഷ്ട്രീയ, സാമൂഹിക, കലാ, കായിക, ശാസ്ത്ര, സാങ്കേതിക, സാംസ്കാരിക രംഗങ്ങളിലെല്ലാം ക്രൈസ്തവ സാന്നിധ്യം നിഷ്പ്രഭമായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ കാരണങ്ങൾ വിശകലനം ചെയ്യുന്നു**

## കവർ സ്റ്റോറി



അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ



ക്രൈസ്തവ വിശ്വാസം അസ്തിത്വപരമായ വലിയ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. നമ്മുടെ കുടുംബങ്ങളും യുവജനങ്ങളും കുട്ടികളും മാതാപിതാക്കളും സന്യാസവും പൗരോഹിത്യവും പോലും വലിയ വെല്ലുവിളികളെയാണ് അഭിമുഖീകരിക്കുന്നത്. സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക, ഭൗതിക, ആത്മീയ മണ്ഡലങ്ങളിലെല്ലാം വെല്ലുവിളികൾ ഉയർത്തപ്പെടുന്നു.

കാലചക്രത്തിന്റെ കറക്കത്തിൽ സംഭവിക്കുന്ന ഒരു സ്വാഭാവിക പ്രതിഭാസമായി ഇതിനെ വിലകുറച്ചു കാണുവാനോ, വെറുതെ അവഗണിച്ചു തള്ളുവാനോ നമുക്കാവില്ല. വിശ്വാസത്യാഗം എന്ന പ്രതിഭാസത്തിന് ഗതിവേഗം കൂടി വരുന്നു. പ്രലോഭനങ്ങളും വഞ്ചന നിറഞ്ഞ ആശയങ്ങളും മതപീഡനങ്ങളും അത്യാധുനികവൽക്കരണത്തിന്റെ അതിപ്രസരവുമെല്ലാം വിശ്വാസ വ്യാപ്തിയില്ലാത്ത തലമുറയെ ക്രിസ്തുവിൽ നിന്നും സഭയിൽ നിന്നും അകറ്റുന്നു. ഇതോടൊപ്പം മതരാഷ്ട്രവാദങ്ങളും തീവ്രദേശീയവാദവും മതതീവ്രവാദവും നിരീശ്വര-യുക്തി ചിന്തകളും നവലിബറൽ സോഷ്യലിസ്റ്റ് മതേതര ചിന്തകൾ കൂടിയാകുമ്പോൾ കാര്യങ്ങൾ ഗൗരവതരമാകുന്നു.

ക്രൈസ്തവ സമൂഹം ഇന്ന് നേരിടുന്ന വെല്ലുവിളി കേവലം ജനസംഖ്യാശോഷണത്തിലേക്ക് ചുരുക്കുന്നത് ശരിയല്ല. രാഷ്ട്രീയ, സമൂഹിക, കലാ-സാഹിത്യ, ശാസ്ത്ര, സാങ്കേതിക, സാംസ്കാരിക, പൊതുപ്രവർത്തന മേഖലകളിലെല്ലാം ക്രൈസ്തവർ ശൂന്യമാക്കപ്പെട്ടുകഴിഞ്ഞു. യേശുക്രിസ്തു ഭരമേൽപ്പിച്ച സുവിശേഷ പ്രഘോഷണ ദൗത്യത്തിൽ നിന്നു പിൻമാറി പണത്തിനും ജീവിതസുഖത്തിനും വേണ്ടി മാത്രം ജീവിക്കാൻ ആരംഭിച്ചപ്പോൾ എന്നും ജനസംഖ്യയിൽ ശുഷ്ക്കമായിരുന്നുവെങ്കിലും മേൽപ്പറഞ്ഞ എല്ലാ മേഖലകളിലും തങ്ങളുടെ സാന്നിധ്യം അറിയിച്ചിരുന്ന ക്രൈസ്തവ സമൂഹം നിഷ്പ്രഭമാക്കപ്പെട്ടു. അതിലേക്ക് നയിച്ച കാര്യങ്ങൾ ഈ ലേഖനത്തിൽ വിശദമായി പരിശോധിക്കുകയാണ്.

3, 4 പേജുകളിൽ തുടരുന്നു ▸

രൂപതാ വാർത്തകളും സഭാ വാർത്തകളും തൽസമയം അറിയുവാനായി QR കോഡ് സ്കാൻ ചെയ്യൂ

സ്റ്റാറ്റസ് വീഡിയോകൾക്കായി WAVES MEDIA Youtube ചാനൽ സന്ദർശിക്കൂ

JEREMIAH INTERNATIONAL ACADEMY
Jeremiah International Academy – Mentoring The Future
OET IELTS
GERMAN | MOH | HAAD | CBT | PROMETRIC | NCLEX-RN | STUDY ABROAD | PLACEMENT ASSISTANCE
8943 318 152
6235 318 152
KOCHI | KOZHIKODE | KOTTAYAM | WAYANAD
MYSORE & BANGALORE

## എഡിറ്റോറിയൽ

● പുസ്തകം: 7 ● ലക്കം: 6

മലബാർ വിഷൻ

# പ്രത്യാശയുടെ വിളക്കുമരം

നിരവധി അക്കാദമി അവാർഡുകളും ഗോൾഡൻ ഗ്ലോബ് അവാർഡുകളും വാരിക്കൂട്ടിയ സ്റ്റീവൻ സ്പീൽബർഗിന്റെ മനോഹര ചലച്ചിത്രമാണ് ഷിൻഡ്‌ലേർസ് ലിസ്റ്റ്. ആയിരത്തിലേറെ യഹൂദരെ ഷോ ആഹ് കൂട്ടക്കൊലയിൽ നിന്നും രക്ഷപ്പെടുത്തിയ ജർമൻ വ്യവസായി ഓസ്കാർ ഷിൻഡ്‌ലറിന്റെ സാഹസികത വർണ്ണിക്കുന്ന സിനിമയാണിത്. ഷിൻഡ്‌ലർ അന്തരിച്ചിട്ട് അൻപതു വർഷമായി. ക്രിസ്തു പിറന്ന വിശുദ്ധനാട് അശാന്തമായി തുടരുമ്പോൾ ഓർമ്മിക്കപ്പെടുന്ന മുഖമാണിദ്ദേഹത്തിന്റേത്. ഒക്ടോബർ ഏഴിന് ഇസ്രായേലിനെതിരെ ഹമാസ് നടത്തിയ അക്രമണത്തിന് ഒരു വർഷം തികഞ്ഞു. യുദ്ധവും അക്രമവും തകർക്കുന്ന ഇന്നത്തെ ലോകത്ത്, ആഗതമാകുന്ന ക്രിസ്മസ് പ്രത്യാശയുടെ വിളക്കുമരമാണ്.

ആയിരങ്ങളെ ജീവിതത്തിലേക്ക് നയിച്ച ഓസ്കാർ ഷിൻഡ്‌ലറിന്റെ ജീവിതവും പരിശുദ്ധ അമ്മയുടേയും വിശുദ്ധ യൗസേപ്പിതാവിന്റേയും ജീവിതവും രണ്ട് ഗുണങ്ങൾ വരച്ചു കാണിക്കുന്നുണ്ട് – ഉത്തരവാദിത്വം ഏറ്റെടുക്കലും, സാഹസികതയും. ഡാനിഷ് തത്വചിന്തകൻ കീർക്കെഗാഡ് സൂചിപ്പിച്ചതുപോലെ 'തുനിഞ്ഞാൽ നൈമിഷികമായി കാലിടറാം, എന്നാൽ തുനിയാതിരുന്നാൽ എന്നേക്കുമായി കാലിടറിയേക്കാം.' ദൈവത്തിന്റെ രക്ഷാകര കർമ്മത്തിൽ പരിശുദ്ധ മറിയവും യൗസേപ്പിതാവും സഹകരിച്ചപ്പോൾ മനുഷ്യവർഗ്ഗം മുഴുവൻ രക്ഷയുടെ മംഗളവാർത്തായാൽ പൂരിതമായി. അവർ ദൈവം ഭരമേൽപിച്ച ഉത്തരവാദിത്വങ്ങൾ സംതൃപ്തിയോടും ധീരതയോടും കൂടി നിറവേറ്റിയപ്പോൾ മാനവകുലത്തിന് മുഴുവൻ അനുഗ്രഹമായി.

മുഖപ്രസംഗം ചിത്രീകരണം കാണാൻ QR കോഡ് സ്കാൻ ചെയ്യൂ

ഹെൻറി ഡി ലുബാക് സഭയുടെ മഹിമ എന്ന കൃതിയിൽ ലോകത്തിന്റെ കണ്ണുകളിൽ നിന്ന് മറഞ്ഞ് ജീവിക്കുന്ന ക്രൈസ്തവരെക്കുറിച്ച് എഴുതിയിട്ടുണ്ട്. അവരുടെ മഹത്തായ സംഭാവന, ഈ ലോകം ഒരു നരകമല്ല എന്നു കാട്ടികൊടുക്കലും, ജനങ്ങളിൽ പ്രത്യാശ കൊണ്ടുവരലുമാണ്.

പിറവിത്തിരുന്നാളിന് ഒരുങ്ങുന്ന നമുക്ക് പരിശുദ്ധ മറിയവും യൗസേപ്പിതാവും മാതൃകയാകണം. തങ്ങളുടെ ജീവിതത്തെ കീഴ്മേൽ മറിക്കുന്ന സഹനങ്ങളെ മറിയവും യൗസേപ്പിതാവും അനുഗ്രഹമാക്കിയത് ധീരതയോടെ ദൈവീക പദ്ധതിയുടെ മുൻപിൽ ശിരസുനമിച്ചാണ്. യുദ്ധങ്ങളും കെടുതികളും അക്രമണങ്ങളും വർദ്ധിച്ചു വരുന്ന ഈ ദിനങ്ങളിൽ നന്മയ്ക്ക് മുളപൊട്ടാനുള്ള മണ്ണ് നമ്മുക്ക് ഒരുക്കി കൊടുക്കാം. നന്മയെ പരിപോഷിപ്പിച്ച് സന്മനസുള്ളവരുടെ ഇടം ഒരുക്കാം.

# അതിജീവനത്തിന്റെ സുവിശേഷം

## ഇടയശബ്ദം



മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

സ്നേഹത്തിന്റെയും കരുണയുടെയും കാലാതീത സന്ദേശം ഓർമ്മപ്പെടുത്തി ക്രിസ്മസ് ആഗതമാവുകയാണ്. പരസ്പര വൈരത്തിന്റെയും സംഘർഷത്തിന്റെയും അക്രമങ്ങളുടേയും കഥകൾ എങ്ങും നിറയുമ്പോൾ ക്രിസ്മസിന്റെ സന്ദേശം അത്രമേൽ പ്രസക്തമാകുന്നു. ദൈവമായിരുന്നിട്ടും ദൈവത്തോടുള്ള സമാനത കൈവെടിഞ്ഞ് ദാസന്റെ രൂപം സ്വീകരിച്ച ഈശോ, നമ്മുടെ ജീവിതം നമുക്കുവേണ്ടി മാത്രമല്ലെന്നും അനേകരിലേക്ക് നിസ്വാർത്ഥസ്നേഹം പകരാനുള്ളതുകൂടിയാണെന്നും പഠിപ്പിക്കുന്നു. വിനയത്തിന്റെ നനവുണ്ടെങ്കിലേ ജീവിതവൃക്ഷം പ്രകാശത്തിലേക്ക് വളരൂ. മതിലുകൾ ഉണ്ടാക്കാനല്ല, മനസ്സ് ആകാശത്തോളം തുറന്നു വയ്ക്കാനാണ് ക്രിസ്തു പഠിപ്പിക്കുന്നത്.

ഇടയശബ്ദം ചിത്രീകരണം കാണാൻ QR കോഡ് സ്കാൻ ചെയ്യൂ

ഇരുപത്തിയഞ്ചു നോമ്പിലൂടെ നാം കടന്നു പോകുവാൻ ഒരുങ്ങുമ്പോൾ തിരുപ്പിറവിയുടെ ബാഹ്യമായ ആഘോഷങ്ങൾക്കുള്ള ഒരുക്കത്തേക്കാളുപരി ഹൃദയത്തിൽ അവിടുത്തേക്ക് പിറക്കുവാൻ ഇടമൊരുക്കാം. നാം ഇന്നുമുതൽ പ്രാർത്ഥിക്കേണ്ടത് നമ്മുടെ ഇഷ്ടങ്ങൾ നിറവേറാൻ അല്ല, മറിച്ച് ദൈവേഷ്ടം നമ്മിൽ നിറവേറാനാണ്. നമ്മുടെ സ്വപ്നങ്ങൾ ഉപേക്ഷിച്ച് ദൈവസ്വപ്നങ്ങൾ സ്വന്തമാക്കുക എന്നത് വളരെ ത്യാഗം ആവശ്യപ്പെടുന്നതാണ്. പരിശുദ്ധ മറിയവും യൗസേപ്പിതാവും പുഞ്ചിരിയോടെ തങ്ങളുടെ ഇഷ്ടങ്ങൾ ഉപേക്ഷിച്ച് ദൈവേഷ്ടവഴിയെ യാത്ര ചെയ്യുകയാണ്. അത് അവർക്ക് മാത്രമല്ല ലോകത്തിനു മുഴുവൻ അനുഗ്രഹമാകുന്നു.

ക്രിസ്ത്യാനിയുടെ സ്വത്വബോധം നഷ്ടപ്പെടുന്നതിന്റെ ഭീതിജനകമായ വിവരങ്ങൾ ഈ ലക്കം 'മലബാർ വിഷൻ' പ്രസിദ്ധീകരിച്ചിരിക്കുന്നു. അത് നമ്മുടെ കണ്ണുകളെ തുറപ്പിക്കേണ്ടിയിരിക്കുന്നു. ഒരു കാലത്ത് കേരളത്തിലെ പ്രബലമായ സമുദായമായിരുന്ന നമ്മൾ വലിയൊരു തളർച്ചയെ അഭിമുഖീകരിക്കുകയാണ്. കുടുംബങ്ങളിൽ മക്കളുടെ എണ്ണം കുറഞ്ഞതോടുകൂടി നമ്മുടെ സമുദായത്തിന്റെ എല്ലാ തലങ്ങളിലുമുള്ള വളർച്ചയിൽ കുറവു ശ്രദ്ധിക്കപ്പെടുന്നുണ്ട്. ജീവിതം കരുപ്പിടിപ്പിക്കാൻ പിറന്ന നാടിനെ ഉപേക്ഷിച്ചുള്ള യാത്രകൾ നമ്മുടെ തായ്‌വേരുകൾ അറുത്തു മാറ്റുന്നതിന് സമാനമാണ്. പുതുതലമുറ വിശ്വാസ ജീവിതത്തിൽ നിന്ന് അകന്നുപോകുന്നതും നാം ഒറ്റക്കെട്ടായി പരിഹരിക്കേണ്ട പോരായ്മയാണ്. ദൈവീക പദ്ധതികളോട് ഓരോ കുടുംബവും വ്യക്തിയും സഹകരിക്കേണ്ടതുണ്ട്.

ദൈവത്തിന്റെ രക്ഷാകരപദ്ധതിയോട് അത്രമേൽ സഹകരിച്ച പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പും പഠിപ്പിക്കുന്നത് ജീവിക്കുക എന്നാൽ പോരാടുക എന്നതാണ്. ജീവിതപ്രതിസന്ധികളിൽ കരയേണ്ടവരല്ല ക്രിസ്ത്യാനിയെന്ന് ഇവർ ബോധ്യപ്പെടുത്തുന്നു. പരിഭവങ്ങളല്ല, പ്രതിവിധികളാണ് മാതാവും യൗസേപ്പിതാവും സൃഷ്ടിച്ചത്. ജീവിതത്തിലെ സഹനങ്ങളോടും വ്യഥകളോടും പ്രതികരിക്കേണ്ടത് കൃപയുടെ ഭാഷയിലാണ്.

നമ്മുടെ ചുറ്റും സദ്വാർത്തകളല്ല ഇപ്പോൾ നിറയുന്നത്. ഇവിടെ തളരാതെ തിരുപ്പിറവിയ്ക്കായി ദൈവേഷ്ടമനുസരിച്ച് ജീവിച്ച്, അതിജീവനത്തിന്റെ മാതൃക സ്വന്തമാക്കി നമുക്കൊരുങ്ങാം.

# വാക്ക് – ജീവനും മരണവും

## അകം പുറം



കെ.എഫ്. ജോർജ്

ബുദ്ധചരിതത്തിൽ അംഗുലിമാലൻ എന്ന കഥാപാത്രമുണ്ട്. കാനനവാസിയായ അംഗുലിമാലൻ യാത്രക്കാരെ കൊള്ളയടിക്കുക മാത്രമല്ല, പേരു സൂചിപ്പിക്കുന്നതുപോലെ അവരുടെ കയ്യിലെ ചെറുവിരലുകൾ അറുത്തെടുത്ത് മാലകോർത്ത് അണിയുന്നതും ഹരമാക്കിയ ആളായിരുന്നു.

ഒരു ദിവസം ബുദ്ധൻ ആ വഴിയെത്തിയപ്പോൾ അനങ്ങരുതെന്ന് അംഗുലിമാലൻ ആജ്ഞാപിച്ചു. 'ഞാൻ നിശ്ചലനായി നിൽക്കുകയാണ്. നീയല്ലേ ചലിച്ചുകൊണ്ടിരിക്കുന്നത്.' എന്നു ബുദ്ധന്റെ മറുപടി.

ഇത് അംഗുലിമാലനെ കുപിതനാക്കി. ബുദ്ധൻ തുടർന്നു 'എന്റെ കുഞ്ഞേ, നിന്റെ മനസിന്റെ ചാഞ്ചല്യത്തിന് ഒരു വിശ്രമം നീ കണ്ടെത്തേണ്ടിയിരിക്കുന്നു.'

ഹോ, ഈ സന്യാസി എന്നെ കുഞ്ഞേ എന്ന് വിളിക്കുന്നല്ലോ! സത്യത്തിൽ അങ്ങനെ കരുതുന്നുണ്ടോ? ഇങ്ങനെ ചിന്തിച്ചിട്ട് ശബ്ദം ഉയർത്തി അംഗുലിമാലൻ പറഞ്ഞു: 'ഞാൻ ആരാണെന്നറിയാമോ? എനിക്ക് ആവശ്യം ആ ചെറുവിരലുകളാണ്. അതിനൊപ്പം ആ ജീവനും ഞാനെടുക്കും.

ബുദ്ധൻ ശാന്തനായ് പറഞ്ഞു: 'അങ്ങനെ നിനക്ക് മനസമാധാനം കിട്ടുമെങ്കിൽ തീർച്ചയായും അതുംകൂടി എടുത്തുകൊള്ളുക.

ഇത്രയും ശാന്തനായ, കരുണാമയനായ ഒരാളെ ജീവിതത്തിൽ ആദ്യം കാണുകയാണ്. അയാൾ ബുദ്ധന്റെ കാൽക്കൽ പ്രണമിച്ചുകൊണ്ടു പറഞ്ഞു: 'പ്രഭോ, ഇനി ഞാൻ ആരെയും ഹിംസിക്കുകയില്ല.' മനഃപരിവർത്തനം ഉണ്ടായ അവൻ അതോടെ ബുദ്ധശിഷ്യനായി.

അലിവുള്ള വാക്കും അതിനു ചേർന്ന പെരുമാറ്റവും എത്രമാത്രം കലങ്ങിയ മനസിനെയും തെളിനീർ അരുവിയാക്കും. തിരിച്ചാണെങ്കിൽ യൂദാസിന്റെ അവസ്ഥയാകും. നിഷ്ക്കളങ്ക രക്തത്തെ ഒറ്റിക്കൊടുത്തെന്ന കുറ്റബോധത്തിൽ തകർന്ന് മുപ്പതു വെള്ളി നാണയങ്ങൾ തിരിച്ചുകൊടുത്ത് ഒറ്റിക്കൊടുക്കൽ കരാർ റദ്ദാക്കിക്കിട്ടാനാണ് അയാൾ തിരിച്ചു ദേവാലയത്തിൽ എത്തുന്നത്. 'അതിനു ഞങ്ങൾക്കെന്ത്? അതു നിന്റെ കാര്യമാണ്.' എന്ന പ്രമാണിമാരുടെ ക്രൂര മറുപടി കേട്ടതോടെ നാണയം വലിച്ചെറിഞ്ഞ് തൂങ്ങിച്ചാകുകയല്ലാതെ മറ്റൊരു വഴിയും അയാൾക്കില്ലാതായി.

വാൾകൊണ്ടുള്ള മുറിവ് കാലക്രമത്തിൽ കരിഞ്ഞേക്കാം. വാക്കുകൊണ്ടുള്ള മുറിവ് ഇടയ്ക്കിടെ ചോര ഒലിപ്പിച്ചുകൊണ്ട് ഉണങ്ങാതെ നീറിക്കിടക്കും. ചിലപ്പോൾ ആ മുറിവ് തലമുറകളിലേക്ക് കൈമാറിപ്പോകും.

കുത്തുവാക്കുകൾ പറയുന്നത് മിടുക്കാണെന്നു കരുതുന്നവരുണ്ട്. അതേ ശൈലിയിൽ മറുപടി പറയാത്ത സമാധാന പ്രേമികളെ ഈ ഭോഷന്മാർ മണ്ടന്മാരെന്നു മുദ്രകുത്തിക്കളയും.

ജീവനെ നശിപ്പിക്കാനും പുലർത്താനും നാവിന് കഴിയുമെന്ന് സുഭാഷിതങ്ങളിൽ പറയുന്നതിന്റെ അർത്ഥവ്യാപ്തി കണ്ണൂരിൽ എഡിഎമ്മിനു നൽകിയ യാത്രയയപ്പു യോഗത്തിൽ കണ്ടു. അനാവശ്യവും ധാർഷ്ട്യം നിറഞ്ഞതുമായ പരാമർശം ഒരു ജീവനെ ഇല്ലാതാക്കി.

ഹൃദ്യമായ വാക്ക് തേനറപോലെയാണ്. അത് ആത്മാവിന് മധുരവും ശരീരത്തിന് ആരോഗ്യപ്രദവുമാണെന്ന് നമ്മൾ വായിക്കുന്നു. പറയുന്ന ഓരോ വ്യർത്ഥവാക്കിനും വിധിദിവസം കണക്കുകൊടുക്കേണ്ടി വരുമെന്ന യേശുവിന്റെ മുന്നറിയിപ്പ് വാക്കുകളുടെ പ്രാധാന്യത്തിന് അടിവരയിടുന്നു.

കരുണയുള്ള വാക്കുകളെ പുഷ്പങ്ങളായാണ് ഭാഗവത പുരാണത്തിൽ വിശേഷിപ്പിക്കുന്നത്. അത് ചുറ്റും സുഗന്ധവും ഉന്മേഷവും പ്രസരിപ്പിക്കുന്നു.

ജീവിതത്തെ സ്വാധീനിച്ചവരുടെ ലിസ്റ്റ് എടുക്കുക. ശാസിച്ചവരെക്കാൾ കരുണ ചൊരിഞ്ഞവരുടെയും വഴി തിരിച്ചുവിട്ടവരുടെയും മുഖങ്ങളായിരിക്കും കൂടുതൽ തെളിഞ്ഞു വരിക. അടിച്ചു പഠിപ്പിച്ച അധ്യാപകരേക്കാൾ കരുണകാട്ടിയ ഗുരുക്കന്മാരെ ഓർത്തിരിക്കും.

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ യേശു വിധിക്കുന്നില്ല. കല്ലെറിയാൻ എത്തിയവരുടെ ആക്രോശങ്ങൾക്കും യേശുവിന്റെ മൗനത്തിനും ഇടയിലുള്ള അൽപസമയംകൊണ്ട് അവൾ മാനസാന്തരപ്പെട്ടു കഴിഞ്ഞിരുന്നു. വിധിക്കപ്പുറമുള്ള ആദയയും കരുതലിന്റെ സ്നേഹവും അനുഭവിച്ച അവൾക്കിനി പാപം ചെയ്യാനാവില്ല.

ധരിക്കുന്ന വസ്ത്രത്തെക്കാൾ ഉപയോഗിക്കുന്ന ഭാഷയും അത് അവതരിപ്പിക്കുന്ന രീതിയുമാണ് ഒരാളെ സമൂഹത്തിൽ രേഖപ്പെടുത്തുന്നത്. ഒരാൾ എന്നത് അയാളുടെ ഭാഷയാണ് എന്ന് എഴുത്തുകാരനും സാമൂഹിക വിമർശകനുമായ എം. എൻ. കാരശ്ശേരി അഭിപ്രായപ്പെടുകയുണ്ടായി.

ഏഷണിക്കാരന്റെ വാക്കുകൾ സ്വാദുള്ള അപ്പക്കഷ്ണങ്ങളായാണ് സുഭാഷിതങ്ങൾ വിശേഷിപ്പിക്കുന്നത്. ഈ അപ്പമുണ്ടാക്കാൻ കഷ്ടപ്പെടേണ്ടതില്ല. സൗജന്യമായി കിട്ടിയ ഉടനെ വിതരണം ചെയ്യാൻ ഫോണും സമൂഹമാധ്യമങ്ങളും കൈപ്പിടിയിലുണ്ടുതാനും. ഇതുതെറ്റാണെന്ന വിചാരം പോലും കാലഹരണപ്പെട്ടിരിക്കുന്നു.

# നിഷ്പ്രഭമാക്കപ്പെടുന്ന ക്രൈസ്തവ സമൂഹം

**വിശക്കുന്നവരോടു ഞാൻ പ്രാർത്ഥിക്കാം എന്നു മറുപടി പറയുന്നതിന് പകരം മേലാൽ അവൻ വിശപ്പിന്റെ പേരിൽ ആരുടെയും മുമ്പിൽ കൈ നീട്ടാതിരിക്കാനുള്ള പദ്ധതികളാണ് നാം ആവിഷ്ക്കരിക്കേണ്ടത്.**

▸ പേജ് ഒന്നിൽ നിന്ന് തുടർച്ച

## വിദേശ ചേക്കേറൽ പെരുകുമ്പോൾ

വിദേശ രാജ്യങ്ങളിലേക്കുള്ള അനിയന്ത്രിതമായ ഒഴുക്ക് തറവാട്ടിൽ നിന്നു നമ്മെ ഇല്ലാതാക്കുന്നു. കുടിയേറ്റത്തിന്റെ അടിസ്ഥാന തത്ത്വങ്ങളായ സന്താനവർദ്ധനവും പ്രേക്ഷിത പ്രവർത്തനവും സ്വദേശത്തിന്റെയും സമുദായത്തിന്റെയും ശാക്തീകരണവും ഒന്നും ഇന്നത്തെ കുടിയേറ്റത്തിലൂടെ നടക്കുന്നില്ല. കുടുംബങ്ങൾക്കും ദേശങ്ങൾക്കും നഷ്ടമാകുമ്പോഴും ദൈവരാജ്യത്തിന് സംലഭ്യമാകുന്ന കുടിയേറ്റത്തെ മാത്രമേ പ്രോത്സാഹിപ്പിക്കാവൂ.

മുമ്പ് കേന്ദ്ര–സംസ്ഥാന രാഷ്ട്രീയത്തിൽ നിർണായക സ്വാധീനമുണ്ടായിരുന്ന ക്രൈസ്തവ സമൂഹത്തെ ഇന്ന് രാഷ്ട്രീയത്തിൽ കാണാനില്ല. രാഷ്ട്രീയത്തിലെ പങ്കാളിത്തം ശുഷ്ക്കമായി. കുടിയേറ്റത്തിന്റെ ദൂഷ്യവശമായി വേണം ഇതിനെ കാണാൻ.

ക്രൈസ്തവ സമൂഹത്തിന്റെ കൈവശമുണ്ടായിരുന്ന ഭൂമിയുടെ അളവ് ഗണ്യമായി കുറയുന്നതും വിദേശ കുടിയേറ്റം മൂലമാണ്. തലമുറകൾ കാത്തുസൂക്ഷിച്ച ഭൂമി വിറ്റുപെറുക്കി കുടിയേറുമ്പോൾ നാളെ ഒരു തിരിച്ചു വരവ് വേണ്ടിവന്നാൽ അത് വിഷമസന്ധിയാകും.

സർക്കാർ ജോലികളിൽ ക്രൈസ്തവരുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. പിഎസ്സി പോലുള്ള മത്സര പരീക്ഷകൾക്കായി തയ്യാറെടുക്കുവാൻ പല യുവാക്കൾക്കും താൽപര്യമില്ലാതായിരിക്കുന്നു.

സർക്കാർ മേഖലകളിലെ സാധ്യതക്കുറവുകളും പിൻവാതിൽ നിയമനങ്ങളും സ്വജനപക്ഷപാതവും തൊഴിലില്ലായ്മ രൂക്ഷമാക്കുകയാണ്. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് നിലനിൽപ്പിനായി പോലും ഒരു തൊഴിൽ കിട്ടാത്ത നാടായി കേരളം മാറിയിരിക്കുന്നു. കാർഷിക, പാരമ്പര്യ മേഖലകളിലെ തകർച്ചകൂടിയായപ്പോൾ കാര്യങ്ങൾ കൈവിട്ടുപോയി. വിദേശ കുടിയേറ്റത്തിന്റെ പ്രധാന കാരണം ഇതൊക്കെ തന്നെയാണ്.

കലാ–കായിക മേഖലകളിലും ക്രൈസ്തവരുടെ സാന്നിധ്യം കുറയുന്നുണ്ട്. സിനിമയിലും ദൃശ്യമാധ്യമങ്ങളിലും സമൂഹമാധ്യമങ്ങളിലും ക്രൈസ്തവ വിശ്വാസത്തെ കരിവാരിത്തേക്കുവാനുള്ള ബോധപൂർവമായ ശ്രമങ്ങൾ വർദ്ധിച്ചിരിക്കുന്നു. ഈ മേഖലകളിൽ ക്രിസ്തുവിന് സാക്ഷ്യമാകേണ്ടവരുടെ എണ്ണം കുറഞ്ഞത് കുടിയേറ്റം കൊണ്ടുതന്നെ. അത് സമുദായത്തിനുണ്ടാക്കുന്നത് നികത്താനാവാത്ത നഷ്ടമാണ്.

## പുതിയകാലം, പുതിയ ചിന്തകൾ

കുടുംബത്തെയും കുടുംബജീവിതത്തെയും തകർക്കുന്ന നവലിബറൽ ചിന്തകളും ആശയങ്ങളും ഇന്നത്തെ യുവതലമുറയെ വല്ലാതെ സ്വാധീനിക്കുന്നുണ്ട്. വിവാഹവും കുടുംബജീവിതവും മക്കളുമെല്ലാം വലിയ ബാധ്യതകളാണെന്നും ലിവിങ് ടുഗെതർ പോലുള്ള സാധ്യതകളിലൂടെ അതിനെ മറികടക്കാമെന്നും പ്രചരിപ്പിക്കുന്ന പ്രസ്ഥാനങ്ങൾ യുവജനതയെ പ്രലോഭിപ്പിക്കുന്നു. ഇത്തരം പ്രസ്ഥാനങ്ങൾക്ക് ഇന്ന് ഗ്രാമങ്ങളിൽപോലും വേരുകളുണ്ടെന്നുള്ളത് നടുക്കുന്ന യാഥാർത്ഥ്യമാണ്. വിവാഹപ്രായം കഴിഞ്ഞിട്ടും വിവാഹമേ വേണ്ട എന്ന തീരുമാനമെടുത്ത പെൺകുട്ടികളെക്കുറിച്ചുള്ള പഠനം ഇക്കാര്യങ്ങൾ സ്ഥിരീകരിക്കാൻ ഉപകരിക്കും.

തൊഴിലും വരുമാനവും ഉറപ്പാക്കി മാത്രം വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുവാൻ കാത്തിരിക്കുന്ന യുവാക്കന്മാരുടെ മനോഭാവം പെൺകുട്ടികളുടെ വിവാഹപ്രായത്തെയും ബാധിക്കുന്നു. സമ്പത്ത് മാത്രമാണ് കുടുംബജീവിതത്തിന്റെ അടിസ്ഥാനം എന്ന ചിന്തകളും വിശ്വാസ ജീവിതത്തിൽ ആഴമില്ലായ്മയും വർദ്ധിച്ചുവരുന്ന വിവാഹമോചനവുമെല്ലാം യുവാക്കളിൽ വൈവാഹിക ജീവിതത്തെക്കുറിച്ച് ഭയം ജനിപ്പിക്കുന്നു. വിശ്വാസ ജീവിതത്തിൽ ആഴപ്പെടുത്തി മാത്രമെ ഈ ഭയത്തെ ഇല്ലാതാക്കാൻ കഴിയൂ. കൂടാതെ മാതാപിതാക്കളുടെ മനോഭാവങ്ങളിലും മാറ്റങ്ങൾ സംഭവിക്കേിയിരിക്കുന്നു.

## സുവിശേഷത്തിന്റെ സാമൂഹികമാനം മറക്കരുത്

ഒരു സമൂഹത്തിന്റെ നിലനിൽപ്പിന് അത്യാവശ്യമായ ഭക്ഷണവും അതിനു വേണ്ടുന്ന തൊഴിലും സംരക്ഷിക്കുന്നതിലും ഉറപ്പുവരുത്തുന്നതിലും നമുക്ക് വീഴ്ച പറ്റിയിട്ടുണ്ട്.

പള്ളിയോടൊപ്പം തൊഴിൽശാലകൾ ആരംഭിക്കുവാൻ നമുക്ക് സാധിക്കണം. കാർഷിക, മത്സ്യബന്ധന മേഖലകളെ ഉണർത്താൻ ഒരു നൂതന വിപ്ലവത്തിന് നാം തുടക്കം കുറിക്കണം. വിശക്കുന്നവരോടു ഞാൻ പ്രാർത്ഥിക്കാം എന്നു മറുപടി പറയുന്നതിന് പകരം മേലാൽ അവൻ വിശപ്പിന്റെ പേരിൽ ആരുടെയും മുമ്പിൽ കൈ നീട്ടാതിരിക്കാനുള്ള പദ്ധതികളാണ് നാം ആവിഷ്ക്കരിക്കേണ്ടത്.

## ഹൃദയത്തിൽ തീയുള്ള സുവിശേഷകരുടെ അഭാവം

ആഗോള സഭയിലും കേരള സഭയിലും ചില കാലഘട്ടങ്ങളിൽ ചെറിയ ശോഷണങ്ങൾ കാണാറുണ്ട്. അന്നൊക്കെ അതിനെ ഇല്ലാതാക്കി, സഭയെയും വിശ്വാസ സമൂഹത്തെയും ബലപ്പെടുത്തുവാൻ ധാരാളം സുവിശേഷകർ ഉണർന്നിരുന്നു.

എന്നാൽ, ഇന്ന് അത്തരത്തിലുള്ള ഒരാളെ പോലും കാണാനാകുന്നില്ല. തീക്ഷ്ണതയുള്ള മിഷണറിമാരുടെ അഭാവം വലിയ രീതിയിൽ സഭയെയും സമുദായത്തെയും ബാധിക്കുന്നുണ്ട്.

പേജ് നാലിൽ തുടരുന്നു ▸



# ക്രൈസ്തവർ ഉണരണം

**സഭയും സമുദായവും ഒന്നിച്ച് ഉണരണം. നമ്മുടെ മുൻഗണനകൾ മാറ്റപ്പെടണം. രാഷ്ട്രനിർമിതിയോടൊപ്പം അതിലും തീവ്രമായി ദൈവരാജ്യ നിർമിതിക്കായി നാം അദ്ധ്വാനിക്കണം.**

▸ പേജ് മൂന്നിൽ നിന്ന് തുടർച്ച

ലോകം ഒന്നാകെ ക്രൈസ്തവ വിശ്വാസത്തിനെതിരെ നീങ്ങുകയാണ്. നമ്മൾ ജീവിക്കുന്ന ദേശത്തു നിന്നു ക്രൈസ്തവ വിശ്വാസത്തെ ഇല്ലാതാക്കുവാൻ നടത്തപ്പെടുന്ന ചില നീക്കങ്ങളും ചർച്ചചെയ്യേണ്ടത് ആവശ്യമാണ്.

### മാറ്റിയെഴുതപ്പെടുന്ന ചരിത്രം

നാടിന്റെ വിദ്യാഭ്യാസ, ആതുരസേവന, സാംസ്ക്കാരിക, രാഷ്ട്രീയ, സാമ്പത്തിക, ഭൗതിക വളർച്ചയിലെല്ലാം ഉന്നതമായ സംഭാവനകൾ നൽകിയ, നൽകിക്കൊണ്ടിരിക്കുന്ന ക്രൈസ്തവ സമൂഹത്തെ ചരിത്രത്തിൽ നിന്നു മായിച്ചു കളയുവാൻ ശ്രമങ്ങൾ നടക്കുന്നുണ്ട്. ഹിന്ദി ഭാഷയും വ്യാകരണവും വിവിധ ഭാഷകൾക്ക് ലിപിയും വ്യാകരണങ്ങളും സംഭാവന ചെയ്തും, അച്ചടി പ്രസ്സുകൾ സ്ഥാപിച്ച് നിഘണ്ടു രൂപപ്പെടുത്തിയും, ലോകത്തിനു മുമ്പിൽ തല ഉയർത്തി നിൽക്കുന്ന കലാലയങ്ങൾ സ്ഥാപിച്ചും വിദ്യാഭ്യാസ വിപ്ലവം സൃഷ്ടിച്ച നമ്മുടെ സമൂഹത്തെ ഇന്ന് അവഗണിക്കുകയാണ്. ആതുര ശുശ്രൂഷാ രംഗത്ത് ഇന്ത്യയുടെ അഭിമാനമായ എയിംസ് സ്ഥാപിക്കാൻ സ്വന്തം ഭൂമി വിട്ടുനൽകി അതിനെ വളർത്തിയ രാജ്കുമാരി അമൃത് കൗറിനെപ്പോലെയുള്ളവരെയും ചാവറയച്ചനെയും മദർ തെരേസയെയും പോലെയുള്ളവരെയും ചരിത്രത്തിൽ നിന്ന് മാറ്റി നിർത്തുവാൻ ബോധപൂർവമായ ശ്രമങ്ങൾ ചില കേന്ദ്രങ്ങളിൽ നിന്ന് ഉണ്ടാകുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ നീക്കത്തെ നാം ശക്തമായി പ്രതിരോധിക്കണം.

### തുടർക്കഥയാകുന്ന പീഡനങ്ങൾ

ഇന്ത്യാ ചരിത്രത്തിലെ തന്നെ ഏറ്റവും കൊടിയ ക്രൈസ്തവ പീഡനങ്ങൾക്കാണ് രാജ്യം സാക്ഷ്യം വഹിക്കുന്നത്.



ക്രിസ്തു വിശ്വാസത്തിന്റെ അടിവേര് പറിച്ചുകളയുക എന്ന ലക്ഷ്യത്തോടെ തീവ്ര വലതുപക്ഷ, മതമൗലിക വാദികളുടെ അഴിഞ്ഞാട്ടം ഛത്തീസ്ഗഡ്, മണിപ്പൂർ, ഉത്തർപ്രദേശ്, മധ്യപ്രദേശ്, ഗുജറാത്ത് തുടങ്ങി ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും അതിഭീകരമായി നടമാടുകയാണ്. സർക്കാരുകളുടെ നിശബ്ദതയും ദുരുപയോഗം ചെയ്യുന്ന മതപരിവർത്തന നിരോധന നിയമവും ദേശീയ സുരക്ഷാ നിയമവും ഇന്ത്യയിൽ ക്രൈസ്തവർക്ക് ജീവിക്കാൻ പറ്റാത്ത സാഹചര്യം സൃഷ്ടിക്കുന്നു. കേരളത്തിൽ ക്രൈസ്തവ സമൂഹത്തെ മടിയിലിരുത്താൻ ശ്രമിക്കുമ്പോൾ തന്നെ കേരളത്തിനു പുറത്ത് ക്രിസ്ത്യാനികൾ വിദേശീയരാണെന്നും വിദേശീയ ദൈവത്തിലും മതത്തിലും വിശ്വസിക്കുന്ന വരാണെന്നും അവരെ ഇന്ത്യയിൽ നിന്ന് പുറത്താക്കണമെന്നും പ്രചരിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരുടെ ഗൂഢലക്ഷ്യം തിരിച്ചറിഞ്ഞേ തീരൂ.

ഭരണഘടനയുടെ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ട ക്രൈസ്തവ ന്യൂനപക്ഷ സ്ഥാപനങ്ങളിൽ നിന്ന് ക്രിസ്തുവിനെ അകറ്റി നിർത്താൻ ക്രൈസ്തവ സ്ഥാപനങ്ങളോടു ചേർന്നുള്ള ദേവാലയങ്ങളും ചാപ്പലുകളും പൊളിച്ചുമാറ്റിയും രൂപങ്ങളും മറ്റും എടുത്തുകളഞ്ഞും നടത്തുന്ന നീക്കങ്ങൾക്കെതിരെയുള്ള മൗനവും നമ്മുടെ നിലനിൽപ്പിന് ഭീഷണിയാണ്.

ഫാസിസം എന്ന ആശയം ശക്തിപ്രാപിക്കുന്ന ഇടങ്ങളിലെല്ലാം ക്രൈസ്തവ സമൂഹം എന്നും പീഡിപ്പിക്കപ്പെട്ടിട്ടുണ്ട്. അത്തരക്കാരുടെ ലക്ഷ്യം ക്രിസ്തുവിനെ ലോകത്തുനിന്നു തന്നെ ഇല്ലാതാക്കുയെന്നതാണ്.

### ഇസ്ലാമിക മതമൗലികവാദം

ശരിഅത്ത് നിയമത്തിൽ അടിസ്ഥാനമിട്ട മതമൗലികവാദം നിറഞ്ഞാടുന്നത് നാം ഇപ്പോൾ കണ്ടുകൊണ്ടിരിക്കുകയാണ്. അത് കേരളത്തിലെ ചില തീവ്രവാദ സംഘടനകളിലൂടെ പൂർണതയിൽ വെളിപ്പെടുന്നു. ഖിലാഫത്തിനു വേണ്ടിയുള്ള തീവ്ര നിലപാടുകാരുടെ കടന്നു വരവ് ഇന്ത്യയെ മൊത്തത്തിലും കേരളത്തെ പ്രത്യേകിച്ചും ആശങ്കപ്പെടുത്തുന്നതാണ്. മതപ്രചാരത്തിനായി ജിഹാദിൽ ഏർപ്പെട്ടിരിക്കുന്നവർ നടത്തുന്ന ലവ് ജിഹാദ്, നർക്കോട്ടിക് ജിഹാദ്, ലാൻഡ് ജിഹാദ് എന്നിവയും മറ്റ് ജിഹാദി പ്രവർത്തനങ്ങളും തള്ളിപ്പറയുവാൻ ഇസ്ലാമിക നേതൃത്വങ്ങൾ തയ്യാറാകാതിരിക്കുന്നത് കാര്യങ്ങളുടെ ഗൗരവം കൂട്ടുന്നു. ഇത്തരം കെണികളിൽപെടുന്നവരെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുവാൻ ശ്രമിക്കുന്ന ഒരു വ്യക്തി എന്ന നിലയിൽ സമൂഹത്തോടു പങ്കുവയ്ക്കാനുള്ളത് നമ്മൾ കൂടുതൽ ജാഗ്രതയുള്ളവരായിരിക്കണം. പ്രതിരോധത്തിന് വേണ്ടുന്ന കരുത്ത് നേടണം. കൂടുതൽ ബോധവൽക്കരണങ്ങൾ നടത്തണം. ജാഗ്രതാ സമിതികൾ ബലപ്പെടുത്തണം എന്നെല്ലാമാണ്. വർഗീയമായ ഒരു വേർതിരിവിനെക്കാൾ ഉപരിയായി സുവിശേഷാടിസ്ഥാനമിട്ട പ്രതിരോധമാണ് നാം തീർക്കേണ്ടത്.

### നിരീശ്വര-യുക്തി വാദങ്ങൾ

നിരീശ്വരവാദ ചിന്തകൾ എന്നും ക്രൈസ്തവ വിശ്വാസത്തിന് ഭീഷണിയാണ്. ഇന്നും ഒരു പരിധിവരെ അത് മാറ്റമില്ലാതെ തുടരുന്നു. എന്നാൽ ആധുനികവൽക്കരണത്തിന്റെ വേലിയേറ്റത്തിൽ നമ്മുടെ പുതുതലമുറ യുക്തിവാദത്തിന് പുറകെയാണ്. വിശ്വാസമില്ലാത്ത ഒരു സമൂഹമാണ് നമ്മുടെ ഇടയിൽ ജീവിക്കുന്നത് എന്ന സത്യം മനസിലാക്കി അവരിലേക്ക് നമുക്ക് ശ്രദ്ധ തിരിക്കാം.

സഭയും സമുദായവും ഒന്നിച്ച് ഉണരണം. നമ്മുടെ മുൻഗണനകൾ മാറ്റപ്പെടണം. രാഷ്ട്രനിർമിതിയോടൊപ്പം അതിലും തീവ്രമായി ദൈവരാജ്യ നിർമിതിക്കായി നാം അദ്ധ്വാനിക്കണം. സുവിശേഷത്തെപ്പറ്റി ഹൃദയത്തിൽ അഗ്നിയുള്ളവരെ വാർത്തെടുക്കുന്നതോടൊപ്പം ക്രിസ്തുവിനെപ്പോലെ സഹോദരങ്ങൾക്കും ശുശ്രൂഷകരാകാം.

# ഫാ. ജോസഫ് കാപ്പിലിന് അന്ത്യാഞ്ജലി

വിശുദ്ധനാട് വിശ്വാസികൾക്ക് പരിചയപ്പെടുത്തുവാൻ നിരവധി തവണ വിശുദ്ധനാട് യാത്രകൾ സംഘടിപ്പിച്ച ബൈബിൾ പണ്ഡിതനും താമരശ്ശേരി രൂപതാ വൈദികനുമായ ഫാ. ജോസഫ് കാപ്പിൽ നിര്യാതനായി. വാർധക്യസഹജ രോഗങ്ങളെത്തുടർന്നായിരുന്നു അന്ത്യം. അജപാലന ശുശ്രൂഷയിൽ നിന്ന് വിരമിച്ചശേഷം ഈരൂട് പ്രീസ്റ്റ് ഹോമിൽ വിശ്രമ ജീവിതം നയിച്ചു വരികയായിരുന്നു.

ക്രിസ്തുവിന്റെ വിയർപ്പും രക്തവും മണവുമുള്ള നാട്ടിലേക്ക് വിശ്വാസികളെ കൂട്ടിക്കൊണ്ടുപോകുവാനുള്ള നിയോഗം ഫാ. ജോസഫ് കാപ്പിൽ ഏറ്റെടുക്കുന്നത് 29 വർഷങ്ങൾക്ക് മുമ്പാണ്. ഇതിനോടകം 50-ൽ അധികം തവണ വിശുദ്ധനാട് യാത്രകൾ നടത്തി.

വിശ്വാസം ആഴത്തിൽ ഉറപ്പിക്കുവാൻ ഉതകുന്ന പ്രാർത്ഥനാരൂപിയിലുള്ള ആത്മീയ യാത്രയായിരുന്നു കാപ്പിലച്ചനൊപ്പമുള്ള വിശുദ്ധനാട് യാത്രകളെന്ന് ആയിരങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

തൊടുപുഴയ്ക്കടുത്ത് നെടിയശാലയിൽ ദേവസ്യ-അന്ന ദമ്പതികളുടെ മകനായി 1944-ൽ ജനിച്ചു. കുടപ്പിറപ്പുകളായി രണ്ട് സഹോദരിമാരും, ഒരു സഹോദരനും. മൂന്നു വയസുള്ളപ്പോഴാണ് കുടുംബം മലബാറിലേക്ക് പോരുന്നത്. കൂരാച്ചുണ്ടിലും കുളത്തുവയലിലുമായി സ്കൂൾ പഠനം പൂർത്തിയാക്കി. പഠനകാലത്ത് അൾത്താര ബാലനായിരുന്നു.

സ്കൂൾ പഠനം കഴിഞ്ഞ് തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി സെമിനാരിയിൽ ചേർന്നു. കുന്നോത്തും തലശേരിയിലുമായി മൈനർ സെമിനാരി പഠനം പൂർത്തിയാക്കി. മംഗലാപുരത്തായിരുന്നു ഫിലോസഫി പഠനം. തിയോളജി പഠനത്തിനായി റോമിലേക്ക് പോയി.



1970-ലെ പന്തക്കുസ്ത ദിവസം റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ പോൾ ആറാമൻ മാർപാപ്പയിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. തിയോളജിയിൽ മാസ്റ്റർ ബിരുദം നേടി തിരിച്ചെത്തി. മാനന്തവാടി ഇടവകയിൽ അസി. വികാരിയായി. ബിഷപ്പിന്റെ സെക്രട്ടറിയായും സേവനം ചെയ്തു. പിന്നീട് പെരുംപുന്ന, ഷീരാടി, നെല്ലിക്കുറ്റി, ചാപ്പൻതോട്ടം ഇടവകകളിൽ വികാരിയായി. 1985-ൽ തേക്കുംകുറ്റി വികാരിയായി. ആ സമയത്താണ് താമരശേരി രൂപത ആരംഭിക്കുന്നത്.

ലിറ്റർജി പഠിക്കാൻ 1988-ലാണ് ഫാ. ജോസഫ് കാപ്പിൽ റോമിലെത്തുന്നത്. ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയ ശേഷം 1991 ഒക്ടോബറിൽ ജറുസലേമിൽ ഒരു വർഷത്തെ ബിബ്ലിക്കൽ ഫോർമേഷൻ കോഴ്സിനു ചേർന്നു. ആഴ്ചയിൽ മൂന്നു ദിവസമായിരുന്നു ക്ലാസ്. പിന്നീടുള്ള രണ്ടു ദിവസം ബൈബിളിൽ പറയുന്ന സ്ഥലങ്ങളിലൂടെ യാത്ര. അവിടെ പ്രാർത്ഥിക്കാനും കുർബാന അർപ്പിക്കാനുമുള്ള അവസരവും ലഭിച്ചു. കോഴ്സ് പൂർത്തിയാക്കിയ ശേഷം ജെറുസലേമിലുള്ള ഫ്രാൻസിസ്കൻ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ബൈബിൾ പഠനത്തിനായി ചേർന്നു. ഒരു വർഷ കോഴ്സ് ആയിരുന്നു അത്.

1993 ഒക്ടോബറിൽ നാട്ടിൽ തിരിച്ചെത്തി. ബഥാനിയ റിന്യൂവൽ സെന്റർ ഡയറക്ടറായി നിയമിതനായി. 1994-ൽ തീർത്ഥയാത്ര സംഘടിപ്പിക്കാനുള്ള ഒരുക്കങ്ങൾ തുടങ്ങി. പിറ്റേ വർഷം 36 പേർ ഉൾപ്പെടുന്ന സംഘവുമായി റോമും വത്തിക്കാനും വിശുദ്ധനാടും ഉൾപ്പെടുന്ന വിശുദ്ധനാട് തീർത്ഥയാത്ര ഫാ. കാപ്പിൽ നടത്തി. ഇസ്രായേലിലെ അംഗീകൃത ടൂർ ഗൈഡായിരുന്നു ഫാ. കാപ്പിൽ. താമരശ്ശേരി രൂപതയുടെ പ്രൊക്യുറേറ്ററായി സേവനം ചെയ്യുമ്പോഴാണ് താമരശേരിയിൽ കത്തീഡ്രൽ നിർമിച്ചത്. പിന്നീട് പിഎംഒസിയുടെ ഡയറക്ടറായി. പ്രീസ്റ്റ് ഹോം, ബൈബിൾ അപ്പോസ്തലേറ്റ്, മതബോധനം എന്നിവയുടെ ചുമതലയും വഹിച്ചിട്ടുണ്ട്.

തുടർന്ന് താമരശേരി കത്തീഡ്രൽ വികാരിയായി. മരുതോങ്കരയിൽ വികാരിയായിരിക്കെ അവിടെ പള്ളി നിർമിച്ചു. 2009-ൽ തിരുവമ്പാടി ഫൊറോന വികാരിയായി നിയമിതനായി. തുടർന്ന് പെരിന്തൽമണ്ണ വികാരിയായി. 2012-ൽ മുക്കത്ത് വികാരിയായിരിക്കെയാണ് വിരമിക്കുന്നത്. 2024 സെപ്റ്റംബർ 28-ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തലശ്ശേരി അതിരൂപതയിലെ കോടോപ്പള്ളി സെന്റ് സെബാസ്റ്റ്യൻ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

# ഭരണഘടനയ്ക്കും മീതെ വഖഫ് നീരാളി

**'ഇനി താജ്മഹലിനും ചെങ്കോട്ടയ്ക്കും ഇന്ത്യ മുഴുവനും വേണ്ടി വഖഫ് ബോർഡ് അവകാശവാദം ഉന്നയിക്കുമോ?'**
*2024 ജൂലൈ 26 - ന് മധ്യപ്രദേശ് ഹൈക്കോടതി ജസ്റ്റിസ് ഗുർബാൽ സിങ് അഹ്‌ലുവാലിയ ചോദിച്ച ചോദ്യം*

ഇന്ത്യയിൽ സായുധസേനയും റെയിൽവേയും കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഭൂസ്വത്തുള്ളത് വഖഫിനാണ്. ഏതാണ്ട് ഒമ്പതരലക്ഷം ഏക്കർ! ഇത് ഡൽഹി സംസ്ഥാനവും ഇന്ത്യയിലെ എല്ലാ കേന്ദ്രഭരണപ്രദേശങ്ങളും ചേരുന്ന ആകെ വിസ്തീർണത്തേക്കാൾ കൂടുതലാണ്. ഗോവയുടെ വിസ്തീർണത്തേക്കാൾ കൂടുതൽ സ്ഥലം ഇന്ത്യയിൽ വഖഫ് അധീനതയിൽ ഉണ്ട്. ആ വസ്തുക്കളുടെ ഭരണത്തിലും കാര്യസ്ഥതയിലും കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിച്ചുള്ളതാണ് പുതിയ ഭേദഗതി ബിൽ.

1995 മുതൽ 32 വഖഫ് ബോർഡുകളാണ് ഇന്ത്യയിൽ നിലവിലുള്ളത്. 1995–ൽ പാസാക്കിയ നിയമമനുസരിച്ച്, യാതൊരു രേഖയുമില്ലാതെ വഖഫ് ബോർഡ് അവകാശം ഉന്നയിക്കുന്ന പ്രദേശങ്ങളിലുള്ള വസ്തുവകകളുടെ രേഖകൾ ഹാജരാക്കാൻ ബാധ്യതയുള്ളത് ആ പ്രദേശവാസികൾക്കാണ്. അവർ തെളിവുകളുമായി പോകേണ്ടത് കോടതിയിലേക്കല്ല വഖഫ് ട്രൈബ്യൂണൽ കോർട്ടിലേക്കാണ്. അത്തരം ജനദ്രോഹമായ നിയമനിർമ്മാണമാണ് മുസ്ലിം പ്രീണനത്തിൽ അതിവൈദഗ്ധ്യം തെളിയിച്ചിട്ടുള്ള കോൺഗ്രസ് സർക്കാർ അന്നു നടത്തിയത്.

ആഗസ്റ്റ് എട്ടിന് ന്യൂനപക്ഷ വകുപ്പുമന്ത്രി കിരൺ റിജിജു ലോകസഭയിൽ അവതരിപ്പിച്ച വഖഫ് നിയമ ഭേദഗതി ചൂടേറിയ ചർച്ചകൾക്ക് വഴിതുറന്നു. ഒരു വസ്തു അഥവാ ഭൂമി വഖഫിന്റേതാണോയെന്നു നിർണ്ണയിക്കാൻ വഖഫ് ബോർഡിന് അധികാരം നൽകുന്ന 1995 വഖഫ് ആക്ടിലെ 40–ാം അനുച്ഛേദം അധികാര ദുർവിനിയോഗത്തിന് വഴിയൊരുക്കുന്നു എന്ന ആരോപണം പണ്ടേ ഉള്ളതാണ്. കൂടാതെ സൂക്ഷിപ്പുകാരന്റെയും (മുതവല്ലി) കാര്യസ്ഥന്റെയും നിയമനത്തിലുള്ള അഴിമതി ആരോപണങ്ങളും നിലവിലുണ്ട്. അതിനാൽ 40–ാം അനുച്ഛേദം പൂർണ്ണമായി ഒഴിവാക്കാനും ജില്ലാ കലക്ടർമാരിൽ ആ ദൗത്യം നിക്ഷിപ്തമാക്കാനുമുള്ള ഭേദഗതികളാണ് ബില്ലിലുള്ളത്.

വഖഫ് ബോർഡുകളിലെ അംഗത്വവും അതിന്റെ പ്രവർത്തനങ്ങളും വിവരിക്കുന്ന 9, 14 എന്നീ അനുച്ഛേദങ്ങളിൽ മാറ്റംവരുത്തൽ, വനിതാപ്രാതിനിധ്യം നിർബന്ധമാക്കൽ എന്നിവയും ഭേദഗതിയിലുണ്ട്. വഖഫ് ഭൂമി പുതുതായി അളന്നു തിട്ടപ്പെടുത്താനും വസ്തുക്കളുടെ ലിസ്റ്റ് തയ്യാറാക്കാനും ജില്ല ജഡ്ജിമാരുടെ മേൽനോട്ടം ബിൽ വ്യവസ്ഥ ചെയ്യുന്നു. പൊതുജനത്തിന്റെ സ്വത്തിനും മൗലിക അവകാശങ്ങൾക്കും രാജ്യത്തിന്റെ മതേതരത്വത്തിനും വെല്ലുവിളിയായി മാറിയേക്കാവുന്ന ചട്ടങ്ങളും നിയമങ്ങളും നീക്കം ചെയ്ത് ഇപ്പോൾ ഉയർന്നിരിക്കുന്ന ആശങ്കകൾക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തിയേ തീരൂ. പതിവുപോലെ കോൺഗ്രസും 'ഇന്ത്യ' സഖ്യത്തിലെ പലകക്ഷികളും മുസ്ലിം സമുദായത്തിനുവേണ്ടി അന്ധമായി വാദിക്കുമോ എന്നു മാത്രമേ ഇനി കാണാനുള്ളൂ.

## വഖഫിന്റെ ചരിത്രം

വഖഫ് എന്ന അറബി വാക്കിന്റെ അർത്ഥം നിയന്ത്രണം, നിരോധനം എന്നൊക്കെയാണ്. വിൽക്കാനോ കൈമാറ്റം ചെയ്യാനോ പാടില്ലാത്ത വിധം അല്ലാഹുവിന് നൽകപ്പെട്ടത് എന്നർത്ഥം. ശരിഅത്ത് നിയമം അനുസരിച്ച് വഖഫ് ഒരിക്കൽ പ്രഖ്യാപിക്കപ്പെട്ടാൽ അത് എന്നന്നേക്കുമായി വഖഫ് ആണ്.

ഡൽഹിയിൽ സുൽത്താൻ ഭരണം നടന്ന കാലത്തോടു ബന്ധപ്പെട്ട ചരിത്രമാണ് വഖഫിനുള്ളത്. സുൽത്താൻ മുയീസുദ്ദീൻ സാംഗവോർ ജുമാ മസ്ജിദ് നിർമ്മിക്കാൻ വേണ്ടി മുൾട്ടാനിലെ രണ്ടു ഗ്രാമങ്ങൾ വിട്ടുകൊടുത്തു. തുടർന്നു ഇസ്ലാമിക ഭരണത്തിന് കീഴിൽ വഖഫ് ഭൂമികൾ വർധിച്ചു. 19–ാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് കോടതി വഖഫിനെ ഏറ്റവും മോശമായതും വിനാശകരമായ ഏർപ്പാട് എന്ന് വിശേഷിപ്പിച്ചു കൊണ്ട് അസാധുവാക്കി.

എന്നാൽ 1913–ലെ മുസൽമാൻ വഖഫ് സാധൂകരണ നിയമത്തിലൂടെ വഖഫ് പുനഃസ്ഥാപിക്കപ്പെട്ടു. സ്വാതന്ത്ര്യത്തിനു ശേഷം 1945 ൽ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് സർക്കാർ വഖഫ് ആക്ട് പാസാക്കി വഖഫുകളുടെ കേന്ദ്രീകരണത്തിന് വഴിയൊരുക്കി. 1964 ൽ സെൻട്രൽ വഖഫ് കൗൺസിൽ ഓഫ് ഇന്ത്യ എന്ന സംവിധാനം നിലവിൽ വന്നു. 1995 ൽ നിയമ ഭേദഗതി വഖഫ് ബോർഡിന്റെ കടന്നുകയറ്റത്തിന് പച്ചപ്പരവതാനി വിരിച്ചു കൊടുത്തു. നവംബർ 22 ന് പാസാക്കിയ ഈ നിയമം വഖഫ് കൗൺസിലിന്റെയും സ്റ്റേറ്റ് വഖഫ് ബോർഡുകളുടെയും ചീഫ് എക്സിക്യൂട്ടിവ് ഓഫീസറുടെയും മുതവല്ലിയുടെയും (മാനേജർ) അധികാരവും പ്രവർത്തനങ്ങളും വ്യക്തമാക്കി. അതനുസരിച്ച് വഖഫ് ട്രൈബ്യൂണലിനു സിവിൽ കോടതികളിൽ ചോദ്യം ചെയ്യാനാവാത്ത വിധി തീർപ്പവകാശം അനുവദിച്ച് കൊടുത്തു. 2013 ലെ വഖഫ് ആക്ട് വഖഫ് വസ്തുക്കളുടെ ആഭ്യന്തര ഭരണവും നടത്തിപ്പും കൂടുതൽ സുതാര്യവും ഉത്തരവാദിത്വ പൂർണ്ണവുമാക്കി. സുന്നി സെൻട്രൽ വഖഫ് ബോർഡ്, ഷിയ സെൻട്രൽ വഖഫ് ബോർഡ് എന്നിവ നിലവിലുണ്ട്.

## ആരും ചോദിക്കാത്ത ചോദ്യങ്ങൾ



കാലഹരണപ്പെട്ട സുൽത്താൻ ഭരണം ഒരിക്കൽ വഖഫ് ആക്കിയത് എന്നന്നേക്കും വഖഫ് ആയി തുടരുന്നതിലെ അനീതിയും അധാർമികതയും കണ്ടില്ലെന്നു ഭരണാധികാരികൾ നടിക്കുന്നത് എന്തുകൊണ്ടാണ്.? സുൽത്താൻ വരുന്നതിന് മുമ്പ് ആ ഭൂമി ആരുടേതായിരുന്നു എന്ന ചോദ്യം എന്തുകൊണ്ട് ആരും ചോദിക്കുന്നില്ല.

ആദ്യത്തെ അധിനിവേശ ശക്തികളായ പേർഷ്യൻ സുൽത്താനും മുഗൾവംശവുമൊക്കെ കാലഹരണപ്പെട്ടപ്പോൾ പുതിയ അധിനിവേശ ശക്തികളായ യൂറോപ്യൻമാർ ഇവിടെ അധികാരം പിടിച്ചല്ലോ. ബ്രിട്ടീഷ് ഭരണകാലത്ത് പിടിച്ചതൊക്കെ തങ്ങളുടെ ദൈവത്തിന് നേർച്ചയായി സമർപ്പിച്ചിരുന്നെങ്കിൽ അത് എന്നേക്കുമായി അങ്ങനെ നിലനിർത്തേണ്ടി വരുമായിരുന്നോ? ഇന്ത്യ സ്വതന്ത്രമായി സ്വയം ഭരണവകാശമുള്ള രാജ്യമായി മാറുകയും ഭരണഘടന നമ്മുടെ അടിസ്ഥാന ഗ്രന്ഥമാവുകയും ചെയ്തപ്പോൾ അധിനിവേശശക്തികൾ സമ്മാനിച്ച മതഭരണാവശിഷ്ടങ്ങൾ നിലനിർത്താനും അത് വിപുലീകരിക്കാനും അവസരമൊരുക്കുന്നത് പരിഹാസ്യമല്ലേ?

മതത്തിന്റെ അവകാശവാദങ്ങൾക്ക് പൊതുസമൂഹത്തിൽ അനുവദിച്ച് നൽകാവുന്ന ഇടത്തിന് ഒരു പരിധിയില്ലേ? പൗരസമൂഹത്തിന് ദ്രോഹകരമാവുകയും മറ്റ് മതസ്ഥർക്ക് ഭീഷണിയാവുകയും ക്രമസമാധാനത്തിന് ഭംഗംവരുത്തുകയും ചെയ്യുന്ന അവകാശവാദങ്ങൾ ഏതു മതത്തിൽ നിന്നാണെങ്കിലും എതിർക്കപ്പെടണം.

## നടപടി വേണ്ടത് ഫാറൂഖ് കോളജിനെതിരെ

ചെറായി, മുനമ്പം തീരപ്രദേശങ്ങളിൽ താമസിക്കുന്ന 610 കുടുംബങ്ങളുടെ ഭാവി വഖഫിന്റെ തുലാസിലാണിന്ന്. മുനമ്പം വേളാങ്കണ്ണി മാതാ പള്ളി ഉൾപ്പെടെയുള്ള പ്രദേശം തങ്ങളുടേതാണെന്നാണ് വഖഫ് ബോർഡിന്റെ അവകാശവാദം. അതേത്തുടർന്ന് ഇവിടുത്തുകാരുടെ റവന്യൂ അവകാശങ്ങൾ തടഞ്ഞുവച്ചിരിക്കുകയാണ്. ഇത്രയും കാലം താമസിച്ച വീടും ഭൂമിയും നഷ്ടപ്പെടുമോ എന്ന ഭീതിയിലാണ് ജനം. ഫാറൂഖ് കോളജ് മാനേജ്മെന്റിൽ നിന്നു വിലകൊടുത്തു വാങ്ങിയ ഭൂമിയ്ക്കാണ് വഖഫ് അവകാശവാദം ഉന്നയിച്ചിരിക്കുന്നത്.

ഒന്നര നൂറ്റാണ്ടായി അതേ ഭൂമിയിൽ ജീവിച്ചു പോരുന്ന ഒരു ജനതയ്ക്കെതിരെയും രാജ്യത്തിന്റെ നിയമപ്രകാരം നടന്ന ഒരു ക്രയവിക്രയത്തിനെതിരെയും വർഷങ്ങൾക്ക് ശേഷം ദുരൂഹമായ രീതിയിൽ അവകാശം ഉന്നയിക്കുന്നത് അന്യായമാണെന്ന് കെസിബിസി ജാഗ്രതാ സമിതി ചൂണ്ടിക്കാട്ടുന്നു.

അന്നത്തെ ഭൂമി വിലയുടെ രണ്ടരയിരട്ടി വിലയിട്ട് ഫാറൂഖ് കോളജ് മാനേജ്മെന്റ് സമ്പാദിച്ച പണത്തിനോ, ആ പണം ഉപയോഗിച്ച് എവിടെയെങ്കിലും ഭൂമി സമ്പാദിച്ചിട്ടുണ്ടെങ്കിൽ ആ ഭൂമിക്കോ ആണ് വഖഫ് ബോർഡ് യഥാർത്ഥത്തിൽ അവകാശം ഉന്നയിക്കേണ്ടതെന്ന് ജനങ്ങൾ പറയുന്നു.

## വഖഫ്: അതിക്രമത്തിന്റെ ഉദാഹരണങ്ങൾ



*വഖഫ് ബോർഡ് അവകാശവാദം ഉന്നയിച്ച തമിഴ്നാട്ടിലെ തിരുചെന്തുറൈ സുന്ദരേശ്വരൻ ക്ഷേത്രം*



*വഖഫ് ബോർഡ് അവകാശവാദം ഉന്നയിച്ച ഹൈദരാബാദിലെ മാരിയറ്റ് ഹോട്ടൽ*

2014–ൽ ഡൽഹിയിൽ ഏറ്റവും വിലയേറിയ 123 വസ്തുവകകളാണ് കേന്ദ്ര സർക്കാർ വഖഫ് ബോർഡിനു കൊടുത്തത്. ചെറായി– മുനമ്പം തീരദേശത്ത് താമസിക്കുന്ന 600–ൽ പരം കുടുംബങ്ങളുടെ ജീവിതം 2019 മുതൽ നിശ്ചലമാക്കിയിട്ടിരിക്കുകയാണ് കേരള വഖഫ് ബോർഡ്. മുനമ്പം വേളാങ്കണ്ണി മാതാ ഇടവക ദൈവാലയത്തിനുമേലും പാഷനിസ്റ്റ് ആശ്രമത്തിനുമേലും വഖഫ് ബോർഡിന്റെ അവകാശവാദമെന്ന ഡമോക്ലിസിന്റെ വാൾ തൂങ്ങിക്കിടക്കുകയാണ്.



*മുനമ്പം വേളാങ്കണ്ണി മാതാ ദേവാലയം.*

കാവേരി നദീ തീരത്തുള്ള തിരുചെന്തുറൈ ഗ്രാമത്തെ മുഴുവൻ ഞെട്ടിച്ച് 2022 ൽ തമിഴ്നാട് വഖഫ് ബോർഡ് ആ ഗ്രാമം മുഴുവൻ തങ്ങളുടേതാണെന്ന അവകാശവാദം ഉന്നയിച്ചു. 1500 വർഷം പഴക്കമുള്ള സുന്ദരേശ്വരൻ ക്ഷേത്രവും അവിടെയുണ്ടെന്നോർക്കണം!

ഹൈദരാബാദിൽ മാരിയറ്റ് ഫൈവ് സ്റ്റാർ ഹോട്ടലിനുമേലാണ് തെലങ്കാന വഖഫ് ബോർഡ് അവകാശവാദം ഉന്നയിച്ചത്. തെലങ്കാന ഹൈക്കോടതി പക്ഷേ വഖഫ് ബോർഡിന്റെ ആർത്തിയെ പിടിച്ചുകെട്ടി.

ഇപ്പോൾ ഇന്ത്യയിലാകെ വഖഫ് ബോർഡ് അവകാശമുന്നയിച്ച് തർക്കത്തിൽ കിടക്കുന്ന 194 സ്ഥലങ്ങളുണ്ടെന്നാണ് വിവരം.

വഖഫ് വസ്തുക്കളും വഖഫ് ഭൂമിയും സംബന്ധിച്ച അഴിമതി വിവാദങ്ങളും നിരവധി. മറ്റുള്ളവരുടെ വസ്തുക്കളുടെമേലും ഭൂമിയുടെയും മേൽ അവകാശമധികാരങ്ങൾ ഉന്നയിച്ചും വഖഫ് വസ്തുവകകൾ ദുരുപയോഗം ചെയ്തും അതിരില്ലാത്ത അധികാരപ്രയോഗം നടത്തിയും തുടരെത്തുടരെ വിവാദമുണ്ടാക്കുന്ന വഖഫ് ബോർഡിനെ വേണ്ടവിധം ഭരണഘടനയുടെ വരുതിക്ക് നിർത്തേണ്ടതിന്റെ ആവശ്യകത ഇസ്ലാം വിശ്വാസികളിൽ പോലും പലർക്കും ബോധ്യപ്പെട്ടിട്ടുണ്ട്.

# മലയിറങ്ങുന്ന മലയോര ജനത

മലബാർ വിഷൻ മലബാർ വിഷൻ മലബാർ വിഷൻ മലബാർ വിഷൻ

**അംഗസംഖ്യയിലുള്ള തളർച്ച കുടിയേറ്റ ജനതയുടെ പ്രസക്തിയും സ്വാധീനവും പാടെ മാറ്റിക്കളയും. ഒരു സമൂഹമെന്ന നിലയിലുള്ള നമ്മുടെ വിലയും സ്വാധീനവും വെറും നാമമാത്രമാണിപ്പോൾ.**

## സ്പെഷ്യൽ സ്റ്റോറി



റവ. ഡോ. തോമസ് നീണ്ടൂർ
(തലശ്ശേരി അതിരൂപത)

1920-കളിൽ ആരംഭിച്ച മലബാർ കുടിയേറ്റം അതിന്റെ ശതാബ്ദി പിന്നിട്ടിരിക്കുന്നു. തലശ്ശേരി അതിരൂപത സ്ഥാപിതമായതിന്റെ മുക്കാൽ നൂറ്റാണ്ടും ഉടനെ പൂർത്തിയാകും. മലബാർ കുടിയേറ്റത്തെ പറ്റിയുള്ള ശാസ്ത്രീയ പഠനമല്ല ഇവിടെ ഉദ്ദേശ്യം. കുടിയേറ്റ സംബന്ധിയായി ചില പഠനങ്ങൾ നടന്നിട്ടുണ്ടെന്നുള്ളത് മറക്കുന്നുമില്ല. ലക്ഷ്യങ്ങളും ഊന്നലുകളും മാറി മറിയുന്ന സാഹചര്യങ്ങൾ നമ്മെ വലയം ചെയ്യുമ്പോൾ ചില പുനർവായനകളും പുനർവിചാരങ്ങളും നടത്തുന്നു എന്നുമാത്രം.

### കുടിയേറ്റം എന്ത്? എന്തിന്? എങ്ങനെ?

1920-കൾ ഒന്നാം ലോകമഹായുദ്ധത്തിന്റെയും അതിന്റെ പ്രത്യാഘാതങ്ങളുടെയും കാലമായിരുന്നു. ബ്രിട്ടീഷ് ഭരണത്തിന്റെ നൊമ്പരങ്ങൾ ഒരു വശത്ത്. യുദ്ധക്കെടുതികൾ മറുവശത്ത്. ദാരിദ്ര്യവും കഷ്ടപ്പാടുകളും തീവ്രമായിക്കൊണ്ടിരിക്കെ കുടിയേറ്റം സ്വാഭാവികമായി ഉണ്ടായ പ്രതിഭാസമാണ്. ബ്രിട്ടീഷ് ഭരണത്തിൽ അടിസ്ഥാന സൗകര്യ വികസനം ഉണ്ടായി എന്നു പറയുമ്പോൾ തന്നെ, അതെല്ലാം ബ്രിട്ടീഷുകാരുടെ വാണിജ്യ താൽപ്പര്യത്തിന് അനുസൃതമായവയാണ്. ആലുവ-മൂന്നാർ റോഡും മൂന്നാർ-ബോഡിനായ്ക്കന്നൂർ റെയിൽവേ ലൈനും താമരശ്ശേരി-മൈസൂർ റോഡുകളുമൊക്കെ അവരുടെ വാണിജ്യ വികസനം ലക്ഷ്യമാക്കിയുള്ളവയായിരുന്നു. പിന്നീട് സ്വതന്ത്രഭാരതത്തിന് അത് ഗുണകരമായെന്നത് മറ്റൊരു വസ്തുത. എന്നാൽ ഉൽപ്പാദന ക്ഷമമായതൊന്നും ബ്രിട്ടീഷുകാർ ഇവിടെ അവശേഷിപ്പിച്ചില്ല. സ്വന്തമായി ഒരു മൊട്ടുസൂചി പോലും നിർമിക്കുവാനുള്ള സാങ്കേതിക വൈഭവമോ അടിസ്ഥാന സൗകര്യങ്ങളോ സംവിധാനങ്ങളോ അപ്പോൾ ഉണ്ടായിരുന്നില്ല.

പട്ടിണിയും കഷ്ടതകളും വ്യാപകമായതുതന്നെയാണ് കുടിയേറ്റത്തിന് നിദാനമായത്. പൊതുവെ വലിയ കുടുംബങ്ങളും അവരുടെ ആവശ്യങ്ങളും കൂടുതൽ കൃഷിയിടങ്ങൾ തേടിയുള്ള പ്രയാണത്തിന് നിമിത്തമായി. ആദ്യ കുടിയേറ്റം പേരാവൂർ, കോളയാട് പ്രദേശങ്ങളിലേക്കായിരുന്നു. മുക്കം, തിരുവമ്പാടി, കുറ്റ്യാടി, എടൂർ, ചെമ്പേരി, തോമാപുരം, മാനന്തവാടി, സുൽത്താൻ ബത്തേരി എന്നിങ്ങനെയായിരുന്നു പിന്നീടുള്ള കുടിയേറ്റം. സാവകാശമാണ് മഞ്ചേരി, പെരിന്തൽമണ്ണ മേഖലകളിലേക്ക് കുടിയേറ്റമുണ്ടായത്. ഇതോടനുബന്ധമായി നിരവധി കുടിയേറ്റ മേഖലകൾ രൂപീകൃതമായി.



**മുതിർന്ന തലമുറകൾ നിതാന്തമായ ഏകാന്തതയിലേക്ക് എറിയപ്പെട്ടിരിക്കുന്നു. ഇളം തലമുറ കടൽ കടക്കുന്നു.**

തിരുവിതാംകൂർ ദിവാനായിരുന്ന സർ സി. പി. രാമസ്വാമി അയ്യരെ പോലുള്ളവരുടെ അനുകൂലമല്ലാത്ത നിലപാടുകളും കുടിയേറ്റത്തിന് രാസത്വരകമായെന്ന് പറയാം. അന്ന് മദ്രാസ് സംസ്ഥാനത്തിന്റെ കീഴിലായിരുന്ന ഭാരതപ്പുഴയുടെ വടക്കുള്ള മലബാർ ജില്ല കുടിയേറ്റക്കാരെ ആകർഷിച്ചിരുന്നു. വടക്ക് കാഞ്ഞങ്ങാട് വരെയായിരുന്നു അന്നത്തെ മലബാർ. അതിനു ശേഷം കാനറ എന്ന് അറിയപ്പെട്ടിരുന്ന ഭൂപ്രദേശമായിരുന്നു. 1956-ലെ ഭാഷാ അടിസ്ഥാനത്തിലുള്ള വിഭജന ശേഷമാണ് ഇന്നത്തെ കാസർകോട് ജില്ല കേരളത്തിന്റെ ഭാഗമാകുന്നത്.

കുടിയേറ്റക്കാർ മലബാറിന്റെ വിവിധ മലമടക്കുകളിൽ താമസം ആരംഭിച്ചു. കഠിനമായ അദ്ധ്വാനമായിരുന്നു അവരുടെ കൈമുതൽ. ഫലപുഷ്ടിയിൽ വിവിധ മേഖലകൾ വ്യത്യസ്തമായിരുന്നു. കോഴിക്കോട്, തലശ്ശേരി രൂപതകൾ കുടിയേറ്റത്തിന്റെ നടുനായകത്വം വഹിച്ചു. മെത്രാന്മാരെയും വൈദികരെയും സന്യസ്തരെയും ഒഴിവാക്കി മലബാറിനെക്കുറിച്ച് ചിന്തിക്കാനാവില്ല.

കുടിയേറ്റമാണ് മലബാറിന്റെ വികസനം സാധ്യമാക്കിയത്. റോഡുകളും പാലങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ദേവാലയങ്ങളും നിർമിക്കപ്പെട്ടു. ദേവാലയങ്ങൾ പ്രദേശത്തിന്റെ വികസന പ്രക്രിയയുടെ ചാലക ശക്തിയായി വർത്തിച്ചു.

മലബാറിലേക്ക് കുടിയേറിയവർ വിശ്വാസ തീക്ഷ്ണത നഷ്ടപ്പെടുത്തിയില്ല. പള്ളി പണിത ശേഷമേ പൂർവികർ മറ്റെന്തെങ്കിലും ചെയ്തിരുന്നുള്ളൂ. പള്ളിക്കു ശേഷം അവർ നിർമിച്ചത് പള്ളിക്കൂടങ്ങളാണ്. തലമുറകളുടെ ശരിയായ വളർച്ചയും ദിശാബോധവും കണക്കിലെടുത്തായിരുന്നു ഇതെല്ലാം. മലയോര മേഖലയിൽ ചെറുതും വലുതുമായ പട്ടണങ്ങൾ ജന്മമെടുത്തത് കുടിയേറ്റ ജനതയുടെ വിയർപ്പുകൊണ്ടാണ്.

### കടൽ കടക്കുന്ന ഇളംതലമുറ

വന്യമൃഗങ്ങളെ മാത്രം സംരക്ഷിക്കുന്ന സർക്കാരും അതിനു ചൂട്ടുപിടിക്കുന്ന മേലാളന്മാരുമുള്ളപ്പോൾ കർഷകന് മലയിറങ്ങുകയെ ഗതിയുള്ളു. മലയിലെ കൃഷി ഭൂമി ഉപേക്ഷിച്ച് കുറേയേറെ പേർ ടൗണുകളിലെ നാലും അഞ്ചും സെന്റിലേക്ക് അവരുടെ ജീവിതം പറിച്ചു നട്ടു. ഈ മലയിറക്കം കുടിയേറ്റത്തെ ഒരു പഴങ്കഥയാക്കിയേക്കാം. ഭൂമി അന്വേഷിച്ചവർക്ക് ഭൂമി വേണ്ടാതായി. ഇറങ്ങാൻ ഇനി മലയിൽ അധികം ആളുകൾ അവശേഷിക്കുന്നില്ല. ഭവനങ്ങൾ ശുഷ്ക്കമായിക്കൊണ്ടിരിക്കുന്നു. വന്ധ്യമാകുന്ന ഉദരങ്ങളാണ് എവിടെയും. കൂടിയാൽ രണ്ടു മക്കൾ. മുതിർന്ന തലമുറകൾ നിതാന്തമായ ഏകാന്തതയിലേക്ക് എറിയപ്പെട്ടിരിക്കുന്നു. ഇളം തലമുറ കടൽ കടക്കുന്നു. ന്യായീകരണങ്ങൾ ഏറെയുണ്ടെങ്കിലും സത്യമിതാണ്. നമ്മെ പാഴ്സി സിൻഡ്രോം ബാധിച്ചിരിക്കുകയാണ്. സമുദായം തന്നെ അപ്രത്യക്ഷമായേക്കാവുന്ന അവസ്ഥ ഉരുത്തിരിയുന്നുണ്ടെന്ന് ചുറ്റും നോക്കിയാൽ മനസിലാകും. ഇക്കാര്യത്തിൽ സമുദായ നേതാക്കളുടെ സത്വര ശ്രദ്ധ പതിയണം.

ചെറിയ കുടുംബം സന്തുഷ്ടകുടുംബം എന്ന ചിന്ത കുടിയേറ്റക്കാരെ ബാധിച്ചിരിക്കുന്നു. മനുഷ്യനും ജീവനും തുല്യമായി മനുഷ്യനും ജീവനും മാത്രമേയുള്ളു എന്ന കാര്യം വിസ്മരിക്കപ്പെടരുത്. ഇത് മനസിലാക്കുന്ന സമുദായങ്ങൾ നമുക്കു ചുറ്റുമുണ്ട്. നമ്മുടെ കുടിയേറ്റ മേഖലകളിൽ കുട്ടികളുടെ എണ്ണം കുറയുന്നു എന്നതും ഗൗരവമായി കാണണം. എണ്ണം കുറഞ്ഞതുകൊണ്ട് ഗുണം വർദ്ധിച്ചു എന്നു കരുതരുത്. ഗുണം വളരെയേറെ കുറഞ്ഞിരിക്കുന്നു എന്നാണ് വായിച്ചെടുക്കാൻ കഴിയുന്നത്. നമ്മുടെ പുതുതലമുറ പ്ലസ്ടു കഴിയുന്നതോടെ ആധ്യാത്മിക ജീവിതത്തിൽ നിന്ന് അകലുന്നു എന്ന ഭീകരമായ സത്യം കണ്ണു തുറന്ന് കാണണം. വിശ്വാസ പരിശീലനത്തിൽ പ്ലസ്ടു കഴിഞ്ഞാൽ എല്ലാമായി എന്ന ചിന്ത ബലപ്പെടുകയാണ്. ധാർമികമായ സുസ്ഥിതി ക്രമേണ നഷ്ടമായിക്കൊണ്ടിരിക്കുന്നു.

കുട്ടികളുടെ എണ്ണത്തിലുള്ള ശോഷണം അവരുടെ ജീവിത വീക്ഷണത്തെയും പ്രതികരണത്തെയും ബാധിക്കുന്നു. നമ്മുടെ കുടുംബങ്ങളിൽ ബഹുഭൂരിപക്ഷവും മക്കളെ ഭയപ്പെടുന്ന മാതാപിതാക്കളാണ്. ശിക്ഷണം ലഭിക്കാതെ വളരുന്ന മക്കൾക്ക് മാതാപിതാക്കൾ വെറും വണ്ടിക്കാളകളാണ്. അവരുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്ന വെറും യന്ത്രങ്ങൾ. ശരിയായ സാമൂഹിക വിശകലനം ആവശ്യമുള്ള മേഖലയാണിത്. കുട്ടികൾ ചെറിയ പ്രായത്തിൽ തന്നെ മൂല്യങ്ങളിൽ പരിശീലനം സിദ്ധിച്ചിരിക്കണം. സ്വന്തമായി ചിന്തിക്കാതെ അർത്ഥശൂന്യമായ അനുകരണ ഭ്രമം തലമുറകളിലേക്ക് ബാധിക്കുമ്പോൾ ഉത്തരം പറയേണ്ടത് സമയത്ത് ശിക്ഷണം നൽകേണ്ട മാതാപിതാക്കളാണ്.

നമ്മുടെ ശുഭാപ്തി വിശ്വാസത്തെ തകിടം മറിക്കുന്നത് വന്ധ്യമായ ഉദരങ്ങളാണ്. അംഗസംഖ്യയിലുള്ള തളർച്ച കുടിയേറ്റ ജനതയുടെ പ്രസക്തിയും സ്വാധീനവും പാടെ മാറ്റിക്കളയും. ഒരു സമൂഹമെന്ന നിലയിലുള്ള നമ്മുടെ വിലയും സ്വാധീനവും വെറും നാമമാത്രമാണിപ്പോൾ. തൃശൂർ മുതൽ കാസർകോടുവരെ നോക്കിയാൽ സുറിയാനി ക്രിസ്ത്യാനികളിൽ നിന്ന് രണ്ടു എംഎൽഎമാരാണ് നമുക്കുള്ളത്. അംഗസംഖ്യയില്ലെങ്കിൽ നാം അവഗണിക്കപ്പെടുമെന്ന് മറക്കരുത്. കുടിയേറ്റ ജനത ആത്മശോധന നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

## കുടിയേറ്റ ജനതയും ഭൂമിയും



കുടിയേറ്റ ജനത ഏറെ പ്രതിസന്ധികളെയും പ്രതിബന്ധങ്ങളെയും മറികടന്നു. തരിശുഭൂമികൾ കാർഷിക വിളകൾ കൊണ്ട് സമൃദ്ധമായി. കുടിയേറ്റം അതിന്റെ ശതാബ്ദിയിൽ എത്തി നിൽക്കുമ്പോൾ കാർഷിക മേഖല വലിയ തകർച്ചയിലാണ്. കാരണങ്ങൾ പലതാണ്. വന്യമൃഗശല്യവും അതിലും വന്യമായ ഭരണകൂടവുമാണ് ഇതിൽ ആദ്യത്തേത്. കർഷകരുടെ നെഞ്ചു തകർക്കുന്ന പ്രശ്നങ്ങളെ നിസാരവൽക്കരിക്കാനും അവഗണിക്കുവാനുമാണ് ഭരണകൂടങ്ങൾ ശ്രമിക്കുന്നത്.

പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറുവശം കേരളത്തിൽ പരിസ്ഥിതി ലോലമാണ്. പക്ഷെ, കിഴക്കുഭാഗം പരിസ്ഥിതിലോലമല്ല. അസംഘടിത ജനതയാണ് കുടിയേറ്റ സമൂഹമെന്ന് തെളിയിക്കുന്നതാണ് ഈ വേർതിരിവ്. തമിഴ്നാടും കർണാടകയും കണ്ണുരുട്ടിയപ്പോൾ അവിടെ പല പരിസ്ഥിതിലോല പ്രദേശങ്ങളും അതല്ലാതായി. കേരളത്തിലെ രാഷ്ട്രീയക്കാർ പരിസ്ഥിതി നിയമം ചമയ്ക്കുന്നവരിലേക്ക് ഇവിടുത്തെ പ്രശ്നങ്ങൾ വേണ്ടതുപോലെ കൈമാറുന്നില്ല.

ക്രിസ്മസ്

# മനുഷ്യമഹത്വത്തിന്റെ പ്രഘോഷണം

**ദൈവത്താൽ ഓരോ മനുഷ്യനും സ്നേഹിക്കപ്പെടുന്നു എന്ന കാരണത്താൽ തന്നെ ഒരുവനും അവഗണിക്കപ്പെടാനോ പരിഹസിക്കപ്പെടാനോ പാടില്ല എന്ന വസ്തുത ക്രിസ്മസ് നമ്മെ ഓർമിപ്പിക്കുന്നു.**

## സമകാലികം



ഫാ. ജിതിൻ പുൽപ്പേൽ MCBS
(ധർമ്മാരാം കോളജ്, ബാംഗ്ലൂർ)

ടാറ്റ ഗ്രൂപ്പ് ചെയർമാനായിരുന്ന രത്തൻ ടാറ്റയുടെ വിയോഗം നമ്മെ നൊമ്പരപ്പെടുത്തിയ വാർത്തയായിരുന്നു. നീണ്ട 21 വർഷക്കാലം ഇന്ത്യൻ വ്യവസായത്തിന്റെ നെടുംതൂണും മാർഗ്ഗദർശിയുമായി നിലകൊണ്ട അദ്ദേഹത്തെ ലോക മാധ്യമങ്ങൾ വാഴ്ത്തിയത് 'ജീവിതമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച മനുഷ്യസ്നേഹി' എന്ന് വിശേഷിപ്പിച്ചുകൊണ്ടാണ്. ആഗോളതലത്തിൽ ടാറ്റാ കമ്പനി വളർച്ചയുടെ പടവുകൾ കയറുമ്പോഴും അടിസ്ഥാന മൂല്യമായ മനുഷ്യസ്നേഹത്തിന് അദ്ദേഹം ഉന്നതമായ പ്രാധാന്യം നൽകി. നാനോ കാറുകളിലൂടെയും പാവങ്ങൾക്കായുള്ള ക്ഷേമപദ്ധതികളിലൂടെയും ജീവനക്കാരോടുള്ള പ്രത്യേക പരിഗണനയിലൂടെയും ഒക്കെ സാധാരണക്കാരന്റെ സുസ്ഥിതിയിൽ തൽപരനായ ഒരു ബിസിനസ് മേധാവിയെയാണ് ലോകം രത്തൻ ടാറ്റയിൽ ദർശിച്ചത്.

നമ്മുടെ ക്രിസ്മസ് ചിന്തകളോട് രത്തൻ ടാറ്റയുടെ ജീവിതം ഏറെ ബന്ധപ്പെട്ട് നിൽക്കുന്നു. സകലത്തിന്റെയും സ്രഷ്ടാവും നാഥനുമായ ദൈവം തന്നെതന്നെ ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യനായി പിറന്നു (ഫിലി. 2:7). മനുഷ്യനോടുള്ള സ്നേഹത്തെപ്രതി ദൈവം മനുഷ്യനായി അവതരിച്ചതിനെയാണ് ക്രിസ്മസ് അനുസ്മരിക്കുന്നതും ആഘോഷിക്കുന്നതും. വിശുദ്ധ അത്തനാസിയൂസ് പറയുന്നതുപോലെ 'മനുഷ്യരായ നമ്മെ ദൈവീകരാക്കാൻ ദൈവപുത്രൻ മനുഷ്യനായി.' അവിടുത്തെ ജനനം വഴി മനുഷ്യകുലം മുഴുവനെയും അവിടുന്ന് മഹത്വത്തിലേക്കുയർത്തി. അങ്ങനെ മനുഷ്യരായിരിക്കുന്നതിന്റെ അന്തസ്സും മഹത്വവും ദൈവം ലോകത്തിന് കാണിച്ചുതന്നു.

ക്രിസ്മസ് യഥാർത്ഥ മനുഷ്യത്വത്തിലേക്കുള്ള വിളിയാണ്. മനുഷ്യന്റെ മഹത്വവും മൂല്യവും ഉയർത്തിപ്പിടിക്കുന്നവരിൽ നമുക്ക് ദൈവസാന്നിധ്യം ദർശിക്കാനാവും. കൽക്കട്ടയിലെ വിശുദ്ധ മദർതെരേസയും, മൊളോക്കൊയിലെ വിശുദ്ധ ഡാമിയനുമൊക്കെ മനുഷ്യസ്നേഹത്തിന് വേണ്ടി നിലകൊണ്ടവരാണ്. അങ്ങനെ അനേകർക്ക് അവർ ദൈവത്തിന്റെ മുഖമായി മാറി.

വർണ്ണ-വർഗ്ഗ വിവേചനങ്ങൾക്കും മതവിഭാഗീയ ചിന്തകൾക്കും ഭീകരപ്രവർത്തനങ്ങൾക്കും മൈലേജുള്ള ഈ സമകാലിക ലോകത്തിൽ പുൽക്കൂട്ടിൽ ഭൂജാതനായ ക്രിസ്തു പരസ്നേഹത്തിലൂന്നിയ സമഭാവനയുടെയും സഹവർത്തിത്വത്തിന്റെയും പാഠം നൽകുകയാണ്. ഓരോ മനുഷ്യനും അലംഘനീയമായ മഹത്വത്തിന് ഉടമയാണ് എന്ന സത്യം ക്രിസ്മസ് ലോകത്തോട് വിളിച്ചോതുകയാണ്. പുൽക്കൂട്ടിൽ നാം ദർശിക്കുന്ന ദൈവസ്നേഹം പരസ്നേഹത്തിലേക്കുള്ള വാതായനമാകട്ടെ.

### മനുഷ്യമഹത്വം വെളിവാക്കുന്ന മനുഷ്യാവതാരം

ദൈവത്തിന് മനുഷ്യനോടുള്ള അദമ്യമായ സ്നേഹമാണ് മനുഷ്യമഹത്വത്തിന്റെ ഉറവിടവും അടിസ്ഥാനവും (Dig-initas infinita, 18). തന്റെ ഏകജാതനെ നൽകത്തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (1 യോഹ. 3: 9-10, യോഹ. 3:16). തന്റെ ഛായയിലും സാദൃശ്യത്തിലും ദൈവം മനുഷ്യനെ സൃഷ്ടിച്ചത് (ഉൽപ. 1:26) ഈ സ്നേഹത്തിന്റെ ഉന്നതമായ പ്രകാശനമാണ്. തന്റെ മനുഷ്യാവതാരത്തിലൂടെ യേശു തന്നെത്തന്നെ മനുഷ്യരാശിയുമായി താദാത്മ്യപ്പെടുത്തി. അപ്രകാരം മനുഷ്യനായി ജന്മം പ്രാപിച്ചതിലൂടെ ഒരിക്കലും നഷ്ടപ്പെടുത്താൻ കഴിയാത്ത അപരിമേയമായ മഹത്വത്തിന് ഉടമയാണ് മനുഷ്യൻ എന്ന് യേശു പ്രഖ്യാപിക്കുകയാണ്. ഈ മഹത്വം മനുഷ്യൻ നേടിയെടുക്കുന്നതല്ല. പ്രത്യുത അത് ഉന്നതവും ശ്രേഷ്ഠവുമായ ദൈവദാനമാണ്.



ഈശോയുടെ പരസ്യജീവിതത്തിലുടനീളം രോഗികളെയും വിശക്കുന്നവരെയും ദുർബലരെയും ചേർത്ത് നിർത്തി തന്റെ സൗഖ്യവും സ്നേഹവും പകർന്നുകൊണ്ട് മനുഷ്യനെക്കുറിച്ചുള്ള കാഴ്ച്ചപ്പാടിന് നവമായ ഒരു മാനം അവിടുന്ന് നൽകി. തന്റെ ജനനസമയത്ത് അവിടുന്ന് നേരിട്ട തിരസ്കരണങ്ങളും പുൽത്തൊഴുത്തിന്റെ ലാളിത്യവും ഇടയന്മാരുടെയും ജ്ഞാനികളുടെയും സന്ദർശനവും എല്ലാം സൂചിപ്പിക്കുന്നത് ഏതവസ്ഥയിലും മനുഷ്യന്റെ അന്തസ്സ് വിലമതിക്കപ്പെടേണ്ടതാണ് എന്ന സത്യമാണ്.

### അപരൻ അർഹിക്കുന്ന ബഹുമാനം

ഈ വർഷം ലോകശ്രദ്ധ ആകർഷിച്ച രണ്ട് സുപ്രധാന കായിക മഹാമഹങ്ങളാണ് ഫ്രാൻസിലെ പാരീസിൽ നടന്ന ഒളിംപിക്സ്, പാരാലിംപിക്സ് മത്സരങ്ങൾ. ഒളിംപിക്സിൽ ഇന്ത്യൻ താരങ്ങൾക്ക് മികവുറ്റ പ്രകടനങ്ങൾ കാഴ്ച്ചവെക്കാൻ സാധിക്കാതെ പോയത് നമ്മെ നിരാശപ്പെടുത്തി. മികച്ച പരിശീലനം സിദ്ധിച്ച കരുത്തരായ താരങ്ങൾ നമുക്കുണ്ടായിട്ടുപോലും കേവലം ഒരു വെള്ളിയും അഞ്ച് വെങ്കലവും ഉൾപ്പെടെ ആകെ ആറ് മെഡലുകളുമായി ലോക റാങ്കിങ്ങിൽ 71-ാം സ്ഥാനം കൊണ്ട് നമ്മുടെ രാജ്യത്തിന് തൃപ്തിപ്പെടേണ്ടിവന്നു. എന്നാൽ ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള പാരാലിംപിക്സിൽ മത്സരത്തിൽ നമ്മുടെ സഹോദരങ്ങൾ കൈവരിച്ച നേട്ടം അത്ഭുതത്തോടെയും ആവേശത്തോടെയുമാണ് രാജ്യം ഉയർത്തിക്കാട്ടിയത്. ശാരീരികമായി അനേകം പരിമിതികളുള്ള അവർ തങ്ങളുടെ അക്ഷീണമായ പ്രയത്നവും ആത്മവിശ്വാസവും കൊണ്ട് നേടിയെടുത്തത് ഏഴ് സ്വർണ്ണവും ഒമ്പതു വെള്ളിയും 13 വെങ്കലവും ചേർത്ത് 29 മെഡലുകളാണ്. അങ്ങനെ പാരാലിംപിക്സിൽ നമ്മുടെ രാജ്യം ലോക റാങ്കിൽ 18-ാം സ്ഥാനം കരസ്ഥമാക്കി. തങ്ങളുടെ പരിമിതികൾക്ക് നടുവിൽ നിരാശരായി കഴിഞ്ഞിരുന്ന അനേകം സഹോദരങ്ങൾക്ക് ആത്മവിശ്വാസത്തിന്റെയും ഉത്തേജനത്തിന്റെയും ഉണർത്തുപാട്ടായി ഈ വിജയങ്ങൾ.

വിശുദ്ധ പൗലോസ് ഉദ്ഘോഷിക്കുന്നു. 'നിലവിലുള്ളവയെ നശിപ്പിക്കുവാൻ വേണ്ടി ലോകദൃഷ്ട്യാ നിസ്സാരങ്ങളായവയെയും അവഗണിക്കപ്പെട്ടവയെയും ഇല്ലായ്മയെത്തന്നെയും ദൈവം തിരഞ്ഞെടുത്തു' (1 കോറി. 1:28). ദുർബലർ എന്ന് നാം കരുതുന്ന പലരുമാണ് നമ്മുടെ ജീവിതത്തിൽ നിർണ്ണായക ശക്തിയായി നിലകൊള്ളുന്നത്. അവർ വൃദ്ധരോ, രോഗികളോ, കുഞ്ഞുങ്ങളോ ആകാം. നമ്മുടെ ചില അഹംബോധത്തെ നശിപ്പിക്കാൻ ദൈവം അവരെയാകാം ഉപകരണങ്ങളാക്കുക. ഓരോ മനുഷ്യനിലുമുള്ള മഹത്വത്തെ തിരിച്ചറിയാൻ സാധിച്ചാൽ എല്ലാവരെയും ഒരുപോലെ വിലമതിക്കുന്നതിനും ബഹുമാനിക്കാനും എളുപ്പമാകും.

മനുഷ്യന്റെ വിലയിരുത്തലുകളുടെ മാനദണ്ഡങ്ങളെ പൊളിച്ചെഴുതിയ ജീവിതം ലോകത്തിൽ ക്രിസ്തുവിന്റേതു മാത്രമാണ്. ഔന്നത്യത്തെക്കുറിച്ചുള്ള ബോധ്യങ്ങളെ തന്റെ നിലപാടുകളിലൂടെയും വചനങ്ങളിലൂടെയും പ്രവൃത്തികളിലൂടെയും അവിടുന്ന് മാറ്റിയെഴുതി. ആ ക്രിസ്തുബോധത്തിൽ നിന്നാണ് ആഗോളസഭയിൽ നവീകരണത്തിന്റെ കൊടുങ്കാറ്റായി മാറിയ ഫ്രാൻസിസ് അസ്സീസിയുടെയും മദർ തെരേസയുടെയും ഫാ. ഡാമിയന്റെയുമൊക്കെ ജീവിത വീക്ഷണങ്ങൾ രൂപപ്പെട്ടത്.

### ക്രിസ്മസ് നൽകുന്ന ജീവിത വീക്ഷണം

അറിവും അഴകും പ്രാവീണ്യവുമെല്ലാം ഒരുവന്റെ അന്തസ്സിന്റെയും ഔന്നത്യത്തിന്റെയും അളവുകോലാകുന്നിടത്ത് ഈശോയുടെ ജനനം നമ്മുടെ വീക്ഷണങ്ങൾക്ക് പുതിയ ദിശനൽകുന്നു. സത്രങ്ങളുടെ വാതിൽ അടയ്ക്കപ്പെട്ടപ്പോൾ അവന് ശരണമായത് പുൽത്തൊഴുത്തായിരുന്നു. രക്ഷ നൽകാനായി വന്നവന് അരക്ഷിതത്വത്തിന്റെ നടുവിലാണ് പിറക്കേണ്ടിവന്നത്. സകലത്തിന്റെയും ഉടയവന് ദാരിദ്രമായിരുന്നു കൂട്ട്. ഈ വിധമുള്ള വല്ലായ്മകളുടെ മധ്യേ പിറന്ന ഉണ്ണിയേശുവിനെയാണ് ആട്ടിടയന്മാരും ജ്ഞാനികളും മാലാഖമാരും ആരാധിച്ചുവണങ്ങിയത്. പോൾ ആറാമൻ മാർപാപ്പയുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. 'Born and raised in humble conditions, Jesus reveals the dignity of the needy and those who labor' (*ദരിദ്രമായ സാഹചര്യത്തിൽ ജനിച്ചു വളർന്ന ഈശോ ആശ്രിതരുടെയും അധ്വാനിക്കുന്നവരുടെയും മഹത്വം വെളിപ്പെടുത്തുന്നു*). തന്നെത്തന്നെ ദരിദ്രനാക്കിക്കൊണ്ട് ഏതവസ്ഥയിലും മനുഷ്യൻ ബഹുമാനം അർഹിക്കുന്നു എന്ന് അവിടുന്ന് കാണിച്ചു തരുന്നു. ആകയാൽ 'മനുഷ്യൻ ഏറ്റം ദുർബലനായിരിക്കുമ്പോഴാണ് ഏറ്റവും കൂടുതൽ ബഹുമാനത്തിന് അർഹനാകുന്നത്' എന്ന ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ നമ്മുടെ ക്രിസ്മസ് ചിന്തകളെ പ്രകാശിപ്പിക്കേണ്ടതാണ്.

ദൈവത്താൽ ഓരോ മനുഷ്യനും സ്നേഹിക്കപ്പെടുന്നു എന്ന കാരണത്താൽ തന്നെ ഒരുവനും അവഗണിക്കപ്പെടാനോ പരിഹസിക്കപ്പെടാനോ പാടില്ല എന്ന വസ്തുത ക്രിസ്മസ് നമ്മെ ഓർമിപ്പിക്കുന്നു.

നമ്മുടെ കുടുംബങ്ങളും ജോലിസ്ഥലങ്ങളും എല്ലാം ബഹുമാനം കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന ഇടങ്ങളാകണം. ഇന്നത്തെ തലമുറയിൽ അനേകം പേർക്ക് ഈ അവബോധമുണ്ട്. ശാരീരിക അപമാനം (Body shaming), സൈബർ ഭീഷണി (Cyber bullying) തുടങ്ങിയ പ്രവണതകളെ തള്ളിപ്പറയുവാനും അതിനെതിരെ നിലകൊള്ളാനും അവർ ശ്രദ്ധിക്കുന്നുണ്ട്. പക്ഷേ, സൈബറിടങ്ങളിലും മറ്റ് മാധ്യമങ്ങളിലും നമ്മുടെ കുടുംബങ്ങളിൽ പോലും കണ്ടുവരുന്ന അസഹിഷ്ണുതയും വർഗീയ ധ്രുവീകരണ പ്രവണതകളും നമുക്ക് അവഗണിക്കാനാകുമോ?

ഒരുവനെ അവന്റെ മതവിശ്വാസത്തിന്റെയും പ്രത്യയശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിൽ വേർതിരിക്കാനുള്ള പ്രവണത ഇന്നും സജീവമാണ്. രാഷ്ട്രീയവും സാമ്പത്തികവുമായ ലാഭത്തിനുവേണ്ടി ബന്ധങ്ങളെപ്പോലും ചൂഷണം ചെയ്യുന്നത് ഒരിക്കലും ക്രിസ്തീയമായ നടപടിയല്ല എന്നത് ക്രിസ്മസ് നമുക്ക് പറഞ്ഞുതരുന്നു.

യഥാർത്ഥത്തിൽ ക്രിസ്മസ് നൽകുന്ന വിളി മനുഷ്യനാകുന്നതിനാണ്. അവിടുത്തെ മഹത്വം ദൈവം വെളിപ്പെടുത്തിയത് മനുഷ്യന്റെ മഹത്വം ഉയർത്തിക്കാണിക്കുന്നതിനാണ്. പുൽക്കൂട്ടിലെ ഉണ്ണിയേശു നമ്മോടു പറയുന്നു. 'മനുഷ്യൻ ഏതവസ്ഥയിലും ബഹുമാനിക്കപ്പെടേണ്ടവനാണ്. കാരണം അവൻ തന്റെ സ്രഷ്ടാവിന്റെ ഛായയും സാദൃശ്യവും പേറുന്നവനാണ്.'

# മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ഊർജ്ജം വിശുദ്ധ കുർബാന: മാർ റാഫേൽ തട്ടിൽ

**താമരശ്ശേരി ●** വിശുദ്ധ കുർബാനയായിരുന്നു ചിറ്റിലപ്പിള്ളി പിതാവിന്റെ ഊർജ്ജമെന്നും മംഗളവാർത്ത സ്വീകരിച്ച പരിശുദ്ധ മറിയത്തെപ്പോലെ ദൈവിക പദ്ധതികൾ സ്വീകരിച്ച പുണ്യാത്മാവാണ് അദ്ദേഹമെന്നും സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ. മാർ പോൾ ചിറ്റിലപ്പിള്ളിയുടെ നാലാം ചരമ വാർഷിക ദിനത്തിൽ താമരശ്ശേരി മേരിമാതാ കത്തീഡ്രലിൽ ദിവ്യബലിയർപ്പിച്ച് വചന സന്ദേശം നൽകുകയായിരുന്നു മേജർ ആർച്ച് ബിഷപ്.

'പരിശുദ്ധ കുർബാനയായിരുന്നു ചിറ്റിലപ്പിള്ളി പിതാവിന്റെ പവർ ഹൗസ്. സഭ ആരംഭിക്കുന്നത് പരിശുദ്ധ കുർബാനയിൽ നിന്നാണെന്ന് അദ്ദേഹം വിശ്വസിച്ചു. പരിശുദ്ധ കുർബാനയോടു ചേർന്നു നിന്ന മനുഷ്യനായിരുന്നു അദ്ദേഹം. സീറോ മലബാർ സഭയുടെ വ്യക്തിത്വം വീണ്ടെടുക്കുന്നതിൽ ശക്തമായ നിലപാട് അദ്ദേഹം സ്വീകരിച്ചു.' മാർ റാഫേൽ തട്ടിൽ പറഞ്ഞു.

ചിറ്റിലപ്പിള്ളി പിതാവിലൂടെ താമരശ്ശേരി രൂപതയ്ക്കു ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി പറയാനുള്ള അവസരമാണ് അദ്ദേഹത്തിന്റെ ഓർമദിനം എന്ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പറഞ്ഞു. മേജർ ആർച്ച് ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ട ശേഷം ആദ്യമായി താമരശ്ശേരി രൂപതയിലേക്ക് കടന്നു വന്ന മാർ റാഫേൽ തട്ടിലിനെ ബിഷപ് സ്വാഗതം ചെയ്തു. പ്രത്യേക സാഹചര്യങ്ങളിലൂടെ സീറോ മലബാർ സഭ കടന്നു പോകുമ്പോൾ കൃത്യമായ ദിശാബോധം നൽകി സഭയെ നയിക്കാൻ നിയോഗിക്കപ്പെട്ട മേജർ ആർച്ച് ബിഷപ്പിനെ പ്രാർത്ഥനകളിൽ പ്രത്യേകം ഓർമ്മിക്കണമെന്ന് ബിഷപ് പറഞ്ഞു.



മാർ പോൾ ചിറ്റിലപ്പിള്ളിയുടെ നാലാം ചരമ വാർഷിക ദിനത്തിൽ അർപ്പിച്ച അനുസ്മരണ ദിവ്യബലിയിൽ നിന്ന്

സീറോ മലബാർ സഭ കൂരിയാ ചാൻസലർ ഫാ. അബ്രാഹം കാവിൽപുരയിടത്തിൽ, താമരശ്ശേരി രൂപതാ വികാരി ജനറൽ മോൺ. അബ്രാഹം വയലിൽ, എംസിബിഎസ് കോഴിക്കോട് പ്രൊവിൻഷ്യൽ ഫാ. മാത്യു ഓലിക്കൽ എന്നിവർ സഹകാർമികരായിരുന്നു. വൈദികരും സന്യസ്തരും ഇടവക പ്രതിനിധികളും ദിവ്യബലിയിലും അനുസ്മരണ ശുശ്രൂഷയിലും പങ്കുചേർന്നു.

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബെന്നി ലൂക്കോസ് നന്ദി പറഞ്ഞു. താമരശേരി രൂപതാ ചാൻസലർ ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്, പ്രൊക്കുറേറ്റർ ഫാ. കുര്യാക്കോസ് മുഖാല, മേരിമാതാ കത്തീഡ്രൽ വികാരി ഫാ. മാത്യു പുളിമൂട്ടിൽ, അസി. വികാരി ഫാ. ജോർജ് നരിവേലിൽ എന്നിവർ നേതൃത്വം നൽകി.

*വീഡിയോ സ്റ്റോറി കാണാനായി ക്യൂആർ കോഡ് സ്കാൻ ചെയ്യൂ*

## വിലങ്ങാടിനൊപ്പം മാർ റാഫേൽ തട്ടിൽ

**വിലങ്ങാട് ●** മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ വിലങ്ങാട് സന്ദർശിച്ചു. ജാതി-മത ചിന്തകളില്ലാതെ മനുഷ്യർ ഒറ്റക്കെട്ടായിത്തീരുന്ന പാഠമാണ് പ്രകൃതി ദുരന്തങ്ങൾ നൽകുന്നതെന്നും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ദൈവിക ഛായ മനുഷ്യന് തിരികെ ലഭിക്കുന്നത് ഇത്തരം സന്ദർഭങ്ങളിലാണെന്നും മാർ റാഫേൽ തട്ടിൽ പറഞ്ഞു.

'വീടു നഷ്ടപ്പെട്ടവരിൽ ഏറ്റവും അർഹരായവർക്ക് കെസിബിസിയുടെ നേതൃത്വത്തിൽ വീട് നിർമിച്ചു നൽകും. അത് മതാടിസ്ഥാനത്തിലായിരിക്കില്ല. ഒറ്റക്കെട്ടായി നാടിനെ പടുത്തുയർത്താൻ നമുക്ക് പരിശ്രമിക്കാം. ദൈവത്തിന്റെ കരംപിടിച്ച് മനുഷ്യർ പരസ്പരം കരംകോർക്കുന്ന മൂല്യാധിഷ്ഠിത സംസ്ക്കാരം നമുക്ക് ഉണ്ടാകട്ടെ' മേജർ ആർച്ച് ബിഷപ് കൂട്ടിച്ചേർത്തു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, സീറോ മലബാർ സഭ കൂരിയാ ചാൻസലർ ഫാ. അബ്രാഹം കാവിൽപുരയിടത്തിൽ, താമരശ്ശേരി രൂപത വികാരി ജനറൽ മോൺ. അബ്രാഹം വയലിൽ എന്നിവരും മേജർ ആർച്ച് ബിഷപ്പിനൊപ്പമുണ്ടായിരുന്നു.

## ദേവാലയ ശുശ്രൂഷകരുടെയും അക്കൗണ്ടന്റുമാരുടെയും സംഗമം നടത്തി

**താമരശ്ശേരി ●** ദേവാലയ ശുശ്രൂഷികളുടെ സേവനം ദൈവികമാണെന്നും അത് ഒരു ദൈവവിളിയാണെന്നും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ. താമരശ്ശേരി രൂപതയിലെ ദേവാലയ ശുശ്രൂഷകരുടെ സംഗമത്തിൽ സംസാരിക്കുകയായിരുന്നു ബിഷപ്. വിശുദ്ധമായ സ്ഥലത്ത് ശുശ്രൂഷ ചെയ്യുന്നവർ വിശുദ്ധരായിരിക്കണം എന്നും പിതാവ് ഓർമിപ്പിച്ചു.

രൂപതാ വികാരി ജനറൽ മോൺ. അബ്രാഹം വയലിൽ സ്വാഗതം ആശംസിച്ചു. രൂപതാ ചാൻസലർ ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് ദേവാലയ ശുശ്രൂഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. മിഷൻ ലീഗ് താമരശ്ശേരി രൂപതാ ഡയറക്ടർ ഫാ. ജോർജ് വെള്ളാരംകാലായിൽ ക്ലാസ് നയിച്ചു.

● താമരശ്ശേരി രൂപതയിലെ ഇടവകകളിൽ സേവനം ചെയ്യുന്ന അക്കൗണ്ടന്റുമാരുടെ സംഗമം ബിഷപ്സ് ഹൗസ് കോൺഫറൻസ് ഹാളിൽ നടത്തി. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. വികാരി ജനറൽ മോൺ. അബ്രാഹം വയലിൽ സ്വാഗതം ആശംസിച്ചു. അക്കൗണ്ടിങ് സംബന്ധിച്ച നിയമ കാര്യങ്ങളെക്കുറിച്ച് റിച്ചാഡ് മാത്യു സിഎ ക്ലാസ് നയിച്ചു. അക്കൗണ്ടിങ് സോഫ്റ്റ്‌വെയറിലെ പുതിയ അപ്ഡേഷനുകളെക്കുറിച്ച് ലുക്സൽ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ വിജു ജോർജ് സംസാരിച്ചു. സംഗമത്തിന് രൂപതാ പ്രൊക്കുറേറ്റർ ഫാ. കുര്യാക്കോസ് മുഖാലയിൽ നേതൃത്വം നൽകി.

# കെസിവൈഎം 'യുവ 24'

## മരുതോങ്കര മേഖലയ്ക്ക് കലാകിരീടം

**കലോത്സവ സമാപന ചടങ്ങിൽ കെസിവൈഎം സമാഹരിച്ച 6,42,210 രൂപ വിലങ്ങാടിന്റെ പുനരുദ്ധാരണത്തിന് കൈമാറി**

**കൂടത്തായ് ●** സെന്റ് മേരീസ് ഹൈസ്കൂളിൽ നടന്ന കെസിവൈഎം രൂപതാ കലോത്സവം 'യുവ 2024'- ൽ 276 പോയിന്റുകളോടെ മരുതോങ്കര മേഖല ഓവർഓൾ കിരീടം സ്വന്തമാക്കി. യഥാക്രമം 229, 210 പോയിന്റുകളുമായി തിരുവമ്പാടി, കോടഞ്ചേരി മേഖലകൾ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. 'വിലങ്ങാടിനെ പുനരുദ്ധരിക്കുക' എന്ന പ്രമേയവാക്യം സ്വീകരിച്ച് ദുരിതബാധിത മേഖലകളുടെ പേരുകളാണ് അഞ്ചു വേദികൾക്കും നൽകിയത്. 37 ഇനങ്ങളിലായിരുന്നു മത്സരങ്ങൾ.

കട്ടിപ്പാറ പഞ്ചായത്ത് പ്രസിഡന്റ് പ്രേംജി ജെയിംസ് കലോത്സവം ഉദ്ഘാടനം ചെയ്തു. വിലങ്ങാടിന്റെ പുനരുദ്ധാരണത്തിനായി രൂപതാ തലത്തിൽ യുവജനങ്ങൾ സമാഹരിച്ച 6,42,210 രൂപ രൂപതാ പ്രൊക്കുറേറ്റർ ഫാ. കുര്യാക്കോസ് മുഖാലയിലിന് കെസിവൈഎം രൂപതാ ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, രൂപതാ പ്രസിഡന്റ് റിച്ചാഡ് ജോൺ എന്നിവർ ചേർന്ന് കൈമാറി.

കൂടത്തായി സെന്റ് മേരീസ് സ്കൂൾ മാനേജർ ഫാ. ബിബിൻ മഞ്ചപ്പള്ളി സിഎംഐ, ജനറൽ സെക്രട്ടറി അലീന മാത്യു ചെട്ടിപ്പറമ്പിൽ, ആനിമേറ്റർ സിസ്റ്റർ റൊസീൻ എസ്എബിഎസ്, കലോത്സവം കോ-ഓർഡിനേറ്റർ ആഗി മരിയ ജോസഫ്, മേഖലാ പ്രസിഡന്റ് അഞ്ചൽ. കെ. ജോസഫ്, യൂണിറ്റ് പ്രസിഡന്റ് ജോഫിൻ എന്നിവർ പ്രസംഗിച്ചു.




വിലങ്ങാടിന്റെ പുനരുദ്ധാരണത്തിനായി രൂപതാ തലത്തിൽ യുവജനങ്ങൾ സമാഹരിച്ച തുക രൂപതാ പ്രൊക്കുറേറ്റർ ഫാ. കുര്യാക്കോസ് മുഖാലയ്ക്ക് കെസിവൈഎം രൂപതാ ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, പ്രസിഡന്റ് റിച്ചാഡ് ജോൺ എന്നിവർ ചേർന്ന് കൈമാറുന്നു

## കോട്ടയ്ക്കൽ ഇടവക വെബ്സൈറ്റ് ഉദ്ഘാടനം

**കോട്ടയ്ക്കൽ ●** ലിറ്റിൽ ഫ്ളവർ ഇടവകയുടെ വെബ്സൈറ്റിന്റെ ലോഞ്ചിങ് വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ ദിനമായ ഒക്ടോബർ ഒന്നിന് താമരശ്ശേരി രൂപതാ ചാൻസലർ ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് നിർവ്വഹിച്ചു. ഇടവക വികാരി ഫാ. ജോസഫ് കളത്തിൽ, കോർഹബ് സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എംഡി സിജോ കുഴിവേലി തുടങ്ങിയവർ സന്നിഹിതരായിരുന്നു. താമരശ്ശേരി രൂപതയുടെ റൂബി ജൂബിലിയുടെ ഭാഗമായി രൂപതയിലെ മുഴുവൻ വിവരങ്ങളും ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിന്റെ ആദ്യ ഘട്ടമാണ് കോട്ടയ്ക്കൽ ലിറ്റിൽ ഫ്ളവർ ഇടവകയിൽ വികാരി ഫാ. ജോസഫ് കളത്തിൽ, പാരിഷ് സെക്രട്ടറി ഷിജു കുഴികണ്ടത്തിൽ എന്നിവരുടെ നേതൃത്വത്തിൽ പൂർത്തീകരിച്ചത്.

## ആൽഫയിൽ ജർമ്മൻ ഭാഷാ പരിശീലനം

**കുന്നമംഗലം ●** ജർമ്മനിയിൽ നഴ്സിങ് ജോലി ആഗ്രഹിക്കുന്ന ബിഎസ്‌സി, ജിഎൻഎം നഴ്സുമാർക്കായി കുന്നമംഗലം ആൽഫാ മരിയ അക്കാദമിയി സംഘടിപ്പിക്കുന്ന ജർമ്മൻ ഭാഷാ പരിശീലനത്തിന്റെ എ1 കോഴ്സ് നവംബർ നാലിന് ആരംഭിക്കും. ഓൺലൈൻ, ഓഫ്‌ലൈൻ ക്ലാസുകൾ ലഭ്യമാണ്. ജർമ്മനിയിൽ ജോലിയും ആൽഫാ അക്കാദമി ഉറപ്പു നൽകുന്നു.

ജർമ്മനിയിൽ ഉപരിപഠനത്തിനായി തയ്യാറെടുക്കുന്നവർക്കായുള്ള ജർമ്മൻ ഭാഷാ പരിശീലനവും ആൽഫയിൽ ക്രമീകരിച്ചിട്ടുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: **9497567689, 8157044071**

## ഫീദെസ് ഫാമിലി ക്വിസ് 2024

**താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ നടത്തുന്ന ഫീദെസ് ഫാമിലി ക്വിസ്2024–ന്റെ ഒന്നാംഘട്ട ഇടവക തല മത്സരത്തിൽ പങ്കെടുക്കുവാനായി മുകളിൽ നൽകിയിരിക്കുന്ന ക്യുആർ കോഡ് സ്കാൻ ചെയ്യുക. പഠന വിഷയങ്ങൾ: താമരശ്ശേരി രൂപതാ കലണ്ടർ 2024 (60%) വിശുദ്ധ കുർബാന പുസ്തകം (റാസക്രമം) (30%) സഭാസംബന്ധമായ പൊതുചോദ്യങ്ങൾ (10%)**

- താമരശ്ശേരി രൂപതയിലെ എല്ലാ കുടുംബങ്ങൾക്കും പ്രായഭേദമന്യേ മത്സരത്തിൽ പങ്കെടുക്കാം. ഒരു കുടുംബമാണ് ഒരു ടീം.
- ക്യൂആർ കോഡ് സ്കാൻ ചെയ്യുമ്പോൾ ലഭിക്കുന്ന ഫോം പൂരിപ്പിച്ച് ഉത്തരങ്ങൾ ഓൺലൈനായി അയക്കാം.
- ഉത്തരങ്ങൾ സമർപ്പിക്കേണ്ട അവസാന തീയതി 2024 ഡിസംബർ 23. സംശയങ്ങൾക്ക് **8921835701.**
- രണ്ടാംഘട്ട മത്സരം 2025 ഫെബ്രുവരി 8–ന് രൂപതാ തലത്തിൽ നടക്കും.

## റവ. ഡോ. കുര്യൻ പുരമഠത്തിൽ പ്രവാസി അപ്പോസ്തലേറ്റ് ഡയറക്ടർ



● താമരശ്ശേരി രൂപതയുടെ പ്രവാസി അപ്പോസ്തലേറ്റ് ഡയറക്ടറായി റവ. ഡോ. കുര്യൻ പുരമഠത്തിലിനെ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിയമിച്ചു. വിദേശ രാജ്യങ്ങളിലും കേരളത്തിനു പുറത്തുമുള്ള താമരശ്ശേരി രൂപതാംഗങ്ങളെ ഒരുമിച്ചു കൂട്ടുകയെന്ന ലക്ഷ്യത്തോടെയാണ് പ്രവാസി അപ്പോസ്തലേറ്റ് പ്രവർത്തനം ആരംഭിക്കുന്നത്.

പ്രവാസികളായവർക്ക് താമരശ്ശേരി രൂപതയുമായുള്ള ബന്ധം ഊഷ്മളമാക്കാനും അവരുടെ ആധ്യാത്മിക കാര്യങ്ങളിൽ ക്രമീകരിക്കുവാനും കൂട്ടായ്മകൾ രൂപീകരിക്കുവാനും ഇതിലൂടെ കഴിയും.

താമരശ്ശേരി രൂപതയുടെ അജപാലന കേന്ദ്രമായ മേരിക്കുന്ന് പിഎംഒസിയുടെയും ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സൈക്കോതെറാപ്പിയുടെയും ഡയറക്ടറാണ് റവ. ഡോ. കുര്യൻ പുരമഠം.

## ഫാ. തോമസ് ചിലമ്പിക്കുന്നേൽ അജപാലന കോ–ഓഡിനേറ്റർ



● താമരശ്ശേരി രൂപതയുടെ അജപാലന കോ–ഓഡിനേറ്ററായി ഫാ. തോമസ് ചിലമ്പിക്കുന്നേലിനെ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിയമിച്ചു.

രൂപതയിലെ വിവിധ അപ്പസ്തലേറ്റുകളുടെയും അജപാലന സംഘടനകളുടെയും ഡിപ്പാർട്ടുമെന്റുകളുടെയും ഏകോപനമാണ് പ്രധാന ചുമതല. രൂപതയുടെ പൊതുവായ അജപാലന നയങ്ങൾ താഴേതട്ടിലേക്ക് എത്തിക്കുക, 2024 മെയിൽ നടന്ന എപ്പാർക്കിയൽ അസംബ്ലിയുടെ തീരുമാനങ്ങൾ അപ്പോസ്തലെറ്റുകളിലൂടെയും സംഘടനകളിലൂടെയും നടപ്പിൽ വരുത്തുക, രൂപതയുടെ വിവിധ അജപാലന പ്രവർത്തനങ്ങൾ വിലയിരുത്തുക, ഭാവി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക എന്നിവയും ചുമതലയിൽപ്പെടും.

ബൈബിൾ പണ്ഡിതനായ ഫാ. തോമസ് ചിലമ്പിക്കുന്നേൽ നിലവിൽ അശോകപുരം ഇൻഫെന്റ് ജീസസ് ഇടവക വികാരിയാണ്.

## ലോഗോസ്: രൂപതാ വിജയികൾ

**കോഴിക്കോട്** ● കെസിബിസി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ലോഗോസ് ക്വിസിന്റെ ആദ്യഘട്ട മത്സരം പൂർത്തിയായി. രൂപതാതലത്തിൽ വിജയിച്ച് സംസ്ഥാന തല മത്സരത്തിന് യോഗ്യത നേടിയ ഓരോ കാറ്റഗറിയിലേയും ആദ്യ മൂന്നു റാങ്കുകാർ യഥാക്രമം (ബ്രായ്ക്കറ്റിൽ നൽകിയിരിക്കുന്നത് ഇടവക):

- **എ കാറ്റഗറി:** സഞ്ജീവ് ജോഷി അറക്കപ്പറമ്പിൽ (പടത്തുകടവ്), ലെവിൻ സുനിൽ കേഴപ്ലാക്കൽ (കൂരോട്ടുപാറ), ജെറോൺ ടോം ജോഷി പൊന്നാമറ്റം (കൂടത്തായി)
- **ബി കാറ്റഗറി:** ലിയ ട്രീസ സുനിൽ കേഴപ്ലാക്കൽ (കൂരോട്ടുപാറ) അന്ന സനീഷ് തോണക്കര (കൂടരഞ്ഞി), ഏയ്ഞ്ചൽ സെബാസ്റ്റ്യൻ പുത്തൻപുരയ്ക്കൽ (വിലങ്ങാട്).
- **സി കാറ്റഗറി:** സിസ്റ്റർ ജോസ്ന മരിയ എഫ്സിസി (പാറോപ്പടി), കെ. എസ്. സിമി മരിയ കൊള്ളന്നൂർ (പാറോപ്പടി), എലിസബത്ത് തുരുത്തിമറ്റം (തേക്കുംകുറ്റി)
- **ഡി കാറ്റഗറി:** ഡോണ വിൻസെന്റ് പുളിയിലക്കാട്ട് (കൂരോട്ടുപാറ), ജിസി അഗ മരോട്ടിക്കുഴി (കൂരാച്ചുണ്ട്), ടിന്റു ജേക്കബ് മേടയിൽപുത്തൻവീട്ടിൽ (അമലാപുരി).
- **ഇ കാറ്റഗറി:** ഡോ. സെലീന പെരുംപള്ളി (ഈസ്റ്റ്ഹിൽ), ബീന ജോസഫ് വയലിൽ (മാങ്കാവ്), സെലിൻ പുരയിടത്തിൽ (തോട്ടുമുക്കം).
- **എഫ് കാറ്റഗറി:** മാത്യു തൈക്കുന്നുംപുറത്ത് (കൂരാച്ചുണ്ട്), റോസമ്മ ജോസ് മാടപ്പാട്ട് (പാറോപ്പടി), സാലി ജോർജ് കപ്പിലുമാക്കൽ (പന്തല്ലൂർ).

സംസ്ഥാനതല മത്സരം നവംബർ 10–ന് വിവിധ കേന്ദ്രങ്ങളിൽ നടക്കും. നവംബർ 23,24 തീയതികളിലാണ് മെഗാഫൈനൽ. ലോഗോസ് പ്രതിഭയ്ക്ക് അമ്പതിനായിരം രൂപയിൽ അധികമാണ് ക്യാഷ് അവാർഡ്.

### രൂപതാതലത്തിൽ ഒന്നാം റാങ്ക് നേടിയവർ


സഞ്ജീവ് ജോഷി അറക്കപ്പറമ്പിൽ


ലിയ ട്രീസ സുനിൽ കേഴപ്ലാക്കൽ


സിസ്റ്റർ ജോസ്ന മരിയ എഫ്സിസി


ഡോണ വിൻസെന്റ് പുളിയിലക്കാട്ട്


ഡോ. സെലീന പെരുംപള്ളി


മാത്യു തൈക്കുന്നുംപുറത്ത്

## വുമൺസ: വനിതാ സംഗമം നടത്തി

**കൈതപ്പോയിൽ** ● കെസിവൈഎം താമരശ്ശേരി രൂപതാ സമിതിയുടെ നേതൃത്വത്തിൽ രൂപതയിലെ യുവതികൾക്കായി 'വുമൺസ 4.0' വനിതാ സംഗമം നടത്തി. കൈതപ്പൊയിൽ ലിസ കോളജിൽ നടന്ന പരിപാടി യുവസംരംഭകരും സഹോദരങ്ങളുമായ ചിത്തിര റോസ് മാത്യൂ, ആതിര റോസ് മാത്യു എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. രൂപത വൈസ് പ്രസിഡന്റ് അലോണ ജോൺസൻ പൂകമല അധ്യക്ഷത വഹിച്ചു. ചടങ്ങിനോട് അനുബന്ധിച്ച് മെൻസ്ട്രുവൽ കപ്പ് ചലഞ്ച്, കേശദാന യജ്ഞം എന്നിവ സംഘടിപ്പിച്ചു. രൂപതാ ആനിമേറ്റർ സിസ്റ്റർ റൊസീൻ എസ്എബിഎസ്, രൂപതാ പ്രസിഡന്റ് റിച്ചാഡ് ജോൺ, സെക്രട്ടറി അലോന എലിസബത്ത്, സംസ്ഥാന സെനറ്റ് അംഗം അലീന ലെയ്സൺ, എസ്എംവൈഎം സംസ്ഥാന സെക്രട്ടറി ആഗി മരിയ ജോസഫ്, ലിസ കോളജ് പ്രതിനിധി ഫാ. ജോസ് പന്തക്കൽ, സീറോ മലബാർ മാതൃവേദി രൂപത പ്രസിഡന്റ് സ്വപ്ന ഗിരീഷ് എന്നിവർ സംസാരിച്ചു. രണ്ട് ദിവസമായി നടന്ന സംഗമത്തിൽ കുടുംബം, സാങ്കേതികത്വം, സംരംഭകത്വം എന്നിങ്ങനെ മൂന്ന് വിഷയങ്ങളിലായി യുവതികൾ ആശയങ്ങൾ പങ്കുവെക്കുകയും വിദഗ്ദർ ക്ലാസുകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

സ്നേഹ സ്മരണയ്ക്ക്
45–ാം ചരമവാർഷികം
20–ാം ചരമവാർഷികം

ദേവസ്യ മലേക്കുന്നേൽ കണ്ണോത്ത്
ജനനം: 10–03–1920
മരണം: 21–10–1979

അന്നമ്മ ദേവസ്യ മലേക്കുന്നേൽ
ജനനം: 15–05–1924
മരണം: 24–12–2004
സ്നേഹസ്മരണകളോടെ: മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

സ്നേഹ സ്മരണയ്ക്ക്
2–ാം ചരമവാർഷികം
29–10–2022

ഫാ. പോൾ പുത്തൻപുര
താമരശ്ശേരി രൂപതാംഗം
പ്രാർത്ഥനകളോടെ
ജോസ്- മേരി ഉള്ളാട്ടിൽ, കണ്ണോത്ത്

4–ാം ചരമവാർഷികം
08–11–2024

ഷിജോ തോമസ് (ഉണ്ണി)
കിഴക്കരെക്കാട്ട്, ചെമ്പനോട
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# ഇഎസ്എ: മലയോര ജനതയുടെ ആശങ്കകൾ മുഖ്യമന്ത്രിയുമായി പങ്കുവച്ച് മെത്രാന്മാർ

**തൃശ്ശൂർ ●** മലയോര ജനതയെ സാരമായി ബാധിക്കുന്ന ഇഎസ്എ വിഷയത്തിൽ ജനതയുടെ ആശങ്കകൾ പങ്കുവച്ച് പശ്ചിമഘട്ട ജനസംരക്ഷണ സമിതി രക്ഷാധികാരിയും താമരശ്ശേരി രൂപതാ ബിഷപ്പുമായ മാർ റെമീജിയോസ് ഇഞ്ചനാനിയിലും സിബിസിഐ പ്രസിഡന്റും തൃശ്ശൂർ അതിരൂപതാ ആർച്ച് ബിഷപ്പുമായ മാർ ആൻഡ്രൂസ് താഴത്തും മുഖ്യമന്ത്രി പിണറായി വിജയനുമായി കൂടിക്കാഴ്ച നടത്തി.

തൃശ്ശൂർ രാമനിലയിത്തിൽ നടന്ന കൂടിക്കാഴ്ചയിൽ ജോസ് കെ. മാണി എംപി, വി. ഫാം ചെയർമാൻ ജോയി കണ്ണഞ്ചിറ എന്നിവരും മെത്രാന്മാരോടൊപ്പമുണ്ടായിരുന്നു. വിലങ്ങാട് ഉരുൾപൊട്ടലിൽ ദുരിതമനുഭവിക്കുന്നവർക്കായി പ്രത്യേക പാക്കേജ് അനുവദിക്കണമെന്നും മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടു.



തൃശ്ശൂർ രാമനിലയിത്തിൽ മുഖ്യമന്ത്രി പിണറായി വിജയനുമായി ഇഎസ്എ വിഷയം ചർച്ച ചെയ്യുന്ന ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ. ജോസ് കെ. മാണി എംപി, വി. ഫാം ചെയർമാൻ ജോയി കണ്ണഞ്ചിറ എന്നിവർ സമീപം

ഇഎസ്എ റിപ്പോർട്ടും ഈ അടുത്തകാലത്ത് തയ്യാറാക്കി എന്ന് പറയുന്ന പുതിയ ഇഎസ്എ ജിയോ കോഡിനേറ്റ്സ് മാപ്പും എത്രയും വേഗം ബയോഡൈവേഴ്സിറ്റി ബോർഡിന്റെ വെബ് സൈറ്റിൽ ലഭ്യമാക്കിയാലെ ആറാമത്തെ ഇഎസ്എ കരടിൽ സൂചിപ്പിക്കുന്നത് പ്രകാരം പരാതി സമർപ്പിക്കാൻ ജനങ്ങൾക്ക് സാധിക്കുകയുള്ളുവെന്നും മറ്റ് സൈറ്റിലെ ഭൂപടത്തെ അടിസ്ഥാനമാക്കി അയയ്ക്കുന്നതായ ആക്ഷേപങ്ങൾ കരട് വിജ്ഞാപനത്തിനെതിരെയുള്ള ആക്ഷേപങ്ങളായി പരിഗണിക്കുക പോലും ഇല്ലയെന്നും സംഘം മുഖ്യമന്ത്രിയെ ധരിപ്പിച്ചു.

ആറാമത്തെ കരട് വിജ്ഞാപനത്തിൽ മാത്രം പ്രതിപാദിക്കുന്ന ഇഎസ്എയുടെ കഡസ്ട്രൽ മാപ്പും ബയോഡൈവേഴ്സിറ്റി ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമല്ല. ജിയോ കോഡിനേറ്റ്സ് മാപ്പിനൊപ്പം കഡസ്ട്രൽ മാപ്പും ജനങ്ങൾക്ക് പരിശോധിക്കാൻ സൈറ്റിൽ ലഭ്യമാക്കിയ ശേഷം പൊതുജനങ്ങൾക്ക് ആക്ഷേപം സമർപ്പിക്കാൻ 60 ദിവസത്തെയെങ്കിലും സാവകാശം നൽകണമെന്നും കേരളസർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെടണമെന്ന് അവർ ചൂണ്ടിക്കാട്ടി.

2024 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ പഞ്ചായത്തുകൾ ഉൾപ്പെടെ ഭേദഗതി വരുത്തി നൽകിയ ഇഎസ്എ രേഖകൾ തീരുമാനമെടുക്കാനായി ജൂൺ മാസത്തിൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്ന് പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് കത്ത് ലഭിച്ചിരുന്നു. എങ്കിലും ആറാമത്തെ കരട് വിജ്ഞാപനത്തിന് മുൻപോ ഇതുവരെയോ അന്തിമ ഭൂപടം ഉൾപ്പെടുന്ന ഈ രേഖകൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടില്ല, അവ ബയോഡൈവേഴ്സിറ്റി ബോർഡിന്റെ സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടില്ല എന്ന വസ്തുതയും സംഘം മുഖ്യമന്ത്രിയെ അറിയിച്ചു.

*വീഡിയോ സ്റ്റോറി കാണാനായി ക്യൂആർ കോഡ് സ്കാൻ ചെയ്യൂ*


ആധാരങ്ങളിൽ പരിസ്ഥിതി സംവേദക മേഖല (ഇഎസ്എ) എന്ന് എഴുതി ചേർക്കുന്നത് ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കും. അത്തരം ആധാരങ്ങൾ വെച്ച് ലോൺ എടുക്കാനോ സ്ഥലം വിൽക്കാനോ സാധിക്കില്ല.

ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിൽ തെറ്റായി രേഖപ്പെടുത്തിയ വനവിസ്തൃതി, (9107 ച. കി. മീ.), സംസ്ഥാന സർക്കാർ തിരുത്തി കേന്ദ്രത്തിന് റിപ്പോർട്ട് നൽകണം. ഇല്ലെങ്കിൽ ഈ വില്ലേജുകളിലെ 01.01.1968 നും 01.01.1977–നും മുൻപ് നൽകിയ സർക്കാർ അംഗീകൃത പട്ടയഭൂമികൾ വരെ ഇതനുസരിച്ച് വനഭൂമിയിൽ ഉൾപ്പെട്ടു പോകും.

കേരളത്തിൽ റവന്യൂ വില്ലേജുകളിൽ നിന്നും ഫോറസ്റ്റ് വില്ലേജുകളെ വേർതിരിച്ചില്ലെങ്കിൽ നിലവിലുള്ള സ്ഥിതിയനുസരിച്ച് ഒരു വില്ലേജിന്റെ പേരും അതിന്റെ അതിർത്തി കാണിക്കുന്ന മാപ്പുകളും ഇഎസ്എ നിയന്ത്രണങ്ങളിൽപെട്ടാൽ റവന്യൂ വില്ലേജുകൾ മുഴുവൻ ഈ നിയമത്തിന്റെ തിക്തഫലങ്ങൾ അനുഭവിക്കുവാൻ കാരണമാകും.

123 വില്ലേജുകളിലെ 13108 ച. കി. മീ നാച്ചുറൽ ലാൻഡ്സ്കേപ്പ് എന്നത് കേരളത്തിലെ ആകെ നാച്ചുറൽ ലാൻഡ്സ്കേപ്പിനെക്കാൾ 631 ച. കി. മീ കൂടുതലാണ്. ഇഎസ്എ നിലനിൽക്കുന്ന മറ്റ് അഞ്ചു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമാണ് ഇത്. ഇക്കാര്യം സംസ്ഥാന സർക്കാർ കേന്ദ്രത്തെ ബോധ്യപ്പെടുത്തണം മുഖ്യമന്ത്രിയുമായുള്ള കൂടിക്കാഴ്ചയിൽ മെത്രാന്മാർ ആവശ്യപ്പെട്ടു.

## ഭാരതീയരുടെ ജൂത പാരമ്പര്യം




ഇന്ത്യയിലെ ജൂത പാരമ്പര്യമുള്ളവരെക്കുറിച്ച് ചരിത്ര ഗവേഷകനായ ഡോ. അബ്രഹാം ബെൻഹറിന്റെ പുതിയ ഇംഗ്ലീഷ് പുസ്തകമാണ് 'The Jewish Indian.' ഭാരതത്തിലെ ജൂത ക്രിസ്ത്യാനികളെക്കുറിച്ച് മലയാളത്തിൽ അദ്ദേഹം നേരത്തെ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. പുതിയ പുസ്തകത്തിൽ ജൂത പാരമ്പര്യമുള്ള ഭാരതീയരെക്കുറിച്ചാണ് കൂടുതലും പരാമർശിക്കുന്നത്. കൂടാതെ ആഫ്രിക്ക, ടിബറ്റ്, ചൈന, കൊറിയ, അമേരിക്ക, അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ തുടങ്ങിയ പ്രദേശങ്ങളിലേക്ക് കുടിയേറി ആ സംസ്കാരങ്ങളോട് ലയിച്ച് ചേർന്ന ജൂതരെക്കുറിച്ചും വിശദമായി വിസ്തരിച്ചിട്ടുണ്ട്.

ഇസ്രയേലിലെ നഷ്ടപ്പെട്ട ദശഗോത്രങ്ങളുടെ സഞ്ചാരപഥമാണ് ബെൻഹറിന്റെ ഇഷ്ടപ്പെട്ട ഗവേഷണ വിഷയം. ഇതിൽ പുരാണവും പുരാവസ്തുശാസ്ത്രവും നരവംശശാസ്ത്രവും പഴയ നിയമവുമെല്ലാം ഉൾച്ചേർന്നിരിക്കുന്നു. മിത്തുകളിൽ നിന്ന് ഉരുത്തിരിയുന്ന സത്യവും കഥകളിലുള്ള യാഥാർത്ഥ്യത്തിന്റെ ദർശനങ്ങളും ചരിത്രാന്വേഷിയായ വായനക്കാരനെ ഹരം പിടിപ്പിക്കും. ബൈബിളിലെ രേഖകളെ പിൻപറ്റിയാണ് അന്വേഷണങ്ങൾ ചരിത്രകാരന്മാരെയും രേഖകളെയും ഉദ്ധരിച്ചുകൊണ്ട് ഭൂപടങ്ങളുടെ സഹായത്തോടെയാണ് ഗ്രന്ഥരചന നിർവഹിച്ചിരിക്കുന്നത്.

വയനാട് കൃഷ്ണഗിരിയിലെ കാപ്പിത്തോട്ടത്തിൽ മഹാശിലാസംസ്ക്കാരകാലത്തെ കല്ലറ കണ്ടെത്തിയതിനെ തുടർന്നാണ് ബെൻഹറിന്റെ അന്വേഷണം ആരംഭിക്കുന്നത്. ദീർഘമായ ഗവേഷണത്തിന്റെയും സഞ്ചാരത്തിന്റെയും ഫലമായി സമാന കല്ലറകൾ കേരളത്തിന്റെ മാത്രമല്ല ഇന്ത്യയുടെ പല ഭാഗങ്ങളിലും റഷ്യയിലും യൂറോപ്പിലും ആഫ്രിക്കയിലുമെല്ലാം ഉണ്ടെന്നു മനസിലായി. ശവസംസ്കാരത്തിലേയും കല്ലറകളിലേയും സമാനതകൾ ഇസ്രായേൽ ഗോത്രങ്ങളുടെ പലായന വഴികളിലേക്ക് വെളിച്ചം വീശി. തോമാശ്ലീഹായിൽ നിന്ന് വിശ്വാസം സ്വീകരിച്ച് കേരളത്തിലെ ക്രൈസ്തവ പാരമ്പര്യത്തിന് തുടക്കമിട്ട ശങ്കരപുരി, പകലോമറ്റം, കള്ളി, കള്ളിയാങ്കൽ കുടുംബങ്ങളെക്കുറിച്ചും അവയുടെ ശാഖകളെക്കുറിച്ചും പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. വയനാട് കൃഷ്ണഗിരിയിലെ ജീവനിസ്റ്റ് ബുക്സാണ് പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. വില 600 രൂപ, ഫോൺ: **9074967153**

## കുടുംബക്കൂട്ടായ്മ രൂപതാതല വിജയികളെ പ്രഖ്യാപിച്ചു

**താമരശ്ശേരി ●** കുടുംബക്കൂട്ടായ്മ 2023–24 പ്രവർത്തന വർഷത്തിൽ രൂപത–ഫൊറോന തലങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച കുടുംബയൂണിറ്റുകളുടെ പേരുകൾ പ്രഖ്യാപിച്ചു. രൂപതാതലത്തിൽ മാങ്കാവ് സെന്റ് ആന്റണീസ് യൂണിറ്റ് ഒന്നാം സ്ഥാനം നേടി. കട്ടിപ്പാറ ഏദൻ യൂണിറ്റ് രണ്ടും തിരുവമ്പാടി സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ് മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

ഫൊറോനതല വിജയികൾ:
(ആദ്യസ്ഥാനക്കാർ യഥാക്രമം)

**കരുവാരകുണ്ട് ഫൊറോന**
● കരുവാരകുണ്ട് സെന്റ് ജോർജ് (കണ്ണാത്ത് 1) യൂണിറ്റ്.

**കോടഞ്ചേരി ഫൊറോന**
● തെയ്യപ്പാറ സെന്റ് മേരീസ് യൂണിറ്റ് ● തെയ്യപ്പാറ സെന്റ് ജോസഫ് യൂണിറ്റ് ● കുപ്പായക്കോട് സെന്റ് മരിയാ ഗൊരേത്തി യൂണിറ്റ്

**കൂരാച്ചുണ്ട് ഫൊറോന**
● കക്കയം സെന്റ് മേരീസ് യൂണിറ്റ് ● കക്കയം സെന്റ് ചാവറ കുര്യാക്കോസ് യൂണിറ്റ് ● കൂരാച്ചുണ്ട് സെന്റ് സാവിയോ യൂണിറ്റ് (പൂവത്തുംചോല) ● കൂരാച്ചുണ്ട് സെന്റ് അൽഫോൻസ യൂണിറ്റ് (എ+ ഗ്രേഡ്)

**മരുതോങ്കര ഫൊറോന**
● മരുതോങ്കര സെന്റ് ജോൺ പോൾ യൂണിറ്റ് (നെടുംപൊയിൽ എ) ● മരുതോങ്കര മുണ്ടവയൽ യൂണിറ്റ് ● മരുതോങ്കര മുള്ളൻകുന്ന് എ യൂണിറ്റ്

**പാറോപ്പടി ഫൊറോന**
● മാങ്കാവ് സെന്റ് ആന്റണീസ് യൂണിറ്റ് ● മാങ്കാവ് സെന്റ് ജോസഫ്സ് യൂണിറ്റ് ● മാങ്കാവ് സെന്റ് ജൂഡ് യൂണിറ്റ്

**താമരശ്ശേരി ഫൊറോന**
● കട്ടിപ്പാറ ഏദൻ യൂണിറ്റ് ● താമരശ്ശേരി സെന്റ് തെരേസാസ് വൃന്ദാവൻ ● കട്ടിപ്പാറ പാലസ്തീന (സെന്റ് അൽഫോൻസ) യൂണിറ്റ്

**തിരുവമ്പാടി ഫൊറോന**
● തിരുവമ്പാടി സെന്റ്. സെബാസ്റ്റ്യൻ യൂണിറ്റ് ● വേനപ്പാറ സെന്റ് തോമസ് യൂണിറ്റ് ● തിരുവമ്പാടി സെന്റ് ഹെലൻ യൂണിറ്റ് ● തിരുവമ്പാടി സെന്റ് ജോൺ ബ്രിട്ടോ യൂണിറ്റ് (എ+ ഗ്രേഡ്) ● തിരുവമ്പാടി സെന്റ് ഡാമിയൻ യൂണിറ്റ് (എ+ ഗ്രേഡ്)

**തോട്ടുമുക്കം ഫൊറോന**
● തോട്ടുമുക്കം സെന്റ് എവുപ്രാസ്യ യൂണിറ്റ് ● തോട്ടുമുക്കം സെന്റ് അൽഫോൻസ യൂണിറ്റ് ● തോട്ടുമുക്കം സെന്റ് മേരീസ് യൂണിറ്റ് ● തോട്ടുമുക്കം സെന്റ് ജോൺ പോൾ യൂണിറ്റ് (എ+ ഗ്രേഡ്)

മലബാർ വിഷൻ ഓൺലൈൻ അപ്ഡേറ്റുകൾ കൃത്യമായി ലഭിക്കാൻ QR കോഡ് സ്കാൻ ചെയ്ത് വാട്സാപ്പ് കമ്മ്യൂണിറ്റിയിൽ അംഗമാകൂ.

വേവ്സ് മീഡിയ യുട്യൂബ് ചാനൽ സബ്സ്ക്രൈബ് ചെയ്യാൻ QR കോഡ് സ്കാൻ ചെയ്യൂ

മലബാർ വിഷനിൽ പരസ്യങ്ങൾ നൽകാൻ വിളിക്കൂ: 9497564558

# ക്യാരാ പഠിപ്പിക്കുന്ന മൂന്ന് കാര്യങ്ങൾ

**ഇന്ന് കുഞ്ഞുമാലാഖ വാഴ്ത്തപ്പെട്ട ക്യാരാ ലൂച്ചെയുടെ കഥയാണ് പറയുന്നത്. പതിനെട്ടാമത്തെ വയസിൽ കാൻസർ രോഗ ബാധിതയായി ദൈവസന്നിധിയിലേക്ക് യാത്രയായ കൊച്ചുമാലാഖയാണ് ക്യാരാ ലൂച്ചെ.**

## കുട്ടീസ് കോർണർ



**സിസ്റ്റർ ഡെൽന SABS**

ഉണ്ണീശോയുടെ കുഞ്ഞുമക്കളെ, സുഖമാണോ എല്ലാവർക്കും? നന്നായി പഠിക്കുന്നുണ്ടോ? ഈശോയ്ക്ക് ഇഷ്ടമുള്ള മക്കളായിട്ടാണോ വളരുന്നത്? ഈശോയെപ്പോലെ എല്ലാവർക്കും ഇഷ്ടമുള്ള നല്ല കുഞ്ഞായി വളരണം കെട്ടോ.

ഇന്ന് കുഞ്ഞുമാലാഖ വാഴ്ത്തപ്പെട്ട ക്യാരാ ലൂച്ചെയുടെ കഥയാണ് പറയുന്നത്. മക്കൾ കേട്ടിട്ടുണ്ടോ ക്യാരാ ലൂച്ചയെക്കുറിച്ച്? പതിനെട്ടാമത്തെ വയസിൽ കാൻസർ രോഗ ബാധിതയായി ദൈവസന്നിധിയിലേക്ക് യാത്രയായ കൊച്ചുമാലാഖയാണ് ക്യാരാ ലൂച്ചെ. ഒരുപാട് നന്മകൾകൊണ്ടു നിറഞ്ഞതായിരുന്നു ക്യാരയുടെ ജീവിതം. ഒരിക്കൽ അവൾ തന്റെ കൂട്ടുകാരോടൊപ്പം കളിക്കാൻ പോയി. കളികഴിഞ്ഞ് തിരിച്ച് വീട്ടിലെത്തിയപ്പോൾ അവളുടെ കയ്യിൽ മനോഹരമായ ചുവന്നു തുടുത്ത ഒരു ആപ്പിൾ ഉണ്ടായിരുന്നു.

'ഇതെവിടെ നിന്നാണ് നിനക്ക് ലഭിച്ചത്?' അമ്മ അവളോടു ചോദിച്ചു. ആപ്പിൾ ഏറെ ഇഷ്ടമുള്ള ക്യാര ഒരു കൊച്ചുനുണ പറഞ്ഞു. താഴെ വീട്ടിലെ ജിയന്ന ചേച്ചി തന്നതാണ്. ക്യാരയുടെ വീടിന് താഴെ ഒരു പഴയ മില്ലാണ്. അതിന്റെ ഉടമയാണ് ജിയന്ന. അവരുടെ വീടിനു മുമ്പിൽ ആപ്പിൾ മരമുണ്ട്. അത് നിറയെ ആപ്പിൾ ആണ്. അതിൽ നിന്ന് ഒരെണ്ണം ആരുടെയും അനുവാദം ചോദിക്കാതെ പറിച്ചുകൊണ്ടുവന്നതാണെന്ന് അമ്മയ്ക്ക് മനസിലായി.

ഉടൻ തന്നെ അവർ ക്യാരയെയും കൂട്ടി താഴെ ജിയന്നായുടെ വീട്ടിലെത്തി. കതകു തുറന്നു വന്ന ജിയന്നായോട് ചെയ്ത തെറ്റിന് മാപ്പു ചോദിക്കാൻ മരിയ ആവശ്യപ്പെട്ടു. ജിയന്നായുടെ അനുവാദമില്ലാതെ ആപ്പിൾ പറിച്ചത് തെറ്റാണെന്ന് ക്യാരയ്ക്കു മനസിലായിരുന്നു. എങ്കിലും മാപ്പു പറയാൻ അവൾ ആദ്യം മടിച്ചു. അമ്മ നിർബന്ധിച്ചപ്പോൾ ക്യാര മാപ്പു ചോദിച്ചു. പക്ഷെ, ജിയന്ന ഒന്നും പറഞ്ഞില്ല. 'അവൾ കുഞ്ഞല്ലെ, അതൊന്നും സാരമില്ല' എന്നു മാത്രമാണ് ജിയന്ന പറഞ്ഞത്. അമ്മയും ക്യാരയും തിരികെ വീട്ടിലേക്ക് മടങ്ങി. അൽപ്പം കഴിഞ്ഞപ്പോൾ കതകിൽ മുട്ടുകേട്ടു. വാതിൽ തുറന്നു നോക്കിയപ്പോൾ ഒരു കുട്ട ആപ്പിളുമായി ജിയന്നാ. സന്തോഷത്തോടെ ജിയന്ന പറഞ്ഞു: ' ഇത് ക്യാരയ്ക്കുള്ള സമ്മാനം. കാരണം ക്യാര എന്റെ കുഞ്ഞുങ്ങളെയും ഇന്ന് വലിയ രണ്ട് പാഠം പഠിപ്പിച്ചു. ഒന്ന് അനുവാദം ചോദിക്കാതെ ആരുടെയും ഒരു സാധനവും എടുക്കരുത്. രണ്ടാമതായി അനുസരണത്തിന്റെ നല്ല പാഠം. മടിയുണ്ടായിട്ടും അമ്മയെ അനുസരിച്ച് ക്ഷമ ചോദിക്കുവാൻ ക്യാര തയ്യാറായല്ലോ. സന്തോഷത്തോടെ ക്യാര സമ്മാനം സ്വീകരിച്ചു.

പ്രിയപ്പെട്ട കൂട്ടുകാരെ ക്യാരയുടെ ജീവിതം ഇന്ന് നമ്മെയും വലിയ മൂന്ന് കാര്യങ്ങൾ പഠിപ്പിക്കുന്നില്ലേ?

ഒന്ന്: അനുവാദമില്ലാതെ ഒന്നും എടുക്കരുത്

രണ്ട്: തെറ്റു ചെയ്താൽ ക്ഷമ ചോദിക്കണം.

മൂന്ന്: മുതിർന്നവർ പറയുന്നത് അനുസരിക്കണം.

കുഞ്ഞുമക്കളെ ക്യാരയെപ്പോലെ സുകൃത ജീവിതത്തിലൂടെ ഈശോയ്ക്ക് ഇഷ്ടമുള്ള മക്കളായി നമുക്കും വളരാം. ഇന്ന് കൊച്ചു വചനംകൂടി പഠിച്ചാലോ? കൊളോസോസ് 3:20 'കുട്ടികളേ, എല്ലാ കാര്യങ്ങളിലും നിങ്ങളുടെ മാതാപിതാക്കന്മാരെ അനുസരിക്കുവിൻ. ഇത് കർത്താവിനു പ്രീതികരമത്രേ...

## നേട്ടം



● റോമിലെ അഞ്ചേലിക്കും പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്ന് സേക്രഡ് തിയോളജിയിൽ ഡോക്ടറേറ്റ് നേടിയ സിസ്റ്റർ ആനി ദീപ. എഫ്സിസി താമരശ്ശേരി പ്രോവിൻസ് അംഗവും വേനപ്പാറ ഹോളി ഫാമിലി ഇടവകയിലെ നെടുങകല്ലേൽ റിട്ട. അധ്യാപകരായ അബ്രഹാം–ഏലിക്കുട്ടി ദമ്പതികളുടെ മകളുമാണ്.



● ഡൽഹി യൂണിവേഴ്സിറ്ററിയിൽ നിന്ന് ജിയോളജിൽ പിഎച്ച്ഡി നേടിയ ജൂബി തോമസ്. വിലങ്ങാട് പ്ലാത്തിച്ചിറ തോമസ്–റോസമ്മ ദമ്പതികളുടെ മകൻ. നെക്സ്റ്റ് ജെനറേഷൻ യൂറോപ്യൻ യൂണിയൻ ഫണ്ടിങ്ങിൽ ഇറ്റലിയിലെ യുഡിൻ യൂണിവേഴ്സിറ്റിയിൽ പോസ്റ്റ് ഡോക്ടറൽ ഫെലോയാണ്.



● കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ നിന്ന് എംഎ ഇക്കണോമിക്സിൽ രണ്ടാം റാങ്ക് കരസ്ഥമാക്കിയ മനു എമ്മാനുവേൽ. മാങ്കാവ് ഇടവകാംഗം മാങ്കൂട്ടത്തിൽ എമ്മാനുവേൽ–അന്നമ്മ ദമ്പതികളുടെ മകൻ.

# എഴുപതു കഴിഞ്ഞവർക്ക് സൗജന്യ ചികിത്സ

## പദ്ധതി പരിചയം



**ഡോ. ഹിമ സുബിൻ കൂനംതടത്തിൽ**

രാജ്യത്തെ ഭൂരിഭാഗം ഇൻഷുറൻസ് കമ്പനികളും 70 വയസിനു മുകളിൽ ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല. നൽകിയാൽ തന്നെ ഉയർന്ന തുക പ്രീമിയം അടയ്ക്കേണ്ടി വരും. അത് ഇടത്തരം വരുമാനമുള്ള കുടുംബങ്ങൾക്ക് താങ്ങാൻ കഴിയുന്നതല്ല. ഈ സാഹചര്യത്തിലാണ് രാജ്യത്ത് 70 വയസ് കഴിഞ്ഞ എല്ലാ മുതിർന്ന പൗരന്മാർക്കും ജാതിമതഭേദമന്യേ, സാമൂഹിക സാമ്പത്തിക നില പരിഗണിക്കാതെ സൗജന്യ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ നൽകുമെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചത്. ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജന ആരോഗ്യ യോജന ദേശീയ ഇൻഷുറൻസ് പദ്ധതിക്ക് കീഴിലാണ് ഈ പരിരക്ഷ.

നിലവിൽ ഈ പദ്ധതിയിൽ അംഗങ്ങളായ മുതിർന്ന പൗരന്മാർക്ക് ലഭ്യമായ ഇൻഷുറൻസ് കവറിന് പുറമേയാണ് ഇത് ലഭിക്കുക. അഞ്ച് ലക്ഷം രൂപ വരെ സൗജന്യമായി ചികിത്സ ലഭിക്കും. സ്വകാര്യ ഇൻഷുറൻസ് കവറേജ് ഉള്ളവർക്കും ഈ പദ്ധതിയുടെ ഭാഗമാകാം.

കവറേജിൽ പ്രീ–ഹോസ്പിറ്റൽ, പോസ്റ്റ് ഹോസ്പിറ്റൽ ചെലവുകളും, ഡയഗ്നോസിസ്, ട്രീറ്റ്മെന്റ്, ടെസ്റ്റുകൾ, ഓപ്പറേഷൻ തുടങ്ങിയവയെല്ലാം ഉൾപ്പെടും.

### പദ്ധതിയിൽ എങ്ങനെ അംഗമാകാം

രജിസ്റ്റർ ചെയ്യാനായി ayushmanup.in ഓൺലൈൻ പോർട്ടലിലെ ക്വിക്ക് ലിങ്കിൽ Register Yourself എന്ന ബട്ടൺ അമർത്തിയാൽ NHA SETU എന്ന വെബ്സൈറ്റിൽ എത്തും. ഇവിടെ ഓൺലൈൻ ഫോം ലഭ്യമാകും.

KYC-ക്ക് ശേഷം ഒടിപി, ആധാർ കാർഡ് ഡീറ്റെയിൽസ് നൽകിയാൽ ആയുഷ്മാൻ കാർഡ് ഡൗൺലോഡ് ചെയ്യാം

ജീവിത സായാഹ്നത്തിൽ ആളുകൾ ഏറ്റവും ദുരന്തം അനുഭവിക്കുന്നത് മരുന്നുകൾക്കും ആശുപത്രി ചെലവുകൾക്കുമാണ്. ഇതിന് പരിഹാരമാണ് കേന്ദ്ര സർക്കാരിന്റെ പുതിയ പ്രഖ്യാപനം. സ്വന്തം ആരോഗ്യ പരിരക്ഷയ്ക്ക് വേണ്ടി അന്യർക്ക് മുന്നിൽ കൈ നീട്ടി നിൽക്കേണ്ട ഗതികേട് ഇന്ത്യയിലെ മുതിർന്ന പൗരന്മാർക്ക് ഇനി ഉണ്ടാവുകയില്ല.

അഭിമാനത്തോടെ ജീവിക്കാനും സ്വന്തം ആരോഗ്യം സംരക്ഷിക്കാനുമായി ഈ പദ്ധതിയിൽ അംഗമാകുന്നത് വഴി സാധിക്കും.

*(കേന്ദ്ര കൃഷിവകുപ്പിൽ ശാസ്ത്രജ്ഞയാണ് ലേഖിക)*






# വരുന്നത് കർഷക ഗ്രൂപ്പുകളുടെ കാലം

**ഒറ്റയ്ക്ക് വെട്ടിപ്പിടിക്കാൻ നിൽക്കാതെ സംഘങ്ങളായി ഒരേ ലക്ഷ്യത്തിലേക്ക് തിരിഞ്ഞാൽ കൃഷി സംരംഭങ്ങളിൽ ഇനിയും സാധ്യതകളുണ്ട്. ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനം, കയറ്റുമതി, വിപണനം സംസ്കരണം അങ്ങനെ ഒത്തിരിയൊത്തിരി സാധ്യതകൾ തുറന്നു കിടപ്പുണ്ട്.**

**കൃഷിപാഠം**
ജെകെവി

പ്രതീക്ഷകളാണ് മലയോര ജനതയുടെ സമ്പത്ത്. അവരെ മുന്നോട്ടു നയിക്കുന്നതും തളരാതെ പിടിച്ചു നിർത്തുന്നതും എതു തകർച്ചകളിൽ നിന്നും ഉയിർത്തെഴുന്നേൽപ്പിക്കുന്നതും പ്രതീക്ഷകളാണ്. അതുകൊണ്ടത്രേ കൃഷിനാശത്തിൽ സർവതും ഇല്ലാതായാലും ഉരുളും പ്രളയവും വരൾച്ചയും കടക്കെണിയും മുലം എല്ലാം തകർന്നടിഞ്ഞാലും പ്രതീക്ഷയോടെ ഒരു നല്ലനാൾ കടന്നു വരുമെന്ന് സ്വപ്നം കാണാൻ കുടിയേറ്റ മണ്ണിലെ ജനമനസ്സുകൾക്ക് കഴിയുന്നത്.

മണ്ണിന്റെയും കൃഷിയുടെയും സമൃദ്ധി കുറഞ്ഞിടത്തുനിന്ന് വിദേശ മണ്ണിലെ വാഗ്ദത്ത ദേശങ്ങൾ സ്വപ്നം കാണാൻ പുതുതലമുറ തുനിയുന്നത് പൂർവികരുടെ പ്രതീക്ഷയുടെ ഈ കൈമുതലിലാണ്.

എന്നാൽ ഇവിടെ ഇനിയും വിജയ പ്രതീക്ഷകളുടെ പുതുതുരുത്തുകൾ രൂപപ്പെട്ടു വരുന്നുണ്ട്. പച്ചത്തുരുത്തുകൾ തിരിച്ചറിഞ്ഞ് അതിനൊപ്പം നീങ്ങണമെന്നു മാത്രം. കൃഷിയിലും കാർഷിക വസ്തുക്കളുടെ മൂല്യവർധിത ഉൽപന്നങ്ങളിലും അവയുടെ വിപണനത്തിലുമൊക്കെ ഇനിയും സാധ്യതകളുണ്ട്.

ഒറ്റയ്ക്ക് വെട്ടിപ്പിടിക്കാൻ നിൽക്കാതെ സംഘങ്ങളായി ഒരേ ലക്ഷ്യത്തിലേക്ക് തിരിഞ്ഞാൽ കൃഷി സംരംഭങ്ങളിൽ ഇനിയും സാധ്യതകളുണ്ട്. ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനം, കയറ്റുമതി, വിപണനം സംസ്കരണം അങ്ങനെ ഒത്തിരിയൊത്തിരി സാധ്യതകൾ തുറന്നു കിടപ്പുണ്ട്.

### സംഘകൃഷിക്ക് സർക്കാർ സഹായം

‘ഞങ്ങളും കൃഷിയിലേക്ക്’ എന്ന പുതിയ മുദ്രാവാക്യവുമായി വീട്ടങ്കണത്തിലെയും കർഷകഗ്രൂപ്പുകളിലെയും കൃഷി ആഭിമുഖ്യത്തെ പരിപോഷിപ്പിക്കാനൊരുങ്ങുകയാണ് കൃഷിവകുപ്പ്. ജൈവകൃഷിയുടെ പ്രോത്സാഹനം, സംഘകൃഷിയുടെ വ്യാപനം, സ്വയം പര്യാപ്തമായ കൃഷിജീവിതത്തിലേക്കുള്ള വളർച്ച തുടങ്ങിയ ഒട്ടേറെ ലക്ഷ്യങ്ങളുമായാണ് കൃഷിമുന്നേറ്റം.

സർക്കാരിന്റെ 100 ദിന കർമപരിപാടിയിൽ ഉൾപ്പെടുത്തി 10,000 ഹെക്ടറിൽ ജൈവകൃഷി നടപ്പാക്കാനാണു തീരുമാനം. ഇതിന്റെ ഭാഗമാണ് ‘ഞങ്ങളും കൃഷിയിലേക്ക്’ എന്ന പദ്ധതി. പുതുതായി 10,000 കർഷക ഗ്രൂപ്പുകൾ സ്ഥാപിക്കും. എല്ലാ വീടുകളിലും പോഷകത്തോട്ടം നിർമിക്കാനും കൃഷി വകുപ്പ് തീരുമാനിച്ചു. പദ്ധതിയെ പറ്റി അറിയുന്നതിനായി മിസ്ഡ് കോൾ ഇൻഫർമേഷൻ സംവിധാനം എല്ലാ ജില്ലകളിലും ഉടൻ നിലവിൽ വരും.

പങ്കെടുക്കുന്ന മുഴുവൻ പേർക്കും കൃഷി ചെയ്യാൻ ആവശ്യമായ ഭൂമി കണ്ടെത്താൻ കൃഷി വകുപ്പ് സഹായിക്കും. കൃഷിക്കാവശ്യമായ വിത്തും തൈകളും നൽകും. വിസ്തൃതി/ഇനം അനുസരിച്ച് പരിപാലന മുറകൾ നിശ്ചയിച്ചു നൽകും. വീടുകൾ, സ്കൂൾ, കോളജ് സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള കൃഷിക്ക് ആവശ്യമായ പിന്തുണ ഉറപ്പാക്കും. പച്ചക്കറി കൃഷിക്ക് മുൻഗണന. വ്യക്തികൾ, ഗ്രൂപ്പുകൾ സംഘടനകൾ എന്നിവയ്ക്ക് ഇതു സംബന്ധിച്ച് അറിയിപ്പു നൽകും.



തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുക. സ്ത്രീകൾ, യുവാക്കൾ, പ്രവാസികൾ എന്നിവർ ഉൾപ്പെടുന്ന കൂട്ടങ്ങൾ (ഒറ്റയ്ക്കോ, കൂട്ടായോ) സജ്ജമാക്കും. ഓരോ കൂട്ടത്തിലും കുറഞ്ഞത് 10 അംഗങ്ങൾ ഉണ്ടായിരിക്കും. ഒരു പഞ്ചായത്തിൽ കുറഞ്ഞത് ഇത്തരം 10 ഗ്രൂപ്പുകളാണ് രൂപീകരിക്കുക. നെല്ല്, പച്ചക്കറി, കിഴങ്ങു വർഗങ്ങൾ എന്നിവയിൽ ഗ്രൂപ്പുകൾ ആരംഭിക്കും. ഓരോ ഗ്രൂപ്പിലും ഒരുമിച്ചോ, പലയിടങ്ങളിലായോ കുറഞ്ഞത് രണ്ട് ഏക്കർ സ്ഥലത്തു കൃഷി ചെയ്യണം. കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ധനസഹായം നൽകും. തരിശു കൃഷിക്കാണ് കൂടുതൽ സഹായം.

വിഷരഹിത പച്ചക്കറികൾ ഉൽപാദിപ്പിക്കുക മുഖ്യ ലക്ഷ്യം. ഇതിന് ആവശ്യമായ നിർദേശങ്ങൾ കൃഷി വകുപ്പ് നൽകും. ഒരു സെന്റ് പച്ചക്കറികൃഷി, മട്ടുപ്പാവിലെ കൃഷി, വീട്ടുവളപ്പിലെ പോഷകത്തോട്ടം, മഴമറ കൃഷി തുടങ്ങിയ പ്രവർത്തനങ്ങൾ കുടുംബങ്ങൾ കേന്ദ്രീകരിച്ച് നടപ്പിലാക്കാനാണു തീരുമാനം.

പദ്ധതിക്കായി നാലു കോടി രൂപയാണു നീക്കി വച്ചിരിക്കുന്നത്. ഇതിലൂടെ പരോക്ഷമായി 10,000 പേർക്ക് തൊഴിലവസരം സൃഷ്ടിക്കാൻ കഴിയുമെന്നു കരുതുന്നു. 10,000 ഹെക്ടറിൽ ജൈവകൃഷി നടപ്പാക്കുന്നതിനായി 10 കോടിയും, 10000 കാർഷിക ഗ്രൂപ്പുകൾക്കായി 15 കോടി രൂപയും നീക്കിവച്ചു.

10000 കാർഷിക ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിലൂടെ ഒരു ലക്ഷം പേർക്ക് പ്രത്യക്ഷമായും 20000 പേർക്ക് പരോക്ഷമായും തൊഴിൽ അവസരം ഉണ്ടാകും. 10000 ഹെക്ടർ ജൈവകൃഷിയിലൂടെ 20000 പേർക്ക് പ്രത്യക്ഷമായും 1000 പേർക്ക് പരോക്ഷമായും തൊഴിലവസരം ഉണ്ടാകും.

### കുടുംബക്കൂട്ടായ്മകൾക്ക് കൃഷിയിടത്തിലേക്ക് ഇറങ്ങാം

കുടുംബക്കൂട്ടായ്മകൾ ചേർത്ത് ഒരു ഹരിത ഗ്രൂപ്പ് ആക്കി റജിസ്റ്റർ ചെയ്യണം. അവരുടെ കാർഷിക വികസന പ്രവർത്തനങ്ങൾക്ക് അര ലക്ഷം രൂപ സർക്കാർ സഹായം നൽകും. യൂണിറ്റ് അംഗങ്ങൾക്ക് വീടിന്റെ ടെറസിനു മുകളിൽ ഗ്രോ ബാഗ് കൃഷി ചെയ്യാൻ (25 യൂണിറ്റ്) സഹായം ലഭിക്കും. 2000 രൂപയിൽ 500 രൂപ മാത്രം ഗുണഭോക്താവ് നൽകിയാൽ മതി.

തുള്ളി നനയ്ക്കും തിരി നനയ്ക്കും സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഹൈബ്രിഡ് പച്ചക്കറി കൃഷി ഹെക്ടറിന് 20,000 രൂപ സർക്കാർ സഹായമുണ്ട്. അതുപോലെ ജൈവവള യൂണിറ്റ് ഉണ്ടാക്കാനും സഹായം നൽകുന്നുണ്ട്. ഏഴു മീറ്റർ നീളം, മൂന്നു മീറ്റർ വീതി, ഒരു മീറ്റർ ആഴമുള്ള കുഴിയെടുത്താണ് വളം യൂണിറ്റ് ഉണ്ടാക്കുന്നതെങ്കിൽ ആകെ ചെലവു വരുന്ന 5000 രൂപയുടെ പകുതി സർക്കാർ നൽകും.

## കൃഷി വികസനത്തിന് കേന്ദ്രപദ്ധതി



കേന്ദ്ര കൃഷി– കർഷക ക്ഷേമ മന്ത്രാലയം കൃഷി അധിഷ്ഠിത സംരംഭങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനായി തുടങ്ങിയതാണ് രാഷ്ട്രീയ കൃഷി വികാസ് യോജന എന്ന പദ്ധതി. കാർഷികോൽപന്നങ്ങളുടെ സംസ്കരണം, കൃഷിയിടങ്ങളിലെ യന്ത്രവൽക്കരണം, പാഴ്‌വസ്തുക്കളെ ഉപകാരപ്രദമായ വിധത്തിൽ ഉപയോഗിക്കാനുള്ള പദ്ധതികൾ, ക്ഷീരമേഖലയുടെ വികസനം, ഫിഷറീസ്, നിർമിത ബുദ്ധി, ഡിജിറ്റൽ അഗ്രികൾചർ എന്നീ മേഖലകളിലൊക്കെ ഈ പദ്ധതിയെ പ്രയോജനപ്പെടുത്താം.

### കൂട്ടായ്മകൾ ഉണരണം

രാഷ്ട്രീയ കൃഷി വികാസ് യോജന, കൃഷിയും അനുബന്ധ ഗവേഷണങ്ങളും പരിപോഷിപ്പിക്കാനും വളർത്താനും ലക്ഷ്യമിട്ട് ആരംഭിച്ചതാണ്. കൃഷി മേഖലയെ ലാഭകരമായ ബിസിനസ് ആക്കി മാറ്റാൻ കർഷക ഗ്രൂപ്പുകളെ വളർത്തിയെടുക്കുകയാണ് ഉദ്ദേശ്യം. ഒന്നോ രണ്ടോ കർഷകർ മാത്രം വിചാരിച്ചാൽ സാധിക്കുന്ന കാര്യമല്ല ഇത്. കർഷക സഹകരണ സംഘങ്ങൾ വലിയ കൃഷി വിഭവ സംസ്കരണ കേന്ദ്രങ്ങൾ കൃഷി അധിഷ്ഠിത വ്യവസായ കേന്ദ്രങ്ങൾ തുടങ്ങിയവയൊക്കെ ആണ് കൃഷി ഇൻക്യുബേഷനുകളുടെ പരിധിയിൽ വരുന്നത്.

ഇപ്പോഴത്തെ അവസ്ഥയിൽ നിന്ന് ലാഭകരമായ ബിസിനസ് എന്ന രീതിയിൽ കൃഷിയെ വളർത്തിയെടുക്കുക എന്നതാണ് ഒന്നാമത്തെ ലക്ഷ്യം. പാരമ്പര്യമായി പിൻതുടരുന്ന കൃഷി രീതികളിൽ നിന്ന് മാറി പൂർണമായി യന്ത്രവൽകൃതവും ലാഭകേന്ദ്രീകൃതവുമായി രീതികളിലേക്ക് മാറാൻ കർഷക ഗ്രൂപ്പുകൾക്ക് സാധിക്കണം.

**ഉപകാരസ്മരണ**
വി. യൂദാശ്ലീഹായോടുള്ള നൊവേന
മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വിശുദ്ധ യൂദാശ്ലീഹായെ ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിലും ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞങ്ങളപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ സദാ ഞങ്ങൾ ഓർക്കുമെന്നും, അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.
അസാധ്യകാര്യങ്ങളുടെ മധ്യസ്ഥാ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ
ഒരു വിശ്വാസി, ദേവഗിരി

**ഉപകാരസ്മരണ**

ത്രേസ്യാമ്മ തോമസ് പുത്തൻപുരയിൽ
കോടഞ്ചേരി

**ഉപകാരസ്മരണ**

അൽഫോൻസ
തിരുവമ്പാടി

**ഉപകാരസ്മരണ**

വിശുദ്ധ റീത്ത പുണ്യവതിയുടെ മധ്യസ്ഥതയിൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ
ഒരു വിശ്വാസി–തോട്ടുമുക്കം










# ക്വിസ് കോർണർ 2024



## 2024 നവംബർ – ഡിസംബർ ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. ഷിൻഡ്‌ലേർസ് ലിസ്റ്റ് എന്ന ചലച്ചിത്രത്തിന്റെ സംവിധായകൻ ആര്?
2. സഹനങ്ങളോടും വ്യഥകളോടും പ്രതികരിക്കേണ്ടത് ഏതു ഭാഷയിലാണ്?
3. ജീവനെ നശിപ്പിക്കാനും പുലർത്താനും നാവിന് കഴിയുമെന്ന് ബൈബിളിലെ ഏതു പുസ്തകത്തിലാണ് പറയുന്നത്?
4. 'ഇനി താജ്മഹലിനും ചെങ്കോട്ടയ്ക്കും ഇന്ത്യ മുഴുവനും വേണ്ടി വഖഫ് ബോർഡ് അവകാശവാദം ഉന്നയിക്കുമോ?' ഇത് ആരുടെ വാക്കുകൾ?
5. മലബാറിന്റെ വിവിധ മലമടക്കുകളിൽ താമസം ആരംഭിച്ച കുടിയേറ്റക്കാരുടെ കൈമുതൽ എന്തായിരുന്നു?
6. 'മനുഷ്യൻ ഏറ്റം ദുർബലനായിരിക്കുമ്പോഴാണ് ഏറ്റവും കൂടുതൽ ബഹുമാനത്തിന് അർഹനാകുന്നത്.' ഇത് ആരുടെ വാക്കുകളാണ്?
7. താമരശ്ശേരി രൂപതയുടെ അജപാലന കോ–ഓഡിനേറ്ററായി നിയമിതനായ വൈദികൻ ആര്?
8. സിഎയുടെ രണ്ടാം ഘട്ടം അറിയപ്പെടുന്നത് ഏതു പേരിലാണ്?
9. താമരശ്ശേരി രൂപതയുടെ അജപാലന കേന്ദ്രമായ മേരിക്കുന്ന് പിഎംഒസിയുടെ ഇപ്പോഴത്തെ ഡയറക്ടർ ആരാണ്?
10. 'ഞങ്ങളും കൃഷിയിലേക്ക്' എന്നത് ഏതു വകുപ്പിന്റെ പദ്ധതിയാണ്?

**ഉത്തരങ്ങൾ 2024 ഡിസംബർ 18 ന് മുമ്പ് ലഭിക്കണം**

*2024 സെപ്റ്റംബർ – ഒക്ടോബർ ലക്കം വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**ഷിയ മരിയ**
അയ്യമലയിൽ, വിലങ്ങാട്

● രണ്ടാം സമ്മാനം, 500 രൂപ
**ജോർജ്കുട്ടി**
കുഴിമണ്ണിൽ, പാലൂർകോട്ട

● മൂന്നാം സമ്മാനം, 250 രൂപ
**അൽഫോൻസ അലക്സ്**
രാസമല്ല, കുണ്ടുതോട്

ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ്പ് നമ്പർ
**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## സെപ്റ്റംബർ – ഒക്ടോബർ ലക്കം ഉത്തരങ്ങൾ

1. ജോഷി ബെനഡിക്ട് 2. ഒക്ടോബർ 3. ദൈവകേന്ദ്രീകൃത കുടുംബം ദൈവവിളിയുടെ ഉറവിടവും ശക്തിയും 4. കേരള ലേബർ മൂവ്മെന്റ് 5. അടൽ പെൻഷൻ യോജന 6. എൻസിടിഇ 7. സെപ്റ്റംബർ ആറ് 8. ഫാ. മാത്യു ഓണയാത്തൻകുഴി 9. പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് യോജന 10. 1974

## പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്. ● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല. ● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673012.** ● സംശയങ്ങൾക്ക് വിളിക്കുക: 97 44 99 5553

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1
2
3
4
മലബാർ വിഷൻ
5
6
7
8
9
10
മലബാർ വിഷൻ

പേര്: ..................................................

വീട്ടുപേര്: ..................................................

ഇടവക: ..................................................

ഫോൺ: ..................................................

# മികച്ച കരിയർ പടുത്തുയർത്താം

**180-ൽ അധികം രാജ്യങ്ങളിൽ കൊമേഴ്സ് ആന്റ് ഫിനാൻസ് മേഖലകളിൽ ബാങ്കിങ്, അക്കൗണ്ടിങ്, ഓഡിറ്റിങ്, കോർപ്പറേറ്റ് ഫിനാൻസ്, ഇൻഷുറൻസ്, മാനേജ്മെന്റ്, കൺസൾട്ടിങ് തുടങ്ങി വിവിധ ജോലി അവസരങ്ങളാണ് പ്രൊഫഷണൽ അക്കൗണ്ടിങ് കോഴ്സ് പാസാകുന്നവരെ കാത്തിരിക്കുന്നത്. കൂടാതെ സർക്കാർ, എൻജിഒ സെക്ടറുകളിലും നിരവധി തൊഴിലവസരങ്ങളുണ്ട്. വിവിധ പ്രൊഫഷണൽ അക്കൗണ്ടിങ് കോഴ്സുകൾ പരിചയപ്പെടാം**



## വിദ്യാധനം

പ്രഫ. ചാർലി കട്ടക്കയം

ബാങ്കിങ്, ഇൻഷുറൻസ്, കമ്പനികൾ, ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ്, പ്രൈവറ്റ് സംരംഭങ്ങൾ, ഹോസ്പിറ്റൽ, വ്യവസായ മേഖലകൾ തുടങ്ങി വിവിധ മേഖലകളിൽ മികച്ച ജോലി സാധ്യതകളാണ് ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനെ കാത്തിരിക്കുന്നത്. സിഎ പൂർത്തിയാക്കിയാൽ ചാർട്ടേഡ് അക്കൗണ്ടന്റ് ആയി ജോലി ചെയ്യാം. അസോസിയേഷൻ ഓഫ് ചാർട്ടേഡ് സർട്ടിഫിക്കറ്റ് അക്കൗണ്ട് (എസിസിഎ) ചാർട്ടേഡ് ഫിനാൻഷ്യൽ അനലിസ്റ്റ് (സിഎഫ്എ), സർട്ടിഫൈഡ് മാനേജ്മെന്റ് അക്കൗണ്ടന്റ് (സിഎംഎ), സർട്ടിഫൈഡ് പബ്ലിക് അക്കൗണ്ടന്റ് (സിപിഎ), ചാർട്ടേഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് അക്കൗണ്ടന്റ് (സിഐഎംഎ), കമ്പനി സെക്രട്ടറി തുടങ്ങിയ കോഴ്സുകൾ ചെയ്താൽ മാനേജ്മെന്റ്, അക്കൗണ്ടിങ്, ഫിനാൻസ് മേഖലകളിൽ ധാരാളം ജോലി സാധ്യതകളുണ്ട്.

### ഐസിഎഐ മെമ്പർഷിപ്പ്

1949-ൽ ചാർട്ടേഡ് അക്കൗണ്ട് ആക്റ്റ് പ്രകാരം നിലവിൽ വന്ന സമിതിയാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ (ഐസിഎഐ). ഡൽഹി ആസ്ഥാനമായ ഈ സമിതിയാണ് ഇന്ത്യയിലെ ചാർട്ടേഡ് അക്കൗണ്ടന്റുമാരെ നിയന്ത്രിക്കുന്നതും അവർക്കുള്ള യോഗ്യതാ പരീക്ഷകൾ നടത്തുന്നതും. ഏകദേശം മൂന്ന് ലക്ഷത്തോളം മെമ്പർമാർ ഇപ്പോൾ ഈ സമിതിയിൽ അംഗങ്ങളാണ്.

ഐസിഎഐ അംഗങ്ങൾക്കു മാത്രമേ ചാർട്ടേഡ് അക്കൗണ്ടന്റായി പ്രവർത്തിക്കുവാൻ അനുവാദമുള്ളൂ. ഐസിഎഐയിൽ രണ്ടു തരം മെമ്പർഷിപ്പുകളുണ്ട്. അസോസിയേറ്റ് മെമ്പറും, ഫെലോ മെമ്പറും. ഐസിഎഐ നടത്തുന്ന പരീക്ഷ പാസായി മെമ്പർഷിപ്പിന് അപേക്ഷിക്കുമ്പോൾ അസോസിയേറ്റ് മെമ്പർ ആയി അംഗത്വം ലഭിക്കുന്നു. അസോസിയേറ്റ് മെമ്പറായി അഞ്ച് വർഷം പ്രാക്ടീസ് ചെയ്തു കഴിഞ്ഞാൽ ഫെലോ മെമ്പറായി മാറുന്നു.

പ്ലസ്ടു കഴിഞ്ഞവർക്കും ഡിഗ്രിക്കാർക്കും ഐസിഎഐയുടെ പരീക്ഷയിൽ പങ്കെടുക്കാം. പ്ലസ്ടുക്കാർക്ക് മൂന്ന് തലത്തിലുള്ള പരീക്ഷകൾ പാസാകണം. സി.എ ഫൗണ്ടേഷൻ, സി.എ ഇന്റർ മീഡിയേറ്റ്, സിഎ ഫൈനൽ എന്നിവയാണവ. ഡിഗ്രി കഴിഞ്ഞവർക്ക് സിഎ ഇന്റർമീഡിയേറ്റും, ഫൈനലും മാത്രം പാസായാൽ മതി. പ്ലസ്ടുവിനും ഡിഗ്രിക്കും ഏത് വിഷയമെടുത്തവർക്കും ഈ പരീക്ഷയ്ക്ക് തയാറാകാം.

### സിഎ ഫൗണ്ടേഷൻ

പ്ലസ്ടു കഴിഞ്ഞവർക്ക് ഐസിഎഐയിൽ രജിസ്റ്റർ ചെയ്ത് സിഎ ഫൗണ്ടേഷൻ പരീക്ഷയ്ക്ക് തയ്യാറെടുക്കാം. പ്ലസ്ടു പാസായ ഒരു കുട്ടിയുടെ അക്കൗണ്ടൻസി പ്രഫഷനോടുള്ള അഭിരുചി മനസിലാക്കുന്നതിനുള്ള ഒരു പരീക്ഷയാണിത്. നാല് ദിവസങ്ങളിലായി നടത്തുന്ന പരീക്ഷകളാണ് ഇതിനുള്ളത്. അക്കൗണ്ടൻസി, നിയമം, ഇക്കണോമിക്സ്, മാത്തമാറ്റിക്സ് എന്നീ നാല് വിഷയങ്ങളിലാണ് പരീക്ഷ നടക്കുന്നത്. ഈ പരീക്ഷയിൽ മൊത്തം 50 ശതമാനവും ഓരോ വിഷയത്തിനും 40 ശതമാനവും മാർക്ക് നേടുന്ന വിദ്യാർത്ഥിക്ക് സിഎയുടെ അടുത്ത സ്റ്റേജ് ആയ സി.എ ഇന്റർ മീഡിയേറ്റിന് അപേക്ഷിക്കാം.

### സിഎ ഇന്റർ മീഡിയേറ്റ്

സിഎയുടെ രണ്ടാം ഘട്ടമാണ് സിഎ ഇന്റർ മീഡിയേറ്റ്. ആറ് പരീക്ഷകളാണ് സിഎ ഇന്റർ മീഡിയേറ്റിനുള്ളത്. അഡ്വാൻസ്ഡ് അക്കൗണ്ടൻസി, നിയമം, ടാക്സേഷൻ, കോസ്റ്റ് ആന്റ് മാനേജ്മെന്റ്, ഓഡിറ്റിങ്, ഫിനാൻഷ്യൽ മാനേജ്മെന്റ് ആന്റ് സ്ട്രാറ്റജിക് മാനേജ്മെന്റ് എന്നീ വിഷയങ്ങളാണ് സിഎ ഇന്റർ മീഡിയേറ്റിനുള്ളത്. ആദ്യ മൂന്ന് വിഷയങ്ങൾ ഒന്നാമത്തെ ഗ്രൂപ്പിലും ബാക്കി മൂന്ന് വിഷയങ്ങൾ രണ്ടാമത്തെ ഗ്രൂപ്പിലുമാണ്. ഓരോ വിഷയത്തിനും 40 ശതമാനവും മൊത്തം 50 ശതമാനവും മാർക്ക് നേടിയാൽ മാത്രമേ സിഎ ഇന്റർ മീഡിയേറ്റ് പാസാവുകയുള്ളൂ.

സിഎ ഇന്റർ മീഡിയേറ്റിന്റെ ഒന്നാമത്തെ ഗ്രൂപ്പോ അതോ രണ്ടു ഗ്രൂപ്പുകളും പാസാകുന്നവർ പ്രാക്ടീസ് ചെയ്യുന്ന ഒരു ചാർട്ടേഡ് അക്കൗണ്ടന്റിന്റെ കൂടെ അടുത്ത മൂന്ന് വർഷം പരിശീലനത്തിനായി ചേരണം. ആർട്ടിക്കിൾഷിപ്പ് എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്.



### സിഎ ഫൈനൽ പരീക്ഷ

ആർട്ടിക്കിൾഷിപ്പ് രണ്ടരവർഷം പൂർത്തിയായാൽ ഫൈനൽ പരീക്ഷയ്ക്ക് അപേക്ഷിക്കാം. ആറ് പേപ്പറുകളാണ് ഫൈനൽ പരീക്ഷയ്ക്കുള്ളത്. ഫിനാൻഷ്യൽ റിപ്പോർട്ടിങ്, അഡ്വാൻസ്ഡ് ഫിനാൻഷ്യൽ മാനേജ്മെന്റ്, അഡ്വാൻസ്ഡ് ഓഡിറ്റിങ്, ഇൻഡയറക്ട് ടാക്സ്, ഡയറക്ട് ടാക്സ്, ഇന്റഗ്രേറ്റഡ് ബിസിനസ് സൊല്യൂഷൻസ് എന്നീ വിഷയങ്ങളാണ് ഫൈനൽ പരീക്ഷയ്ക്ക്. ഓരോ വിഷയത്തിനും 40 ശതമാനം മാർക്കും മൊത്തം 50 ശതമാനവും നേടുന്നവർ വിജയിക്കും.

കോളജുകളിൽ സമയബന്ധിതമായി ഹാജരും, പരീക്ഷകളും നടത്തുന്ന വിവിധ ഡിഗ്രി കോഴ്സുകളിൽ നിന്നും ഏറെ വ്യത്യസ്തമാണ് സിഎ പഠനം. സ്വന്തമായോ മറ്റ് സ്ഥാപനങ്ങളിൽ പോയി പരിശീലനം നടത്തിയോ സിഎ ഫൗണ്ടേഷൻ, സിഎ ഇന്റർ മീഡിയേറ്റ്, ഫൈനൽ പരീക്ഷകൾക്ക് ഒരുങ്ങാം. ധാരാളം ഓൺലൈൻ പരിശീലന കേന്ദ്രങ്ങളുമുണ്ട്. ഒരേ സ്ഥലത്തു തന്നെ പരിശീലനം നടത്തണമെന്നുമില്ല. ഓരോ കോഴ്സിനും, പേപ്പറിനും പറ്റിയ പരിശീലനം നൽകുന്ന വ്യക്തികളെയോ, സ്ഥാപനങ്ങളെയോ കണ്ടെത്തി പരീക്ഷകൾക്ക് ഒരുങ്ങാവുന്നതാണ്. ജോലിയോടും മറ്റ് കോഴ്സുകൾക്ക് ഒപ്പവും ഈ പരീക്ഷകൾക്ക് ഒരുങ്ങുകയും പരീക്ഷകൾ എഴുതുകയും ചെയ്യാം.

പ്ലസ്ടു കഴിഞ്ഞവർക്ക് ഏകദേശം നാലര വർഷവും ഡിഗ്രി കഴിഞ്ഞവർക്ക് മൂന്ന് വർഷവും നീളുന്നതാണ് ഈ കോഴ്സ്. ഈ വർഷങ്ങളിൽ കംപ്യൂട്ടർ, സ്വഭാവ രൂപീകരണം, എന്നീ തലങ്ങളിൽ ഐസിഎഐ നടത്തുന്ന ക്ലാസുകളിൽ പങ്കെടുക്കണം. ആർട്ടിക്കിൾഷിപ്പിന്റെ സമയത്ത് വിവിധ സംരംഭങ്ങളുടെ വരവ് ചിലവ് കണക്കുകൾ പരിശോധിക്കുന്നതിനും അക്കൗണ്ടിങ് മേഖലയിൽ പ്രായോഗിക പരിശീലനം ലഭിക്കുന്നതിനും അവസരമുണ്ട്. ഈ കാലയളവിൽ ഐസിഎഐ നിശ്ചയിച്ച നിരക്കിൽ സ്റ്റൈപന്റിന് വിദ്യാർത്ഥികൾക്ക് അർഹതയുണ്ടായിരിക്കും.

സിഎ ഫൈനൽ പരീക്ഷ പാസായ ഒരാൾക്ക് ഐസിഎഐയുടെ മെമ്പർഷിപ്പിന് അപേക്ഷിക്കാം. അതിനുശേഷം സ്വന്തമായി പ്രാക്ടീസ് ചെയ്യുകയോ, ഇഷ്ടപ്പെട്ട മേഖലകളിൽ ജോലി ചെയ്യുകയോ ചെയ്യാം. സ്വന്തമായി പ്രാക്ടീസ് ചെയ്യുന്നതിന് ഐസിഎഐയിൽ അപേക്ഷിച്ച് സർട്ടിഫിക്കറ്റ് ഓഫ് പ്രാക്ടീസ് കൂടി നേടണം.

### മറ്റു കോഴ്സുകൾ

ചാർട്ടേർഡ് ഫിനാഷ്യൽ അനലിസ്റ്റ് (സിഎഫ്എ) സർട്ടിഫൈഡ് മാനേജ്മെന്റ് അക്കൗണ്ടന്റ് (സിഎംഎ യുഎസ് ആന്റ് സിഎംഎ ഇന്ത്യ) സർട്ടിഫൈഡ് പബ്ലിക് അക്കൗണ്ടന്റ് (സിപിഎയുഎസ്) ചാർട്ടേഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് അക്കൗണ്ടന്റ് (സിഐഎംഎ), കമ്പനി സെക്രട്ടറി തുടങ്ങിയവയാണ് ഫിനാൻസ് അക്കൗണ്ടിങ് മേഖലയിൽ ജോലി സാധ്യതയുള്ള മറ്റു കോഴ്സുകൾ. ഈ കോഴ്സുകൾ ചെയ്യുന്നവർക്കും രജിസ്ട്രേഡ് ചാർട്ടേഡ് അക്കൗണ്ടന്റ് ആയി സേവനം ചെയ്യാൻ പറ്റില്ല. സിഎ, എസിസിഎ എന്നീ കോഴ്സുകളെ അപേക്ഷിച്ച് കുറച്ചു കൂടി ബുദ്ധിമുട്ടുള്ളതാണ് ഈ കോഴ്സുകൾ എങ്കിലും ഫിനാൻഷ്യൽ മേഖലയിൽ, ഫിനാൻഷ്യൽ അനലിസ്റ്റുകൾ, ഓഫീസേഴ്സ് തുടങ്ങിയ തസ്തികകളിൽ ഏറെ ജോലി സാധ്യതയുണ്ട്.

ഇൻവെസ്റ്റ്മെന്റ് ആന്റ് സെക്യൂരിറ്റീസ്, ഇ-ബിസിനസ് ആന്റ് ഇ-കൊമേഴ്സ്, ഡിജിറ്റൽ മാർക്കറ്റിങ്, ഫിനാൻഷ്യൽ പ്ലാനിങ്, സ്റ്റോക്ക് മാർക്കറ്റ് ആന്റ് ഇക്വിറ്റി റിസേർച്ച്, ലൊജിസ്റ്റിക്ക് ആന്റ് ഷിപ്പിങ്, ട്രാവൽ ആൻറ് ടൂറിസം, വെൽത്ത് മാനേജ്മെന്റ്, മാർക്കറ്റ് റിസേർച്ച്, ടാക്സ് പ്ലാനിങ് ആന്റ് മാനേജ്മെന്റ്, ഗ്ലോബൽ ട്രേഡ്, എക്സ്പേർട്ട് ആന്റ് ഇൻപോർട്ട് മാനേജ്മെന്റ്, റിയൽ എസ്റ്റേറ്റ് കൺസൾട്ടൻസി തുടങ്ങിയ മേഖലകളിലും അക്കൗണ്ടിങ് കോഴ്സുകൾ പാസായവർക്ക് നിരവധി അവസരങ്ങളുണ്ട്.

## അസോസിയേഷൻ ഓഫ് ചാർട്ടേഡ് സർട്ടിഫിക്കറ്റ് അക്കൗണ്ട് (ACCA)



ഇന്ത്യയിൽ രജിസ്റ്റേർഡ് ചാർട്ടേഡ് അക്കൗണ്ടന്റ് ആയി ജോലി ചെയ്യുന്നതിന് അനുവാദമില്ലെങ്കിലും ഫിനാൻസ് ആന്റ് അക്കൗണ്ടിങ് മേഖലകളിൽ ഏറെ ജോലി സാധ്യതയുള്ള മറ്റൊരു ചാർട്ടേഡ് അക്കൗണ്ട് ക്വാളിഫിക്കേഷൻ ആണ് എസിസിഎ അഥവാ അസോസിയേഷൻ ഓഫ് ചാർട്ടേഡ് സർട്ടിഫിക്കറ്റ് അക്കൗണ്ട്. കൂടുതലായി മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലും ഒപ്പം മറ്റ് വിദേശരാജ്യങ്ങളിലും അംഗീകരിക്കപ്പെട്ട ഇന്റർനാഷണൽ കോഴ്സ് എന്ന പ്രത്യേകത എസിസിഎയ്ക്കുണ്ട്. അതുകൊണ്ട് തന്നെ അക്കൗണ്ടിങ് മേഖലയിൽ ഇന്ത്യയിലും വിദേശത്തും ജോലിക്ക് ശ്രമിക്കുന്നവർ എസിസിഎയ്ക്ക് മുൻഗണന നൽകുന്നു.

സിഎയെ അപേക്ഷിച്ച് എസിസിഎ കൂടുതൽ ഫ്ളക്സിബിൾ ആയ കോഴ്സാണ്. കാരണം ഇതിലെ പേപ്പറുകൾ ഓരോ പേപ്പറുകൾ ആയിപ്പോലും എഴുതി എടുക്കാം. എന്നാൽ സിഎയിൽ ഒരു സെറ്റ് പേപ്പറുകൾ ഒരു സമയത്ത് എഴുതണം.

മൊത്തം പതിമൂന്ന് പേപ്പറുകളാണ് എസിസിഎയിൽ എഴുതി എടുക്കാനുള്ളത്. ഇതിലെ ആദ്യത്തെ മൂന്ന് പേപ്പറുകൾ ബേസിക്ക് നോളജ് ലെവൽ പേപ്പറുകളും തുടർന്നുള്ള ആറ് എണ്ണം സ്കിൽ മോഡ്യൂൾ പേപ്പറുകളുമാണ്. ബാക്കി നാലിൽ രണ്ടെണ്ണം കമ്പൽസറി പ്രൊഫഷണൽ പേപ്പറും രണ്ടെണ്ണം ഓപ്ഷണൽ പേപ്പറുകളും ആണ്. ആദ്യ നാല് പേപ്പറുകൾ ഡിമാന്റ് പേപ്പറുകളായും അറിയപ്പെടുന്നു. എന്നുവെച്ചാൽ ഈ പേപ്പറുകൾക്ക് ഒരുങ്ങികഴിഞ്ഞാൽ സൗകര്യം പോലെ ഒന്നിച്ചോ, ഓരോന്നോ എപ്പോൾ വേണമെങ്കിലും എഴുതാം.

# പ്രേഷിതം 2K24: കൂരാച്ചുണ്ട് മേഖല ഒന്നാമത്




പ്രേഷിതം 2K24 രൂപതാ കലോത്സവത്തിൽ ഒന്നാം സ്ഥാനം നേടിയ കൂരാച്ചുണ്ട് മേഖലാ ടീമിന് തിരുവമ്പാടി അൽഫോൻസ കോളജ് അഡ്മിനിസ്ട്രേറ്റർ ഫാ. മനോജ് കൊല്ലംപറമ്പിൽ ട്രോഫി സമ്മാനിക്കുന്നു

**തിരുവമ്പാടി ●** ചെറുപുഷ്പ മിഷൻലീഗ് തിരുവമ്പാടി അൽഫോൻസ കോളജിൽ സംഘടിപ്പിച്ച പ്രേഷിതം 2K24 രൂപതാ കലോത്സവത്തിൽ കൂരാച്ചുണ്ട് മേഖല ഒന്നാം സ്ഥാനം നേടി. തിരുവമ്പാടി, പാറോപ്പടി മേഖലകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. വിജയികൾക്ക് അൽഫോൻസ കോളജ് അഡ്മിനിസ്ട്രേറ്റർ ഫാ. മനോജ് കൊല്ലംപറമ്പിൽ ട്രോഫികൾ വിതരണം ചെയ്തു.

രൂപതാ കലോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റു നേടി കൂരാച്ചുണ്ട് ഇടവക ഒന്നാം സ്ഥാനം കരസ്ഥമാക്കി. മരിയാപുരം, കൂടരഞ്ഞി ഇടവകകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. 2023-24 പ്രവർത്തന വർഷത്തെ മികച്ച മേഖലയായി (എ പ്ലസോടെ ഗോൾഡൻ സ്റ്റാർ) പെരിന്തൽമണ്ണ തെരഞ്ഞെടുക്കപ്പെട്ടു. സിൽവർ സ്റ്റാറായി തിരുവമ്പാടി മേഖലയും മിഷൻ സ്റ്റാറായി കോടഞ്ചേരി മേഖലയും തെരഞ്ഞെടുക്കപ്പെട്ടു. മികച്ച ശാഖയ്ക്കുള്ള ഗോൾഡൻ സ്റ്റാർ പുരസ്ക്കാരം കട്ടിപ്പാറ സ്വന്തമാക്കി. സിൽവർ സ്റ്റാറായി മാലാപറമ്പ് ശാഖയും മിഷൻ സ്റ്റാറായി മരിയാപുരം ശാഖയും തെരഞ്ഞെടുക്കപ്പെട്ടു.

2023-24 പ്രവർത്തന വർഷത്തിൽ എ പ്ലസ് ഗ്രേഡ് നേടിയ ശാഖകൾ: കൂരാച്ചുണ്ട്, ഈങ്ങാപ്പുഴ, കോടഞ്ചേരി, കല്ലാനോട്, വലിയകൊല്ലി, തിരുവമ്പാടി, കണ്ണോത്ത്, കരുവാരകുണ്ട്, ചക്കിട്ടപാറ.



ബഥാനിയായിൽ നടന്ന അഖണ്ഡ ജപമാല സമർപ്പണ സമാപനത്തിൽ നിന്ന്

# ബഥാനിയായിൽ അഖണ്ഡ ജപമാല സമർപ്പണം സമാപിച്ചു

**പുല്ലൂരാംപാറ ●** താമരശ്ശേരി രൂപതയുടെ ആത്മീയ നവീകരണ കേന്ദ്രമായ ബഥാനിയായിൽ 101 ദിനരാത്രങ്ങളിലായി നടന്ന അഖണ്ഡ ജപമാല സമർപ്പണത്തിന് സമാപനമായി. ജപമാല മന്ത്രങ്ങളാൽ മുഖരിതമായ ബഥാനിയായിൽ നിരവധി വിശ്വാസികളാണ് അഖണ്ഡ ജപമാല സമർപ്പണത്തിൽ ഇത്തവണയും പങ്കാളികളായത്. കുടുംബങ്ങളുടെ വിശുദ്ധീകരണവും ലോകസമാധാനവുമായിരുന്നു പ്രത്യേക നിയോഗം.

അഖണ്ഡ ജപമാല സമർപ്പണത്തിന്റെ നൂറാം ദിനം വൈകുന്നേരം 06.30-ന് കത്തിച്ച മെഴുകുതിരികളുമായി ആയിരങ്ങൾ അണിനിരന്ന ജപമാല റാലിക്ക് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നേതൃത്വം നൽകി. തുടർന്ന് നടന്ന വിശുദ്ധ കുർബാനയിൽ പുല്ലൂരാംപാറ വികാരി ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ മുഖ്യകാർമികത്വം വഹിച്ചു.

സമാപന ദിവസം നടന്ന ആഘോഷമായ ദിവ്യബലിയിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമികത്വം വഹിച്ചു. കുടുംബങ്ങൾ സുവിശേഷ പ്രഘോഷണ വേദികളാണെന്നും ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ പ്രേഷിത പ്രവർത്തനം കുടുംബ വിശുദ്ധീകരണമാണെന്നും വചന സന്ദേശത്തിൽ ബിഷപ് പറഞ്ഞു. ലോകമെങ്ങും സംഘർഷങ്ങളും യുദ്ധങ്ങളും വർധിച്ചുവരുന്ന സാഹചര്യത്തിൽ ലോകസമാധാനത്തിനായി ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ ബിഷപ് ആഹ്വാനം ചെയ്തു.

ദിവ്യകാരുണ്യ ആരാധനയും ദിവ്യകാരുണ്യ പ്രദക്ഷിണവുമുമുണ്ടായിരുന്നു. ബഥാനിയ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുളിക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് കരിന്തോളിൽ എന്നിവർ നേതൃത്വം നൽകി.








# കണ്ണോത്ത് സെന്റ് മേരീസ് ദേവാലയത്തിൽ

## പരിശുദ്ധ അമലോത്ഭവ മാതാവിന്റെയും വിശുദ്ധ സെബസ്ത്യാനോസിന്റെയും

# തിരുനാൾ മഹോത്സവം

## 2024 ഡിസംബർ 1 ഞായർ മുതൽ ഡിസംബർ 8 ഞായർ വരെ



ഫാ. അഗസ്റ്റിൻ ആലുങ്കൽ

മലബാറിലെ പ്രസിദ്ധ മരിയൻ തീർത്ഥാടന കേന്ദ്രമായ കണ്ണോത്ത് സെന്റ് മേരീസ് ദേവാലയത്തിൽ ഇടവക മധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ സെബസ്ത്യാനോസിന്റെയും സംയുക്ത തിരുനാൾ 2024 ഡിസംബർ ഒന്ന് ഞായർ മുതൽ ഡിസംബർ എട്ട് ഞായർ വരെ ഭക്ത്യാദരപൂർവ്വം കൊണ്ടാടുന്നു.

1942-ൽ കണ്ണോത്ത് പ്രദേശത്തേയ്ക്ക് കുടിയേറിയ പൂർവ്വികർ 1947-ൽ പരിശുദ്ധ മാതാവിന്റെ നാമത്തിൽ കണ്ണോത്ത് ഇടവക ദേവാലയം ആരംഭിച്ചു. അന്നു മുതൽ ഇന്നുവരെ പരിശുദ്ധ അമ്മയുടെ സവിശേഷമായ അനുഗ്രഹങ്ങൾ പ്രാപിക്കാൻ ഭാഗ്യം ലഭിച്ചവരാണ് ഇവിടെയുള്ള നാനാജാതി മതസ്ഥരായ ആളുകൾ. ആദ്യകാലങ്ങളിൽ അനുഭവപ്പെട്ട പകർച്ചവ്യാധികളുടെയും, ദാരിദ്രത്തിന്റെയും, കഷ്ടപ്പാടുകളുടെയും നടുവിലും വിശ്വാസ സമൂഹത്തെ പടുത്തുയർത്താൻ അക്ഷീണം പ്രയത്നിച്ച എല്ലാ ആത്മീയ പിതാക്കന്മാരെയും പൂർവ്വീകരെയും ഈ തിരുനാൾ ദിനങ്ങളിൽ ഇടവക സമൂഹം കൃതജ്ഞതയോടെ ഓർക്കുന്നു.

ഇന്ന് എഴുനൂറോളം കുടുംബങ്ങളുള്ള ഈ ഇടവകയിൽ ആത്മീകവും ഭൗതികവുമായ ഒത്തിരിയേറെ പുരോഗതി പ്രാപിക്കാൻ സാധിച്ചിട്ടുണ്ട്. എല്ലാ മാസവും ഏട്ടാം തീയതി ആഘോഷിക്കുന്ന 'കണ്ണോത്തമ്മ' ദിനത്തിൽ ഒത്തിരിയേറെ ആളുകൾ പങ്കെടുക്കുകയും അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യുന്നു. ഈ വർഷവും ആഘോഷപൂർവ്വം കൊണ്ടാടുന്ന ഇടവക തിരുനാളിൽ പങ്കെടുത്ത് പരിശുദ്ധ കണ്ണോത്തമ്മയുടെ അനുഗ്രഹം പ്രാപിക്കാൻ എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഡിസംബർ 6,7,8 തീയതികളിൽ കഴുന്ന് എടുക്കുന്നതിനും, അടിമ വയ്ക്കുന്നതിനും, നേർച്ചകാഴ്ച്ചകൾ സമർപ്പിക്കുന്നതിനും സൗകര്യം ഉണ്ടായിരിക്കും.**

## തിരുനാൾ പരിപാടികൾ

### 01-12-2022 ഞായർ

8.00 am : വി.കുർബാന,
4.15 pm : തിരുനാൾ കൊടിയേറ്റ്
**റവ.ഫാ. അഗസ്റ്റിൻ ആലുങ്കൽ** (വികാരി, കണ്ണോത്ത്)
4.30 pm : വി.കുർബാന, നൊവേന
**റവ ഫാ. നിധിൻ കരിന്തോളിൽ**
(അസി. ഡയറക്ടർ ബഥാനിയ ധ്യാനകേന്ദ്രം)
: സെമിത്തേരി സന്ദർശനം

### 02-12-2022 തിങ്കൾ (കുട്ടികളുടെ ദിനം)

6.30 am : വിശുദ്ധ കുർബാന
4.30 pm : വി. കുർബാന, നൊവേന
**റവ.ഫാ. വിൻസെന്റ് ഏഴാനിക്കാട്ട്**
(വികാരി, കാക്കവയൽ)

### 03-12-2022 ചൊവ്വ (യുവജനദിനം)

6.30 am : വിശുദ്ധ കുർബാന
4.30 pm : വി. കുർബാന, നൊവേന
**റവ.ഫാ. ജോർജ് കളത്തൂർ** (വികാരി, പുതുപ്പാടി)

### 04-12-2022 ബുധൻ (ദമ്പതീദിനം)

6.30 am : വിശുദ്ധ കുർബാന
4.30 pm : വി. കുർബാന, നൊവേന
**റവ.ഫാ. കുര്യാക്കോസ് മുഖാലയിൽ**
(ഫിനാൻസ് ഓഫീസർ, താമരശ്ശേരി രൂപത)

### 05-12-2022 വ്യാഴം (വയോജനദിനം)

6.30 am : വിശുദ്ധ കുർബാന
4.30 pm : വി. കുർബാന, നൊവേന
**റവ.ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ**
(ഡയറക്ടർ, കെ.സി.വൈ.എം താമരശ്ശേരി രൂപത)

### 06-12-2022 വെള്ളി

6.30 am : വിശുദ്ധ കുർബാന
7.15 am : തിരുസ്വരൂപ പ്രതിഷ്ഠ
4.30 pm : ആഘോഷമായ വി. കുർബാന
**റവ.ഫാ. മനോജ് കൊല്ലംപറമ്പിൽ**
(അഡ്മിനിസ്ട്രേറ്റർ, അൽഫോൻസ കോളജ് തിരുവമ്പാടി)
6.00 pm : പ്രദക്ഷിണം (കളപ്പുറം കുരിശുപള്ളിയിലേക്ക്)
: ലദീഞ്ഞ്, വചനസന്ദേശം
**റവ.ഫാ. റോണി പോൾ കാവിൽ** (വികാരി, മാങ്കാവ്)

### 07-12-2022 ശനി

6.30 am : വിശുദ്ധ കുർബാന
4.30 pm : ആഘോഷമായ തിരുനാൾ കുർബാന, പ്രസംഗം
**റവ.ഫാ. ജിയോ പുതുശ്ശേരിപുത്തൻപുര**
(വികാരി, വലിയകൊല്ലി)
6.30 pm : ലദീഞ്ഞ്, പ്രദക്ഷിണം (ടൗൺ പന്തലിലേക്ക്)
8.00 pm : വാദ്യമേളം
8.30 pm : ആകാശ വിസ്മയം

### 08-12-2022 ഞായർ

6.30 am : വിശുദ്ധ കുർബാന
10.00 am : ആഘോഷമായ തിരുനാൾ കുർബാന, പ്രസംഗം
**മോൺ. അബ്രഹാം വയലിൽ**
(വികാരി ജനറൽ, താമരശ്ശേരി രൂപത)
12.00 pm : ലദീഞ്ഞ്, പ്രദക്ഷിണം
12.30 pm : സമാപനാശീർവാദം
1.00 pm : സ്നേഹവിരുന്ന്
7.00 pm : കോഴിക്കോട് രംഗഭാഷയുടെ സാമൂഹിക നാടകം
**മിഠായി തെരുവ്**

KCM LIGHT & SOUNDS
ENGAPUZHA, PUTHUPADI
9447275961, 9544024686
ലൈറ്റ്, സൗണ്ട്, ഇല്യൂമിനേഷൻ, ലൈറ്റ് ഷോ, സ്റ്റേജ് ലൈറ്റ്, പന്തൽ വർക്കുകൾ,മേശ, കസേര, ചെമ്പ്, പാത്രങ്ങൾ, സ്റ്റേജ്, ജനറേറ്റർ

Mist Hills HOSPITAL
MIST HILLS Hospital
Makham building,
ENGAPUZHA
PH: 6282444129, 089944129

ELECTRIC WORLD
ELECTRICALS & PLUMBING
KUNNUMPURAM BUILDING WAYANAD ROAD
ENGAPUZHA
PH:8157 003 742, 9645 741 494

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
തേൻ സംസ്കരണ വിപണന കേന്ദ്രം
കണ്ണോത്ത് -7510 106 610
തുഷാരഗിരിയുടെ മലനിരകളിൽ നിന്നും ലഭിക്കുന്ന പരിശുദ്ധമായ തേനും തേൻ ഉൽപന്നങ്ങളും

Aash MEDICALS
Mariyan Complex, KANNOTH, Ph: 9946513651
WORKING TIME 9AM - 9PM
ഇംഗ്ലീഷ്,ആയുർവേദ, വെറ്റിനറി മരുന്നുകൾക്ക്

FLORA INTERLOCKS & HOLOBRICKS
KANNOTH- 9846 760 573

തിരുനാൾ ആശംസകൾ



സെന്റ് ആന്റണീസ് ഹൈസ്കൂൾ, കണ്ണോത്ത്

AK SONS INDUSTRIAL
KODENCHERY
GRILL, GATE, SHUTTER, ROOFING SHEET WORK, HAND RAIL, STARCASE, LED SIGNBORD
PH: 7510237402, 8848240076, 9656760626

Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Roni Paul Kavil